പുസ്തകം ൪. ലക്കം ൩, ൪.

# സഹൃദയ

സരസകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ

## ചില പദ്യക്കുറിപ്പുകൾ

---

Ms. 949

ജി. കൃഷ്ണപിള്ള.

അടുത്ത കാലത്തു് അന്തരിച്ചുപോയ ഒരു ഭാഷാപണ്ഡിതനായിരുന്ന മടവൂർ സി. നാരായണപിള്ള അവർകളും സരസകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ അവർകളും തമ്മിൽ ആദ്യന്തം അത്യന്തം സ്നേഹിതന്മാരായിരുന്നു. ഈ രണ്ടു ഭാഷാഭിമാനികളും മലയാളമനോരമയുടെ സാഹിത്യവ്യവസായകാലത്തു്, ആ പത്രത്തിൽ വിവിധവിഷയങ്ങളെപ്പററി പദ്യരൂപത്തിൽ എഴുതുക പതിവായിരുന്നു. രണ്ടുപേരും, കൂടെക്കൂടെ സ്വകാര്യക്കത്തുകൾ പോലും പദ്യത്തിലായിരുന്നു അന്യോന്യം അയച്ചു വന്നിരുന്നതു്. അവയിൽ തമ്പുരാനവർകൾ അയച്ചു കൊടുത്തിട്ടുള്ള കത്തുകളിലെ ചില പദ്യങ്ങളെയാണു്, ഈ ലേഖനത്തിൽ വിവരിക്കണമെന്നു വിചാരിക്കുന്നതു്.

ഒരിക്കൽ കാര്യാന്തരവ്യഗ്രത നിമിത്തം രണ്ടുപേരും അങ്ങോട്ടുമിങ്ങോട്ടും എഴുത്തുകൾ അയയ്ക്കാൻ ഇടയായില്ല. ആ അവസരത്തിൽ നാരായണപിള്ള അവർകൾ ഒരു എഴുത്തയച്ചു. അതിനു മറുപടിയായി തമ്പുരാൻ പന്ത്രണ്ടോളം ശ്ലോകങ്ങൾ അടങ്ങിയ ഒരു കുറിപ്പു് അയച്ചുകൊടുത്തു. അതിൽ നിന്നും രണ്ടു ശ്ലോകം താഴെ ചേർക്കുന്നു.

“പൂന്തേനോലുന്നപടിയുള്ളൊരു സുമധുര–
മൊലി–
യ്യുന്ന പദ്യപ്രപഞ്ചം
സ്വാന്തേ തിക്കിത്തിരക്കിത്തടവിവിട്ടുമെഴു
ത്തീയിടെത്താങ്കളും മേ,
എന്തേകാട്ടാൻ നിമിത്തം മമതകുറകയാ
വില്ലതോ സിദ്ധമെന്നാ
ലെന്തേവം തുല്യമാകും കുറവിലിവനിലീ
വീഴ്ചയൊന്നേറെയുന്നാൻ.”

മുൻപേ മാസത്തിലോരോകുറിയിരുവരുമാ
പ്പദ്യപത്രപ്രദാനം
വൻപേറും വേഴ്ചയോടും പകരുക പതിവ
ല്ല ല്ലിഹൈകല്യബുദ്ധേ!,
എൻപേരിൽച്ചൊന്നകുററം തവതല-
യിലുമു
ണ്ടായതോക്കാതെ താനേ
മുൻപേ ചാടിപ്പറഞ്ഞാൽ മറുപടി-
തിരിയെ
ക്കുത്തുമെന്നോക്കുമല്ലോ.

ഒരിക്കൽ രണ്ടു പണ്ഡിതന്മാരും നാലഞ്ചു മാസത്തേക്കു് പരസ്പരം കുറിമാനങ്ങൾ അയയ്ക്കുക ഉണ്ടായില്ല. ആ മൗനവ്രതത്തെ തമ്പുരാൻ ഒരു എഴുത്തുമൂലം ഭഞ്ജിച്ചു. അതിലെ ഒരു പദ്യം നോക്കുക.

"ഒട്ടേറെക്കാലമായിട്ടൊരു കുറി, കുറിമാ
നങ്ങളും നമ്മൾ തമ്മിൽ
പ്പിട്ടേറെക്കൂടിടാത്താ പ്രണയജലനിധേ!
ശുദ്ധമേ നാസ്തിയായി.
പോട്ടേ പോയോരു കാര്യം പറയുകിലി-
നിയെ
ന്തുള്ളസാദ്ധ്യം നമുക്കി
മട്ടേതും മേലിൽ നന്നല്ലിടയിടയിലെഴു
ത്തേകണം വേണ്ടുവോളം."

പിന്നീടൊരിക്കൽ തമ്പുരാൻ ഒരെഴുത്തിനു മറുപടിയായി ഏഴെട്ടു പദ്യങ്ങൾ അടങ്ങിയ ഒരു ലേഖനം അയച്ചുകൊടുത്തു. അതിലെ ശ്ലോകങ്ങൾ അവ്യക്തമായവിധം പെൻസിൽകൊണ്ടു് ഓടിച്ചാണെഴുതിയിരിക്കുന്നതു്. അതിലേക്കു് ഒരു സമാധാനമെന്നവണ്ണം ചേത്തുകാണുന്ന ഒടുവിലത്തെ ശ്ലോകം ഇതാണു്.

"ഇടയില്ലായ്ക നിമിത്തം
പിടിപിടിയെന്നായു് വരച്ചു വല്ലവിധം
ഇടയിൽ തെററുകൾ കണ്ടാൽ
ഇടയരുതെന്നും പറഞ്ഞു നിത്തുന്നു.

നാരായണപിള്ള അവർകൾ തമ്പുരാന്റെ പേക്കു് ഒരിക്കൽ ഒരു എഴുത്തയച്ചു. അതിലേക്കു കുറേ ദിവസങ്ങൾ കഴിഞ്ഞശേഷമാണു് തമ്പുരാൻ മറുപടി അയച്ചതു്. വിസ്തരഭയത്താൽ അതിൽ നിന്നു മൂന്നു ശ്ലോകം മാത്രം ഉദ്ധരിക്കുന്നു.

'അനവധി ദിനമായു് ഭവാനെനിക്കാ
യനുപമ മൈത്രിയൊടേകിയിട്ട പത്രം,
ഇനിയുമതിനൊരുത്തരം തരാഞ്ഞാൽ
ഘനമമതയ്ക്കു കുറെക്കുറച്ചിലാകും."

"എന്നൊന്നുകൊണ്ടതിവിഷാദവിഷാ-
ത്തനായീ-
ട്ടന്നെന്നിരിക്കിലുമിതാ ബത തുവലേന്തി,
മിന്നുന്ന ചിന്തയുടെയുള്ളിലിതും നടക്കു-
മെന്നിന്നു കണ്ടെഴുതിടുന്നിതു വത്ത-
മാനം."

"മുൻപേ വിഷാദമിവനുള്ളതു ചൊല്ലിവച്ചു
പിൻപേ കുറിപ്പനിഹ വേണ്ടൊരു കാര്യ-
മെല്ലാം,
വൻപേറിടുന്നൊരു ഭവാനതുകണ്ടു-
വെന്നാ-
ലെൻപേരിലുള്ള കുറവൊക്കെയൊഴിക്കു-
മല്ലോ"

ഒരിക്കൽ നാണുആശാൻ (ഈ പേരിനാണു് ഇന്നും സ്വദേശത്തു കൂടുതൽ പ്രചാരം) തമ്പുരാന്റെ പേക്കു് ഒരെഴുത്തയച്ചതു കാർഡിലായിരുന്നു. അതു തിരുമനസ്സിലേക്കു് ഒട്ടും ഇഷ്ടമായില്ല. അടുത്ത മറുപടിയിൽ അതിനെപ്പററി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

"കാർഡിൽ കത്തെഴുതുന്ന കാര്യമധികം
ബോധിച്ചതില്ലെന്നതും
കാട്ടിത്തന്നിട്ടവൻ കുറിച്ചു വെളിവിൽ
ക്രൂരോടതും കേൾക്കെടൊ,
കൂട്ടം കൂട്ടമതായ് വരുംകൃതികളെ
പ്പോകാതെ സൂക്ഷിക്കുവാൻ
കൂട്ടിച്ചേർത്തിട്ടുമൊട്ടുബുക്കിലിതിനെ
പ്പററിക്കുവാൻ ദുർഘടം."

തിരുമനസ്സുകൊണ്ടു് രാപകൽ മുഷി ഞ്ഞു മഹാഭാരതം തർജ്ജമ ചെയ്തു കൊണ്ടിരിക്കുന്ന അവസരത്തിൽ ആശാന്റെ പേക്കു് അയച്ചുകൊടുത്തിട്ടുള്ള ഒരു കത്തിലെ രണ്ടു പദ്യങ്ങൾ ഉദ്ധരിക്കാം.

"പാരം പാത്താൽ പിടിപ്പാൻ പരമ-
വിഷമമാം
ഭാരതം ഭാഷയാക്കാ-
നാരംഭിച്ചാത്തമോഹം മുഹുരപിമതിരു
ന്നോരു മൂർഛപ്പുകൊണ്ടും,
നേരം പോക്കായ് ഭവാന്മാക്കിടയിടെ-
യെഴുതി
ക്കൂട്ടിവിട്ടീടുവനായ്
നേരംപോരാതെയായ് വന്നിതുമമ മടിയാം
പുത്രിതൻ ധൂർത്തുകൊണ്ടും."
എന്നാലും തവ കത്തു കണ്ടളവിതി
ന്നോത്തുത്തരം നൽകയി-
ല്ലെന്നാലുത്തമസൗഹൃദത്തിനു ചെടി
പ്പുണ്ടാകുമെന്നോക്കയാൽ
എന്നാലായതുപോലെ തുവലുമയ
ക്കീട്ടുന്ന പദ്യങ്ങളാ-
യെന്നാലായതുനോക്കു"കുള്ളമുതൽകൊ
ണ്ടോണം" ഭവാനായ് വരും."

ഒരവസരത്തിൽ ചിത്രമെഴുത്തു കോയിത്തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ അറിയിച്ചു്, ഒരു കാര്യം സാധിപ്പിച്ചുകൊടുക്കണമെന്നു കാണിച്ചു് നാണു ആശാന്റെ പേക്കു് അദ്ദേഹം ഒരു എഴുത്തയച്ചു. ആ സംഗതിയെപ്പററി വീണ്ടും അയച്ച ഒരുകുറിപ്പിൽ ഇങ്ങനെ കാണുന്നു.

"ചിത്രലേഖക നൃപാലമൗലിമണിതത്ര
വന്നിട്ടുകിലപ്പൊഴെൻ
മിത്രമേ വിവരമായപേക്ഷകൾ വിചിത്ര
മാതിരിയുണർത്തുവാൻ,
അത്രയൊന്നു മുരചെയ്തിടേണ്ട കൃതിസത്ര
ദീക്ഷിത ഭവാനൊടെ
ന്നത്രമാത്രമിനിയും പറഞ്ഞതതിമാത്ര
മിന്നു പുനരുക്തിയാം."

*"കൊട്ടാരം ജ്യോത്സ്യ! ഭവാൻ
മുട്ടാതെ നരേശപരന്റെ തിരുമുമ്പിൽ
പെട്ടാൽ സമയം നോക്കി-
ത്തട്ടാൻ നോക്കേണമെന്റെയതിമോഹം"

"വേണീ സംഹാരം" നാടകത്തിന്റെ കത്താവായ കിളിമാന്നൂർ 'രാമവമ്മ' കോയിത്തമ്പുരാനു് സുഖമില്ലാതെ രോഗശയ്യയെ അവലംബിച്ചിരുന്ന അവസരത്തിൽ നാരായണപിള്ള അവർകൾക്കു കിട്ടിയ ഒരു മറുപടിക്കത്തിൽ ഇങ്ങനെ കാണുന്നു.

" രാമവമ്മ' നൃപനെന്തുമാത്രമാ-
ണാമയം വിവരമായുരയ്ക്കുടോ,
ക്ഷാമഭാവമുയരുന്നിതുള്ളിലാ
പ്രേമപാത്രമതിനാർത്തി വാർത്തയാൽ."
"ഇക്കത്തെത്തിയവാറേ
തക്കത്തൊടുരാമവമ്മനൃപനികടേ
തക്കത്തിനിടകൊടുക്കാ-
തൊക്കെത്താൻ പറയുകവേറ്റവിവരങ്ങൾ"

രാമവമ്മതമ്പുരാൻ അധികം താമസിയാതെ ദിവംഗതനായി. വിവരം കത്തുമൂലം ആശാൻ കുഞ്ഞിക്കുട്ടൻതമ്പുരാനെ അറിയിച്ചു. ഈദുഃഖവത്തമാനം അദ്ദേഹത്തിനു അതിയായ സങ്കടത്തിനു കാരണമായിത്തീന്നു. പിന്നീടു് അയച്ച മറുപടി ശ്ലോകങ്ങളിൽ നിന്നും അവിടത്തെ വിചാ

* മടവൂർ സി. നാരായണപിള്ള അവർകൾ മരിക്കുന്നതുവരെ കിളിമാന്നൂർ കൊട്ടാരത്തിലെ ജ്യോത്സ്യനും കൂടിയായിരുന്നു. അതിലേക്കു ചില പ്രത്യേക പതിവുകളും അദ്ദേഹത്തിനുണ്ടായിരുന്നു.

# 'ആരാദ്ധ്യരായീടുവിൻ.'

(കോടിയേഴം ഭാർഗ്ഗവിയമ്മ, തകഴി)

മഞ്ജരി

ചാരുശ്രീ ലാളിത സ്വാതന്ത്ര്യസൗരഭം
പാരിടമെങ്ങും പരന്നിടുമ്പോൾ
ദേവിസരോജിനി തന്നുടെ സേവന-
പാവനകീർത്തി വിളങ്ങിടുമ്പോൾ,
ആനന്ദ ശീതള സൗഹാർദ്ദരശ്മിക-
ളാകാമ്രകാന്തി ചൊരിഞ്ഞിടുമ്പോൾ
ആമയഹാരിയായ് സത്യസമത്വത്തിൻ
സാമഗഗാനം മുഴങ്ങിടുമ്പോൾ
ബന്ധുരസംസ്കാര ധന്യരാം നാരിമാ-
രന്ധവിശ്വാസ ദുർഗ്ഗങ്ങളെല്ലാം
ജൃംഭിതപൗരുഷം ഭേദിച്ചു വൈജയ-
സ്തംഭങ്ങളെങ്ങുമേ നാട്ടിടുമ്പോൾ
ശാന്തിപൊഴിച്ചുകൊണ്ടദ്ധ്വജമൂർദ്ധാവിൽ
കാന്ത്യാ ലസിക്കുന്ന പൊൻപതാക
നാലുവശത്തേയ്ക്കും മാടിവിളിക്കുന്നു
ലോലാംശുക ലേഖാപാണികളാൽ
ആത്മാവബോധമാന്നാരാഞ്ഞു നേക്കുവി-
നാദർശയോഗ്യമാം ധീരധർമ്മം

*　*　*　*

ഭൂതകാലത്തിന്റെയന്ധകാരത്തിലും
ചൈതന്യ ചൈത്രപ്രദീപ്തി ചിന്നി
ആകല്പജീവിതമാളുന്ന ഭാരത
സ്ത്രീകല്പവല്ലികളെത്രയെത്ര
സർവാഭിവൃദ്ധിതൻ സാക്ഷാൽകാരത്തിനു
നിർവാദം ഹേതുവാം മാനിനിമാർ
ഭാരതമാതാവിൻ നിസ്സീമവാത്സല്യ
ശ്രീ രഞ്ജിച്ചീടുന്ന ഭാമിനിമാർ
നാമെല്ലാം കേവലം ബാലിശചിന്തയി-
ലാമഗ്നരാകുന്നതെന്തയോഗ്യം!
ഭവ്യസംസ്കാരമാം ദിവ്യസമ്പത്തുനാം
നവ്യതയാൻ സമാർജ്ജിക്കുവിൻ.
ആദശ് ദീപ്തിപുലർത്തിയിജ്ജീവിതം
ആനയിച്ചാ"രാദ്ധ്യരായീടുവിൻ"!!

---

രഗതി നമുക്ക് ഊഹിക്കാവുന്നതാകുന്നു.

"സുഖദുഃഖങ്ങൾ കീഴ് മേലായ്
സകലർക്കും വരും വിധം
സംസാരചക്രം ചുററിക്കും
കംസാരിക്കയ്യിനെത്തൊഴാം"
"കേമനാം കിളിമാന്നൂരു
രാമവർമ്മ കവീശ്വരൻ
നാമശേഷനതായെന്നു
നാമറിഞ്ഞിതു സങ്കടം"
"കഷ്ടം കേരള ഭാഷയ്ക്കീ
നഷ്ടം വന്നതു ദുർഘടം
ഇഷ്ടന്മാരുടെ നാശത്തിൽ
ശിഷ്ടംപേക്കഴലേ ഗതി"
"പുതുവൃത്താന്തമായ് കാണാ-
മിതുപോലൊരു നാളിനി
ചതുരൻ ചിത്രഗുപ്തൻചെ-
യ്‌വതു നമ്മുടെ നേരെയും"
"ജനിച്ചാൽ പിന്നെ മരണം
തനിച്ചാണതു നിശ്ചയം
മുനിച്ഛ്രായയിലുള്ളോർക്കു-
മനിച്ഛ്രാ മൃതിമാററുവാൻ"
മുമ്പേ കഴിഞ്ഞ യോഗ്യന്മാർ
വൻപേറും ഭാഗ്യശാലികൾ
തൻപേരൊഴിഞ്ഞു സംസാര-
ത്തിൻപേയില്ലാതെയാകയാൽ"
"കീർത്തികേട്ടോർക്കു വിണ്ണിങ്കൽ
പാർത്തീടാമെന്നുമില്ലയോ?
പാർത്തീടവേണ്ട നരകം
പേർത്തീയോഗ്യർക്കു നിശ്ചയം"

ഇതുപോലെ അനവധി പദ്യങ്ങൾ ഉദ്ധരിക്കാവുന്നതാണ്. വിസ്തരഭയത്താൽ ചുരുക്കുന്നു. ഉള്ളൂർ, വള്ളത്തോൾ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കേ. സി കേശവപിള്ള തുടങ്ങിയ മഹാകവികളുടെ ഈ മാതിരി പദ്യക്കുറിപ്പുകൾ ശേഖരിച്ച് ഗ്രന്ഥരൂപേണ അച്ചടിപ്പിക്കുന്നപക്ഷം ആയതു മലയാളഭാഷയ്ക്ക് ഒരു അലങ്കാരമായിരിക്കും.

# മുഹറാഘോഷം

മൗലവി, എ. മുഹമ്മദ് യൂസുഫ് തങ്ങാം അഫ്സലുൽ ഉലമാ അറബി മുൻഷി, എസ്. എം. വി. സ്കൂൾ.

മഹാത്മാവായ മുഹമ്മദ്നബി മക്കായിൽ നിന്നും മദീനയിലേയ്ക്കു ഹിജ്റാ പോയതു മുഹറ മാസത്തിലായതുകൊണ്ടാണു് ഹിജ്റാബ്ദം മുഹറ മാസം മുതൽ ആരംഭിക്കുന്നതു്. പുരാതനകാലം മുതൽക്കേ പരിശുദ്ധത കല്പിക്കപ്പെട്ടിരുന്ന ഈ മാസം ഒൻപതും, പത്തും തീയതികളിൽ വ്രതം അനുഷ്ഠിക്കണമെന്നു നബി തിരുമേനി ഉപദേശിച്ചിട്ടുണ്ടു്. എന്നാൽ മദ്ധ്യഏഷ്യയിലെ മുസ്ലീംലോകത്തിൽ മിക്കഭാഗങ്ങളിലും ഇപ്പോൾ കണ്ടുവരാറുള്ള മുഹറാഘോഷം എന്താണെന്നുള്ളതിനെപ്പററി പ്രത്യേകം ചിന്തിക്കേണ്ടിയിരിക്കുന്നു. ഷിയ്യാമുസ്ലീംകളാൽ നടത്തപ്പെടുന്ന ഈ ആഘോഷത്തിൻെറ ആഗമത്തെ ശരിയായി ഗ്രഹിക്കുന്നതിനു് അല്പം ചില മുഖവുരകൾ അത്യാവശ്യമാണു്.

## ഹാഷിമികളും അമവികളും

ഹിജാസിലെ അറബികളുടെ ഇടയിൽ പല ശാഖകളുള്ളവയിൽ വച്ചു കീർത്തിയും പ്രതാപവും ഉള്ള ഒന്നാണു്-"ഖുറൈഷ്" ഇവർ പിന്നീടു ഹാഷിമി, അമവി എന്നിങ്ങനെ രണ്ടു ഉപശാഖകളായി പിരിയുകയും, 'കാബ' സംരക്ഷണം, ഭരണാധികാരം എന്നിവ ഇവരിൽ തന്നെ സ്ഥിതി ചെയ്യുകയും ചെയ്തു. ഈ രണ്ടു ശാഖകളുടെ ഇടയിലുള്ള അനൈക്യം നിമിത്തം, ഇവർ ചില്ലറ കാര്യങ്ങളിൽപോലും പരസ്പരം പിണങ്ങി ലഹളകളും, യുദ്ധങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്ന അവസരത്തിലാണു ഹാഷമിവംശജനായ മുഹമ്മദു നബി ഇവരുടെ ഇടയിൽ ഇസ്ലാംമതം ഉപദേശിക്കയും ഇവരെ ഐക്യപ്പെടുത്തുകയും ചെയ്തതു്. നബി തിരുമേനി അവരോടു് ഇങ്ങനെ പറയുകണ്ടായി. "നിങ്ങളും ഞങ്ങളും ആദാമിൻെറ സന്താനങ്ങളാണു്. ആദമാകട്ടെ മണ്ണുകൊണ്ടാണു സൃഷ്ടിക്കപ്പെട്ടതു്."

## മൂന്നാംഖലീഫാ ഉസ്മാൻ.

നബി തിരുമേനിയുടെ ജീവിതകാലം മുഴുവൻ ഹാഷിമികളും അമവികളും വംശവഴക്കുകളെ മറന്നു മതസ്ഥാപകൻെറ അമാനുഷികമായ ശക്തിയ്ക്കടി പണിഞ്ഞു നിന്നിരുന്നു. അദ്ദേഹത്തിൻെറ കാലശേഷം ഈ വഴക്കു വീണ്ടും തലപൊക്കി; എങ്കിലും ഒന്നും രണ്ടും ഖലീഫാമാരുടെ കാലങ്ങളിൽ അതിനു് അശേഷം ശക്തിയുണ്ടായിരുന്നില്ല അമവി വംശജനായ മൂന്നാം ഖലീഫാ ഉസ്മാൻെറ ഭരണകാലത്താണു് ആ വഴക്കു വീണ്ടും പ്രത്യക്ഷമായതു്. ഖലീഫായുടെ പിതൃവ്യപുത്രനും, കുപ്രസിദ്ധനുമായ "മർവാൻ" ശുദ്ധഹൃദയനായ ഖലിഫായുടെ ഭരണക്രൂടത്തിൽ കൈകടത്തി, ഹാഷിമികൾക്കു ദ്വേഷ്യം പററത്തക്ക പല പ്രവൃത്തികളും ചെയ്തുവന്നു. ഒടുവിൽ ഈ കാരണത്താൽ ഖലീഫാ സപഗ്രഹ

ത്തിൽ വച്ചു വധിയ്ക്കപ്പെടുന്നതിനാണ് ഇടയായതു്.

## ഇമാം അലിയും മുആവിയായും

മൂന്നാം ഖലീഫാ ഉസ്മാന്റെ മരണേ ശേഷം, ഖലീഫയായി നിയമിതനായതു്, നിബിയുടെ സഹോദരപുത്രനും ജാമാതാവുമായ ഇമാം അലിയായിരുന്നു. അദ്ദേഹം തലസ്ഥാനം മദീനയിൽ നിന്നും കൂഫായിലേയ്ക്കു മാററി ഭരണം ആരംഭിച്ചു. എങ്കിലും സിറിയായിലെ ഗവണ്ണരും വധിയ്ക്കപ്പെട്ട മൂന്നാംഖലീഫായുടെ ബന്ധുവുമായ അമീർമുആവിയാ, ഇമാം ആലിയുടെ "ഖിലാഫ"ത്തിനെ സ്വീകരിച്ചില്ലെന്നു മാത്രമല്ല മൂന്നാംഖലീഫായുടെ വധത്തിൽ അലിയുംകൂടി പങ്കെടുത്തിരുന്നു എന്നു വാദിച്ചുകൊണ്ടു് ഇമാം അലിയുടെ ജീവിതകാലം മുഴുവൻ അദ്ദേഹത്തിനോടു പോരാടിക്കൊണ്ടിരുന്നു. ഒടുവിൽ 'ഇബൻ മുൽജം' എന്ന ദ്രോഹി ഒളിവിൽ നിന്നു് ഒരു കുത്തേല്പിച്ചതിനാൽ ഇമാം അലി വധിയ്ക്കപ്പെട്ടു. അനന്തരം അദ്ദേഹത്തിന്റെ സീമന്തപുത്രൻ "ഇമാംഹസൻ" തൽസ്ഥാനത്തു നിയമിതനായി എങ്കിലും ശാന്തശീലനായ അദ്ദേഹം ഇത്തരം വഴക്കുകളിൽ തലയിടാൻ കഴിയുകയില്ലെന്നു പറഞ്ഞു സ്വയമേവ പിന്മാറുകയും, അമീർ മുആവിയായോടു് "ബൈഅത്തു്" (ഭക്തിവിശ്വാസപ്രതിജ്ഞ) ചെയ്യുകയും ചെയ്തു. ഇങ്ങനെ അമീർമുആവിയായ്ക്കു നാടുവാഴാനുള്ള തടസ്സങ്ങൾ നീങ്ങിക്കിട്ടുകയാൽ ഹിജ്റാ നാല്പതു മുതൽ അറുപതാംകൊല്ലംവരെ ഡമസ്കസ്സിനെ തലസ്ഥാനമാക്കിക്കൊണ്ടു് അദ്ദേഹം ഇസ്ലാംസാമ്രാജ്യത്തിന്റെ അധിപതിയായിവാണു. നാലുഖലീഫാമാരുടെ കാലംവരെ നടന്നു വന്ന പ്രജാധിപത്യഭരണത്തിനു് വിപരീതമായി മുആവിയാ സ്വപുത്രൻ "യസീദിനെ" തന്റെ പിൻഗാമിയായി നിയമിച്ചു്, മരണപത്രം എഴുതിവച്ച കാരണത്താൽ, അദ്ദേഹത്തിന്റെകാലശേഷം യുവാവും, അപക്വബുദ്ധിയുമായ "യസീദ്" ആ മഹൽ സ്ഥാനത്തു കയറുവാൻ ഇടയായി.

## യസീദ്

ഇസ്‌ലാം ലോകത്തു യസീദിനെപ്പോലെ ഇത്ര നിന്ദ്യനായ ഒരു മനുഷ്യൻ വേറെ ഉണ്ടോ എന്നു സംശയമാണു്. ഇയാൾ മൂന്നു വർഷം മാത്രമേ ഭരണം നടത്തിയുള്ളു. ഇതിൽ ഒന്നാംകൊല്ലം നിബിയുടെ പൗത്രനായ ഇമാം 'ഹുസൈനെ' വധിക്കുകയും, രണ്ടാംകൊല്ലത്തിൽ മദീനയെ കൊള്ളയിട്ടു് അവിടെ പട്ടാളനിയമം നടപ്പാക്കുകയും, മൂന്നാംകൊല്ലം മക്കാപട്ടണത്തെ ആക്രമിച്ചു പരിശുദ്ധകാബയുടെ ഒരു ഭാഗത്തിനു കേടു വരുത്തുകയും ചെയ്തു. വിനോദം, നായാട്ടു്, മദ്യപാനം, സ്ത്രീസേവ ഇത്യാദി കാര്യങ്ങളിൽ വ്യാമോഹിതനായിരുന്ന യസീദ് അതിപാവനമായ ഇസ്‌ലാം ഖിലാഫത്തിനു അനർഹൻ തന്നെയായിരുന്നു. ഇയാളുടെ ദുർഭരണം നിമിത്തം ഇസ്ലാംലോകം മുഴുവൻ ക്ഷോഭിച്ചു എങ്കിലും അയാൾ കരബലം കൊണ്ടു കാര്യം നടത്തിവന്നു.(1)

* (1) അൽഫഖ്‌രീ.

## കർബലായിലെ കടുംകൈ.

പരിശുദ്ധനബിയുടെ പൗത്രനും ഇമാം അലിയുടെ കനിഷ്ഠ പുത്രനുമായ ഇമാം ഹുസൈനെ ഖിലാഫത്തു സ്വീകരിക്കാനായി 'ക്രൂഫാ'യിൽ ചെല്ലണമെന്ന് ഇതിനിടെ ക്രൂഫാക്കാർ വളരെ നിർബന്ധിക്കുകയാൽ (2) അദ്ദേഹം കുടുംബസമേതം ക്രൂഫായിലേക്കു പുറപ്പെട്ടു. ഈ വിവരം അറിഞ്ഞ യസീദ് അന്നത്തെ ക്രൂഫാഗവർണ്ണരായിരുന്ന ശാന്തനായ നുമാൻ നബിയുടെ പൗത്രനോടു എതിർക്കാൻ മടിച്ചേക്കും എന്നു ശങ്കിച്ചു ആ സ്ഥാനത്തേക്കു് ധൃഷ്ടനായ 'ഇബ്നുസിയാദി'നെ നിയമിച്ചു. യസീദിനു് എതിരായി പ്രക്ഷോഭണം നടന്നുകൊണ്ടിരുന്ന പട്ടണത്തിൽ "ഇബ്നുസിയാദ്" വേഷപ്രച്ഛന്നനായി പ്രവേശിച്ചു ദാഴൽ ഇമാറത്തിൽ (ഗവമ്മേന്റ മന്ദിരം) ഇരുന്നുകൊണ്ടു് പ്രക്ഷോഭണക്കാരായ ഒന്നുരണ്ടു നേതാക്കന്മാരെ തന്ത്രത്തിൽ പിടിച്ചു വധിക്കയും, ചിലരെ ഭയപ്പെടുത്തുകയും ചെയ്തതോടുകൂടി ചപലചിത്തന്മാരായ ക്രൂഫാക്കാരുടെ നില പാടെ മറിഞ്ഞുപോയി. ഈ അവസരത്തിലാണു് ഇമാഹുസൈൻ ക്രൂഫായെ സമീപിച്ചതു്. തൽക്ഷണം ഇബ്നുസിയാദ് ഒരുസൈന്യം അയച്ചു ഹുസൈനെ കാണുന്നിടത്തുവച്ചു് തടുത്തു നിറുത്തുവാൻ ആജ്ഞാപിച്ചു. സൈന്യം യൂപ്രട്ടീസ് നദീതീരത്തു കാർബലാ എന്ന സ്ഥലത്തുവച്ചു ഇമാമിനെക്കണ്ടുമുട്ടുകയും 72 പേർമാത്രമുള്ള "ഇമാമിന്റെ" അംഗരക്ഷകരെ 1000-ത്തിൽ അധികം ഭടന്മാരുള്ള ഇവരുടെ സൈന്യം വളയുകയും ചെയ്തു. കർബലാമൈതാനം നദീതീരത്തായിരുന്നു എങ്കിലും അതിൽനിന്നു കുടിക്കാൻ വെള്ളമെടുക്കുന്നതിനു ഇമാമിനെ അവർ അനുവദിച്ചില്ല. ഒടുവിൽ ഇമാം തിരിയെ പൊയ്ക്കൊള്ളാമെന്നു പറഞ്ഞിട്ടും ഇബ്നുസിയാദ് സമ്മതിക്കാതെ കീഴടങ്ങുകയോ യുദ്ധം ചെയ്യുകയോ വേണമെന്നു ആവശ്യപ്പെട്ടു. * അനന്തരം കീഴടങ്ങാൻ സമ്മതമില്ലാത്ത ഇമാമിനോടു എതിർപക്ഷക്കാർ കാണിച്ച കടുംകൈകളെ വിസ്തരിച്ചുപറഞ്ഞു വായനക്കാരുടെ ഹൃദയത്തെ ക്ഷോഭിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഇമാമിന്റേയും, അദ്ദേഹത്തിന്റെ ബന്ധുക്കളും അനുയായികളുമായ 72 പേരുടേയും, ശിരസ്സുകളെ ഇബ്നുസിയാദ് ഒരു ഘോഷയാത്രയായി ഡമസ്കസ്സിൽ യസീദിനു അയച്ചുകൊടുത്തു. ഇതോടുകൂടി ഇസ്ലാം സാമ്രാജ്യത്തിന്റെ ഭരണാധികാരത്തിൽ നിന്നു ഹാഷിമികൾ നിശ്ശേഷം പിന്മാറുകയും അതു അമവികൾ സ്വീകരിക്കുകയും ചെയ്തു. ഈ കൃത്യം നടന്നതു ഹിജ്റാബ്ദം 61 മുഹറം 10-ാം തീയതി ആയിരുന്നു. ഈ സംഭവത്തിൽ നിന്നാണു് ഇന്നത്തെ മുഹറാഘോഷം ഉത്ഭവിച്ചതു്.

### ഷിയാക്കളും സുന്നികളും

നബിയുടെ കാലശേഷം ഒന്നാം ഖലീഫാ അബൂബക്കറിന്റെ നിയമനത്തെ എതിർക്കുകയും 'അലി'യാണു ശരിയായ അവകാശി എന്നു വാദിക്കുകയും ചെയ്തിരുന്ന 'ഷീ അത്തുൽ അലി' (അലിയുടെ

(2) തബ്‌രി

* ഗാദത്തു കർബലാ.

ആളുകൾ) എന്നൊരു സംഘക്കാർ അന്നേ തന്നെ ഉണ്ടായിരുന്നു. ഇവരാണു പിന്നീട് 'ഷീയാക്കൾ' എന്ന ഒരു വലിയ വിഭാഗമായിത്തീർന്നത്. ഇവർ ഒട്ടവളരെ വിഭാഗങ്ങളായി പിരിയുകയും, നവീനങ്ങളായ ചില വിശ്വാസങ്ങളെയും ആചാരങ്ങളേയും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഷിയാവഴക്കു കേവലം രാജ്യകാര്യം സംബന്ധിച്ച് ഉത്ഭവിച്ചതാണെങ്കിലും തങ്ങളുടെ വാദങ്ങൾക്കു താങ്ങായി അവർ മതത്തെക്കൂടി കൂട്ടുപിടിച്ചു. അലിയുടെ സന്താനങ്ങൾക്കു മാത്രമേ ഖിലാഫത്തിന്ന് അവകാശമുള്ളു എന്നും മററുമാണ് ഇവരുടെ മതത്തിലെ പ്രധാന തത്വങ്ങൾ. മുഹറമാസത്തിൽ കർബലായിൽ പോയി ഇമാം ഹുസൈനിൻെറ മരണത്തിൽ വിലപിക്കുക, സ്ത്രീപുരുഷന്മാർ തലയിലും മാററത്തും അടിച്ചു രക്തം ചിതറിക്കുക മുതലായവ, മതാചാരങ്ങളായിട്ടാണ് അവരിൽ പലരും കരുതുന്നത്. ഇവ നിരർത്ഥകങ്ങളാണ്, നിബിയുടെ സുന്നത്തു (മാർഗ്ഗം) അനുസരിച്ചാണു നടക്കേണ്ടത്. എന്നു പറയുന്നവരാണ് സുന്നികൾ.

[തിരുവിതാംകൂറിലെ മുസ്ലീംജനസംഖ്യയിൽ ആയിരത്തിനു നാലുവീതംമാത്രമേ ഷിയാക്കളുള്ളു.](3)

ആഘോഷത്തിൻെറ ആഗമം.

ഹിജ്റാ നാലാംനൂററാണ്ടിൽ ഏഷ്യയിലെ മിക്ക മുസ്ലിംരാജ്യങ്ങളേയും കരസ്ഥമാക്കുകയും ബഗ്ദാദിലെ അന്നത്തെ ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്ത ബുവൈഹിവംശജനായ "ഇസ്സുദൗലാ" എന്ന ഷിയ്യാരാജാവാണു മുഹറം ഈ വിധം ആഘോഷിക്കുവാൻ അടിസ്ഥാനമിട്ടത്. (4) കർബലാമൈതാനത്തു നടന്ന സംഭവങ്ങൾ നടനംചെയ്തു കാണുവാൻ അതിതല്പരനായ "ദൌല" നടന്മാരെ പ്രോത്സാഹിപ്പിച്ചു പോന്നിരുന്നു. പെഷ്യയിലും, അടുത്ത പ്രദേശങ്ങളിലും ഷിയ്യാക്കാർ നടത്തിവന്ന ഈ ആഘോഷം ക്രമേണ ഇന്ത്യയിലും കടന്നുകൂടി. നേരംപോക്കിനുള്ള നല്ല കളികളാണിതെന്നു കണ്ടിട്ടു ഷിയാക്കളും സുന്നികളും എന്നുവേണ്ട അമുസ്ലീംകളും ഇതിൽ പങ്കുകൊള്ളാൻ തുനിഞ്ഞു. ഷിയ്യാക്കളായി ആരും തന്നെ ഇല്ലാത്ത തിരുവനന്തപുരത്തും മററും മുഹറാഘോഷം കേമമായി നടന്നുവരുന്നുണ്ടല്ലോ. ഇന്നത്തെ ആഘോഷത്തിൻെറ പ്രധാനാംശങ്ങൾ പഞ്ചാ പ്രതിഷ്ഠിക്കുക, വേഷംകെട്ടുക, താസിയാ ഉണ്ടാക്കി എഴുന്നെള്ളിക്കുക, എന്നിവയാണ്. ഇവയിൽ ഓരോന്നിൻേറയും താൽപര്യത്തെപ്പററിയാണ് ഇനി ചിന്തിക്കുവാനുള്ളത്.

പഞ്ചാ

ഇതിൻെറ ആഗമത്തെപ്പററി കുറച്ചധികം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇസ്ലാംമതം പ്രചരിക്കുന്നതിനുമുമ്പു അറബികളുടെയിടയിൽ വിഗ്രഹാരാധന ഉണ്ടായിരുന്നുവെങ്കിലും അവർ ആരാധിച്ചു

(3) Travancore Census Report 1931.

(4) അൽക്കാമിൽ.

പോന്നതു പൂണ്ണപ്രതിമകളേയാണു് കേവലം ഒരു കയ്യുടെയോ മറേറാ പ്രതിമ അല്ല. ഇനി ഇമാം ഹുസൈൻെറ വധത്തിൽ അദ്ദേഹത്തിൻെറ ശിരസ്സിനെ ഛേദിച്ചെട്ടുത്തില്ലാതെ കൈമുറിച്ചതായി ആ വക ചരിത്രഗ്രന്ഥങ്ങളിൽ ഒന്നും തന്നെ കാണുന്നില്ല. പിന്നെ മൂന്നാം ഖലീഫാ ഉസ്മാനെ ശത്രുക്കൾ വധിച്ച കഥമുമ്പു സൂചിപ്പിച്ചുവല്ലോ. ഘാതകൻ ഖലീഫയെ വധിക്കാൻ മുതിന്നപ്പോൾ ഖലിഫയുടെ പ്രിയപത്നിയായ നായില ഖലീഫായേ രക്ഷിക്കാനായി അദ്ദേഹത്തിൻെറ ശരീരത്തെ പൊതിഞ്ഞുപിടിക്കുകയും, ഘാതകൻെറ ഖഡ്ഗപ്രയോഗം നിമിത്തം നായിലായുടെ ഒരു കൈ ഛേദിക്കപ്പെട്ടുപോകയും ചെയ്തിട്ടുണ്ടു്. അമീർമുത്ത്വവിയാ ഈ കൈ ഡമസ്കസിലെ പള്ളിയിൽ പ്രദർശിപ്പിക്കയും ഇമാം അലിക്കെതിരായി ജനങ്ങളെ ക്ഷോഭിപ്പിക്കാൻ ഈ കൈ അമീറിനെ സഹായിക്കയും ചെയ്തിട്ടുണ്ടു്. [5] എന്നാൽ ഈ പ്രദർശനം നടത്തിയതു ഷിയാക്കാർ അല്ലാത്തതിനാൽ ഇതു് ഇന്നത്തെ പഞ്ചാ ആണെന്നു തീൎപ്പറവാൻ നിവൃത്തിയില്ല. ഇനി ഈ വക ചരിത്രത്തിൽ വേറൊരു കൈക്കൂടി കാണുന്നുണ്ടു്. കർബലാമൈതാനത്തുവച്ചു് ഇമാം ഹുസൈന്റെനേരെ വന്ന ഒരു വെട്ടിനെ അദ്ദേഹത്തിൻെറ സഹോദരപുത്രൻ പന്ത്രണ്ടു വയസ്സുമാത്രം പ്രായമുള്ള 'അബ്ദുല്ലാ' എന്ന കുട്ടി ചാടിത്തടുത്തകാരണത്താൽ ആ കുട്ടിയുടെ ഒരു കൈമുറിഞ്ഞുപോയി. [6] ഇമാമിൻെറ നേക്കു വന്ന വെട്ടു തടുത്തതിനാൽ ഛേദിക്കപ്പെട്ട ആ ഇളം കൈ "ഇമാമിൻെറ" കുതിരയുടെ വിഗ്രഹത്തെപ്പോലും സൃഷ്ടിച്ചു ആരാധിക്കുന്ന ചില ഷിയാക്കൾക്കു പൂജനീയമായിത്തീൎന്നു എങ്കിൽ അതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. ഇനി പഞ്ചാ, ഇമാംഹുസൈൻെറ കൈതന്നെ ആയിരിക്കാനും ഒരു ന്യായമുണ്ടു്. 'ഇമാംഹസൻ, അമീർമുആവിയായോടു 'ബൈ അത്തു' ചെയ്തു എന്നു മുമ്പു പറഞ്ഞിട്ടുണ്ടു്. "മുആവിയ്യാ' ഒരു തരത്തിൽ അതിനു് അർഹനും തന്നെ. എന്നാൽ ഇമാംഹുസൈൻ ആകട്ടെ ബൈഅത്തു ചെയ്തിട്ടു തൻെറകയ്യു് അയോഗ്യനായ 'യസീദി'ൻെറ കയ്യിൽ അർപ്പിച്ചു മലിനപ്പെടുത്തിയില്ല.

ഒരാൾ ഖലീഫാ ആയാൽ ഉടൻ മുസ്ലീം പ്രമാണികൾ അദ്ദേഹത്തിൻെറ അടുക്കൽചെന്നു ബൈ അത്തു (ഭക്തിവിശ്വാസപ്രതിജ്ഞ) ചെയ്യുകയും അദ്ദേഹത്തിൻെറ കയ്യിൽ ഇവരുടെ കൈകളെ അർപ്പിക്കുകയും ചെയ്യുക പതിവാണു്.

ഇത്ര വലിയ ആപൽഘട്ടത്തിൽ എത്തിയിട്ടും, അയോഗ്യനായ ഒരു ഖലീഫായുടെ കയ്യിൽ തൻെറ കയ്യു് അർപ്പിക്കാതെ ജീവനെത്തന്നെ ബലികഴിച്ചു ജനങ്ങൾക്കൊരു മാതൃക കാണിച്ചുകൊടുത്ത ആ ധീരനേതാവിൻെറ ദിവ്യമായ കരം മാഹാത്മ്യമേറിയതുതന്നെ. എന്നിരുന്നാലും ആ കയ്യുടെ സ്വാതന്ത്ര്യത്തെ പ്രഖ്യാപനം ചെയ്യാൻ വെള്ളിയിലും സ്വർണ്ണത്തിലും കൈകളുണ്ടാക്കി ഇമാമിൻെറ കൈ ആണെന്നു സങ്കല്പിച്ചു

(5) ആൽഫ്ഖ്‌രീ (6) ഗാദത്തു കർബലാ

ആഘോഷസമേതം എഴുന്നള്ളിക്കുന്നതും മററു മതം അനുവദിക്കുന്നതല്ല.

## വേഷം.

ഇബ്നുസിയാദ് വേഷം മാറിയാണു കൂഫായിൽ കടന്നതെന്നു മുമ്പു പറഞ്ഞുവല്ലൊ. കൂടാതെ ഇമാംഹുസൈൻ രക്തസാക്ഷിയായി മരിച്ച ദിവസം ഓരോ മുസ്ലിമും അവനവന്റെ ശരീരത്തിൽനിന്നും രക്തം ചിതറിക്കണമെന്നാണു ഷിയാക്കളിൽ പലരുടേയും മതമെന്നു മുമ്പു പറഞ്ഞിട്ടുണ്ട്. മുഹറം പത്തിനു തലയിലും മാറത്തും അടിച്ചു രക്തം ചൊരിയിക്കുന്ന സ്ത്രീപുരുഷന്മാർ ഇന്നും ഷിയാക്കളുടെ ഇടയിൽ ധാരാളമുണ്ട്. ഇതിന് ഒരുമ്പെടാത്ത പലരും തങ്ങളുടെ ശരീരവും വസ്ത്രവും ക്രിത്രിമരക്തമാകുന്ന ചുവപ്പു ചായം തേച്ചുകൊണ്ടു നടക്കുക പതിവായി. ഏവംവിധേന ഈ വേഷപ്പകച്ചുകൾ കരിവേഷത്തിലും കടുവാവേഷത്തിലും പര്യവസാനിച്ചു.

## താസിയാ

ഇതു കറുബലായിലുള്ള ഇമാംഹുസൈന്റെ 'മസാ'റിന്റെ (Tomb) ഒരു മാതൃകയാണ്. (7) സുപ്രസിദ്ധനായ തൈമൂർ ബാഷാ (Tamur lame) ഒരു ഷിയ്യാ ആയിരുന്നു. അദ്ദേഹം പ്രതിവർഷം കർബലായിൽ മസാർ സന്ദർശിക്ക പതിവായിരുന്നു. എന്നാൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില അവസരങ്ങളിൽ അതു സാധിക്കാതെ വരികയും തൽപരിഹാരാർത്ഥം മസാറിന്റെ ഒരു മാതൃക (Model) നിർമ്മിച്ചു മുഹറകാലത്തു സന്ദർശനം നടത്തി വരികയുംചെയ്തു. അതു മുതല്ക്കാണു കർബലായിൽ പോകാൻ നിവൃത്തിയില്ലാത്ത ആളുകൾ താസിയാ ഉണ്ടാക്കിവെച്ചു സന്ദർശനം നടത്താൻ തുടങ്ങിയതു്. (8)

ഇമാം അലിയെ ഇബൻമുൻജം വധിച്ച കഥ മുമ്പു പറഞ്ഞുവെല്ലേ. ഈ ഘാതകന്റെ ശവകുടീരത്തിൽ കൂഫാക്കാർ ആണ്ടുതോറും ഏഴു ദിവസം വളരെ വിറകുകൂട്ടി തീകത്തിക്കുക പതിവായിരുന്നു. (9) കൂഫാപട്ടണത്തിലെ ജനങ്ങൾ ഓരോരുത്തരും ഒരുകെട്ടു വിറകുവീതം ആ ചിതയിൽ കൊണ്ടിടുമത്രേ. ഇതിന്റെ ഒരു അനുകരണമായിട്ടായിരിക്കണം ചില പഞ്ചാപ്പുരകളുടെ മുൻവശത്തു് അഗ്നികുണ്ഡം ഉണ്ടാക്കി വരുന്നതു്.

ഷിയ്യാപണ്ഡിതന്മാർപോലും അനുവദിക്കാത്ത, കടുവാവേഷം കെട്ടുന്നതരത്തിലുള്ള വേണ്ടാവേലകൾ ഇസ്ലാംമതത്തിന്റെ പേരും പറഞ്ഞു് അനുഷ്ഠിക്കുന്നതു തീർച്ചയായും മതത്തിനു ഒരു മാനക്കേടാണ്. അതുകൊണ്ടു് മുസ്‌ലീം സഹോദരങ്ങൾ ഇസ്ലാംമതത്തിൽ അനുവദിച്ചിട്ടില്ലാത്ത ഇത്തരം ദുരാചാരങ്ങൾ ഉപേക്ഷിച്ചിട്ടു മതം ഉപദേശിക്കുന്ന പ്രകാരം മുഹറമാസം 9–ം 10–ം തീയതികളിൽ വ്രതം അനുഷ്ഠിക്കുകയും, മുഹറം പത്തിൽ പരലോകം പൂകിയ ആ വന്ദ്യാത്മാവിന്റെ—ഇമാംഹുസൈന്റെ—ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുകയാണു വേണ്ടതു്.

(7) ലുഗാത്തു് ഫൈറൂസി (8) അഹ്ലെവാദീസ് ഗസററ് 1939 മാച്ച് (9) ഇബൻ ബത്തൂത്താ

# കൃഷീവലൻ

വെട്ടൂർ എസ്സ്. രാമൻനായർ.

(ഓമനക്കുട്ടൻ)

സസ്യസാന്ദ്രമാംഗ്രാമഭൂവിനൊ-
രുത്സവമിക്കൃഷീവലൻ.
ഉമ്മവയ്ക്കുന്നിതാമുഖത്തെത്ര
നിർമ്മലസ്നേഹവീചികൾ!
പിച്ചവയ്ക്കുന്നവനിലെന്തൊരു
സ്വച്ഛശാന്തിതൻപൊൻകതിർ!
ഹർഷമെന്നും തുളുമ്പിനിന്നിടും
കർഷകനുടെ ജീവിതം!
വേർപ്പുതുള്ളിയിൽ വാർത്തെടുത്തനി-
സ്വാർത്ഥസുന്ദരജീവിതം!
അർത്ഥശൂന്യമാഡംബരങ്ങൾക്കു
മപ്പുറത്തുള്ള ജീവിതം!
പച്ചചൂടും പ്രകൃതിമാതിൻെറ
കൊച്ചുപൈതലിൻ ജീവിതം!!
ആരുമാരുമലിഞ്ഞുപോമതിൻ
ചാരുതയിലവിരളം

ഇല്ലിപൂത്തെഴും താഴ്വരയില-
പ്പുല്ലുമേഞ്ഞൊരു മാടവും
കുന്നും കാടും മലകളുമാർന്നു
മിന്നിടുന്നൊരു ഗ്രാമവും
താഴ്വരകൾ തഴുകിയോടുന്ന
കാനനനിർഝരികളും
വെള്ളിപ്പൂക്കളും വള്ളിക്കാടുമാ-
യുള്ളതീരപ്രദേശവും
മാരുതനിലിളകിനില്ക്കുന്ന
കേരവൃക്ഷസമൂഹവും
പൊൻകതിർ വിരിച്ചുല്ലസിക്കുന്ന
ധന്യകേദാരപാളിയും
ചിത്തനിർവൃതി ചേർത്തിടുന്നു ഹാ!
നിത്യമിക്കലാലോലനിൽ!

പാട്ടുപാടിപ്പുളഞ്ഞുപോകുമ-
ക്കാട്ടരുവിതന്നക്കരെ
ആട്ടമേഞ്ഞുനടന്നലയുന്ന
കാട്ടുകൾ തന്നരികിലായ്
തൈച്ചെടികൾ തഴച്ചുകാണുമ-
ക്കൊച്ചുതോപ്പിലിന്നേകനായ്
നില്ക്കയാണവനാത്മനിർവൃതി-
മഗ്നനായിപ്പതിവുപോൽ
മഞ്ഞണിഞ്ഞുമറഞ്ഞുകാണ്മൂ ഹാ!
മഞ്ജിമങ്ങി ദിഗന്തങ്ങൾ
അങ്ങകലെ, കതിർ വിരിച്ചുതാ
പൊങ്ങിടുന്നു ദിനകരൻ
കാട്ടുമല്ലികൾ പൂവിരിക്കുന്നു,
പാട്ടുപാടുന്നു പൂങ്കുയിൽ
ഹർഷബാഷ്പകണം പൊടിയുന്നു
കർഷകൻെറ മിഴികളിൽ.
രോമഹർഷമണിഞ്ഞു, ഭാവനാ-
വ്യോമയാനം തുടർന്നവൻ.
സച്ചിദാനന്ദമഗ്നമായൊര-
ത്തുച്ഛജീവിതംജീവിതം !
ആ മരതക വാടിതന്നിലി-
ന്നാടിനില്ക്കും ചെടികളിൽ
കായും പൂവുമിലകളുമായി
കാണുമത്തൈമരങ്ങളിൽ
അർപ്പണംചെയ്തിരിക്കയാണവ-
നൊക്കെയും ജീവിതാശകൾ !

# ഭക്തി

പി. ശേഷാദ്രിഅയ്യർ, ബി. എ., എം. എൽ.

സ്നേഹം അഥവാ പ്രേമം ഏതൊരു ജീവിക്കും സഹജമാണു്. അചരങ്ങളായ വൃക്ഷലതാദികളിലും ഈ സ്നേഹത്തിന്റെ അഭിവ്യക്തി നാം കാണുന്നുണ്ടു്. കുസുമങ്ങളുടെ സൗരഭ്യത്താലും സൗന്ദര്യത്താലും വണ്ടുകൾ ആകർഷിക്കപ്പെടുന്നു. മന്ദമാരുതൻ പുഷ്പസൗരഭ്യത്തെ സ്വീകരിച്ചുകൊണ്ടു സർവത്ര സഞ്ചരിക്കുന്നു. ആദിത്യഭഗവാന്റെ രശ്മികൾ തട്ടിക്കഴിയുമ്പോഴേക്കും മുകുളീഭൂതങ്ങളായിരുന്ന സരോജാദി കുസുമങ്ങൾ വികസിക്കുന്നു; ആനന്ദപരവശങ്ങളാകുന്നു. പ്രഭാതത്തിന്റെ മനോഹരമായ സൗന്ദര്യവിലാസം കണ്ടിട്ടു പതംഗങ്ങൾക്കു് ആഹ്ലാദം കരകവിയുന്നു. ആ അപ്രതിമമായ ആഹ്ലാദം ഗാനരൂപത്തിൽ വെളിയിലേക്കു പ്രവഹിക്കുന്നു. ചെറിയ പുൽകൊടികളുമേലും അതാ ഒരുതുള്ളി മഞ്ഞുനീർക്കണം—അല്ല അത്യുന്നതമായ ആകാശത്തിന്റെ നിർമ്മലമായ പ്രേമബിന്ദു, ദർശിക്കപ്പെടുന്നു. അഹോ! ലോകം മുഴുവൻ പ്രേമത്താൽ തരംഗിതമാണു്! പ്രേമത്താൽ തന്നെ ഓതവും പ്രോതവും അത്രേ!

അചരങ്ങളുടെ സ്ഥിതി ഇങ്ങനെ ആയിരിക്കുമ്പോൾ, ചരങ്ങളായ പക്ഷിമൃഗാദികളുടെ കഥ പറയാനുണ്ടോ; പശുക്കൾക്കു അവയുടെ കുട്ടികളോടുള്ള വാത്സല്യം വാചാമഗോചരമാണു്. കോഴികൾ അവയുടെ കുഞ്ഞുങ്ങളെ എങ്ങനെ കാത്തുരക്ഷിക്കുന്നു എന്നുള്ളതു നാമെല്ലാം കണ്ടിട്ടുണ്ടല്ലോ. മൃഗാദികളുടെ പ്രേമഭാവങ്ങളെ

---

പച്ചക്കൂമ്പുകളൊന്നിനൊന്നതിൽ
നിച്ചലുംപൊടിച്ചീടവെ
പൂവിരിഞ്ഞതിൻ ചാരുസൗരഭം
പാരിൽനീളെപ്പരക്കവെ
കായ്‌വിരിഞ്ഞു കുലയണിഞ്ഞതിൽ
മാരുതൻചെന്നു പുൽകവെ
ആനന്ദത്തിന്നിളംകതിരിനാൽ
ശോണമാമക്കമെവിൾത്തടം !

അർദ്ധനഗ്നനാണെങ്കിലും പരി-
തൃപ്തനാണവനെപ്പൊഴും
മൂടൽമഞ്ഞിനും ചൂടിനുമാകി-
ല്ലാടലായവനേകുവാൻ.
അത്യതീതമാണായതിലുമ-
ശ്ശുദ്ധസുന്ദരജീവിതം ;
ആശയില്ലവനന്യമായൊരു
ക്ലേശമില്ല വിചിന്തയാൽ
വിസ്മരിക്കുമോ ലോകമേ ! നീയാ-
വിശ്വചിത്തത്തുടിപ്പിനെ
ശാന്തിതൻ കുളുർപ്പൊയ്കയിലെന്നും
നീന്തുമീരാജഹംസത്തെ

.......................... ..........................

ഹർഷമെന്നും തിരയടിക്കുമി-
ക്കർഷകനുടെ ജീവിതം !

സച്ചിദാനന്ദമഗ്നമായൊര-
സ്വച്ഛജീവിതം ജീവിതം !!

ഇങ്ങനെ വിസ്തരിക്കാൻ തുടങ്ങിയാൽ അവസാനമില്ല.

ഈ സർവവ്യാപിയായ പ്രേമം, ഏററവും ഉൽകൃഷ്ടജീവിയെന്നു് അറിയപ്പെടുന്ന മനുഷ്യനിൽ സവിശേഷം വികസിച്ചിട്ടുണ്ട്. അവൻെറ സകലപ്രവൃത്തികൾക്കും മൂലം ഈ പ്രേമമാണു്. അതാണു് അവന്റെ സഞ്ചാലനശക്തി. ചിലർ ധനത്തെ സ്നേഹിക്കുന്നു, ചിലർ ഐശ്വര്യത്തെ, മററു ചിലർ സ്ഥാനമാനങ്ങളെ, പിന്നെയും ചിലർ കീർത്തിയെ, ചിലർ പുത്രദാരാദികളെ, ധന്യന്മാരായ ചിലർ ഈശ്വരനെ ഈ ഓരോന്നിനെ മനുഷ്യൻ സ്നേഹിച്ചുകൊണ്ടേയിരിക്കുന്നു. അവനു് ഏതിനെ എങ്കിലും ഒന്നിനെ സ്നേഹിക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തെന്നാൽ അവന്റെ മൂലസത്ത തന്നെ സ്നേഹമാണു്, അഥവാ ആനന്ദമാണു്. സ്നേഹിക്കുന്നതിലാണു് അവൻെറ ആനന്ദം. തൈത്തരീയോപനിഷത്തുപറയുന്നു "ആനന്ദാദ്ധ്യേവ ഖല്വിമാനി ഭൂതാനി ജായന്തേ, ആനന്ദേന ജാതാനി ജീവന്തി ആനന്ദം പ്രയന്ത്യഭിസംവിശന്തീതി" ആനന്ദത്തിൽ നിന്നു തന്നെയാണു് ഈ ഭൂതങ്ങൾ ജനിക്കുന്നതു്. ആനന്ദം കൊണ്ടു തന്നെ ജനിച്ചതിൻെറ ശേഷവും ജീവിക്കുന്നു. ആനന്ദത്തിലേക്കു തിരിച്ചു പോകുകയും ആനന്ദമായിത്തീരുകയും ചെയ്യുന്നു.

ഈ ആനന്ദമാണു് മനുഷ്യൻെറ ലക്ഷ്യം. ആനന്ദത്തിനുവേണ്ടിയാണു് അവൻ ഓരോന്നിനേയും സ്നേഹിക്കുന്നതു്. പരമാർത്ഥസത്തയിൽ പ്രേമവും, ആനന്ദവും ഒന്നുതന്നെ. മനുഷ്യൻെറ ഈ സ്നേഹത്തിനു് ഉപാധിഭേദമനുസരിച്ചു്, പ്രേമം, വാത്സല്യം മുതലായ പേരുകൾ കൊടുക്കുന്നു.

എന്നാൽ ആനന്ദലാഭത്തിനു വേണ്ടിയാണു് ഓരോന്നിനേയും സ്നേഹിക്കുന്നതെങ്കിലും, അവനു് എപ്പോഴും ആ ആനന്ദം ലഭിക്കുന്നില്ല. എന്തെന്നാൽ അവൻെറ സ്നേഹത്തിനുള്ള ആധാരം പലപ്പോഴും ചഞ്ചലവും അനിത്യവും ആണു്. ആധാരനാശത്തോടുകൂടി ആധേയത്തിനു ഭംഗം വരുന്നു. അപ്പോൾ അവനു സുഖത്തിനു പകരം ദുഃഖമാണുണ്ടാകുന്നതു്. അതുകൊണ്ടു് അചഞ്ചലവും നിത്യവുമായ ഒരു വസ്തുവിൽ അവൻെറ സ്നേഹത്തെ സമർപ്പിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ക്രമേണ അവൻ സകലഭൂതാധാരനും സനാതനനും നിത്യനുമായ ഈശ്വരനിൻ സ്നേഹം അർപ്പിക്കാൻ ആരംഭിക്കുന്നു. ഹൃദയത്തിൽനിന്നും ഉണ്ടായി പലപല കൈവഴിയായിത്തിരിയുന്ന സ്നേഹപ്രവാഹത്തേ നിയന്ത്രിച്ചു് ഏകമാക്കി ആനന്ദസമുദ്രമായ ഈശ്വരനിലേക്കു നയിക്കുന്നതിനത്രേ 'ഭക്തി' എന്നു പറയുന്നതു്.

മോക്ഷമാണു് മനുഷ്യൻെറ പരമമായ പുരുഷാർത്ഥം. അതു സാധിക്കുന്നതിനു പലേ മാർഗ്ഗങ്ങളും ശാസ്ത്രങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനങ്ങളായവ, കർമ്മയോഗം, രാജയോഗം, ജ്ഞാനയോഗം, ഭക്തിയോഗം ഇവയാകുന്നു.

എന്നാൽ സാധാരണ ഒരു മനുഷ്യനു് നിഷ്കാമകർമ്മം എന്ന പദത്തിൻെറ അർത്ഥംപോലും മനസ്സിലാകുകയില്ല. "ഫലത്തെ ഉദ്ദേശിക്കാതെ മന്ദൻപോലും

പ്രവത്തിക്കുന്നില്ല.” എന്നു സ്മൃതി പറയുന്നു. ഫലാകാംക്ഷയാണ് മനുഷ്യനെ കമ്മത്തിലേക്കു നയിക്കാറുള്ളതു്. അതുകൊണ്ടു് കമ്മയോഗം സാധാരണ മനുഷ്യന്റെ കായ്യത്തിൽ ദുസ്സാദ്ധ്യം തന്നെയാണ്.

രാജയോഗത്തിനാണെങ്കിൽ, അരോഗദൃഢമായ ഗാത്രമുണ്ടായിരിക്കണം. സാധകൻ യമനിയമാദികൾ അഭ്യസിച്ചു മനോവൃത്തികളെ സമ്പൂണ്ണം നിരോധിക്കണം. ബ്രഹ്മചയ്യത്തിൽ നിന്നു് ഒരിക്കലും വ്യതിചലിക്കാൻ പാടില്ല. ഒരു ബ്രഹ്മനിഷ്ഠനായ ഗുരുവിന്റെ അനുശാസനം അനുസരിച്ചു്, അദ്ദേഹത്തിന്റെ അടുത്തിരുന്നു വേണം സാധനകൾ എല്ലാം (ആദ്യദശയിലെങ്കിലും) അഭ്യസിക്കേണ്ടതു്. അതുകൊണ്ടു് ഈ യോഗവും സാധാരണമനുഷ്യന്റെ സാദ്ധ്യതാപരിധിക്കു വെളിയിലാണ് സ്ഥിതിചെയ്യുന്നതു്.

ജ്ഞാനയോഗാധികാരംപോലും സാധനൈകപ്രാപ്യമാണ്. സാധാരണ ജനങ്ങൾക്കു് ധരിക്കാൻ പ്രയാസമേറിയ സാധനചതുഷ്ടയസമ്പത്തിയില്ലാതെജ്ഞാനരാജ്യത്തിൽ പ്രവേശിക്കാൻ നിവൃത്തയില്ല. “നേതി നേതി” എന്നുതുടങ്ങി “അഹം ബ്രഹ്മാസ്മി” “തത്വം അസി” “സർവ്വം ഖല്വിദം ബ്രഹ്മ” എന്നു തുടങ്ങിയുള്ള മഹദ് വാക്യങ്ങൾ മനസ്സിലാക്കണമെങ്കിൽ അലോകസാമാന്യമായ പ്രതിഭയും ധാരണാശക്തിയും അത്യാവശ്യം തന്നെയാണ്. “ഏകമേവാദ്വിതീയം” എന്നുള്ളതും മററും സാധാരണന്മാക്കു മനസ്സിലാകുകയില്ലെന്നു തന്നെയല്ല, അവർ അതിനെപ്പററി കേൾക്കുമ്പോൾ പരിഭ്രമിക്കയും ഭയപ്പെടുകയും ക്രുടി ചെയ്യുന്നു. കഠോപനിഷത്ത് പറയുന്നു “ദൃശ്യതേ ത്വഗ്ര്യയാ ബുദ്ധ്യാസൂക്ഷ്മയാസൂക്ഷ്മദർശിഭിഃ.” അതു കൊണ്ടു് ആ മാഗ്ഗവും സാമാന്യമനുഷ്യനു് അഗോചരംതന്നെ.

ഇനിയും ഭക്തിമാഗ്ഗം മാത്രമാണ് സാധാരണയായി മോക്ഷപ്രാപ്തിക്ക് അവലംബമായിട്ടുള്ളതു്. നമ്മിൽ സഹജമായുണ്ടാകുന്ന വികാരങ്ങളെയെല്ലാം ഈശ്വരാഭിമുഖങ്ങളാക്കണമെന്നാണ് ഭക്തിപറയുന്നതു്. വികാരങ്ങളെയെല്ലാം നശിപ്പിക്കണമെന്നു് അനുശാസിക്കുന്നില്ല. ശ്രീനാരദൻ തന്റെ ഭക്തിസൂത്രത്തിൽ പറയുന്ന “കാമക്രോധാദികമപിതസ്മിന്നേവകരണീയം” കാമക്രോധാദികളും അദ്ദേഹത്തിൽ (ഈശ്വരനിൽ) തന്നെ കരണീയമാണ്. കാമംകൊണ്ടു ഗോപികമാരും ക്രോധംകൊണ്ടു ശിശുപാലാദികളും പരമപദം പ്രാപിച്ച കഥ സുവിദിതമാണല്ലോ. അതുപോലെ വാത്സല്യംകൊണ്ടു യശോദാദികളും അനുരാഗംകൊണ്ടു രുഗ്മിണീസത്യഭാമാദികളും സഖ്യഭാവംകൊണ്ടു് അജ്ജുനാദികളും മററും ഉൽകൃഷ്ടപദം പ്രാപിച്ചതും ഇവിടെ സ്മത്തവ്യമാണ്. ബുദ്ധിഹീനകളായ ഗോപികൾ പ്രേമപ്രവാഹശക്തികൊണ്ടു് അനായാസേന പ്രാപിച്ച പദത്തെ മേധാസമ്പന്നനും ജ്ഞാനിയുമായ ഉദ്ധവർ പ്രാപിക്കുവാൻ എത്രയും പ്രയാസമായിരുന്നു എന്നതു് നമ്മെ അത്ഭുതാധീനരാക്കുന്നു.

അതുകൊണ്ടു് ഭക്തിയാണ് സാധാരണക്കാക്കു സുഗമമായ സാധന. അതു സുന്ദരവും മഹനീയവുമാണ്. ജ്ഞാനലബ്ധിക്കുശേഷം മഹഷികൾ ഭക്തിയിൽ

തന്മയന്മാരായി രസിക്കുന്നു. ഭാഗവതത്തിൽ—

"ആത്മാരാമാശ്ചമുനയോ
നിർഗ്രന്ഥാ അപ്യുരുക്രമേ
കുർവന്ത്യഹൈതുകിംഭക്തി-
മിത്ഥംഭൂതഗുണോ ഹരിഃ"

എന്നു പറയുന്നതു് എത്രയും പരമാർത്ഥമാണു്. ജനനാൽതന്നെ ബ്രഹ്മജ്ഞാനിയായ ശ്രീശുകൻ ഭക്തിയിൽ ആനന്ദിക്കുന്നു. പരീക്ഷിത്തിനു് ഭക്തിതരംഗിതമായ ശ്രീഭാഗവതം ഉപദേശിക്കുന്നതു് അദ്ദേഹമാണു്. നിത്യമുക്തനായ ശ്രീനാരദൻ, തന്റെ വീണയിൽ നിരന്തരം ഈശ്വരഗാനങ്ങൾ ആലാപിക്കയത്രേ ചെയ്യുന്നതു്. പരമജ്ഞാനിയും പണ്ഡിതപ്രകാണ്ഡവുമായ ശ്രീഹനുമാന്റെ നാവിൽനിന്നും സദാ രാമകീർത്തനം തന്നെ ഉയരുന്നു.

ജ്ഞാനി, സംസാരവിരക്തനായിട്ടു് ഏതുവിധത്തിലും പുനർജന്മത്തെ ഒഴിവാക്കാനാണു ശ്രമിക്കുന്നതു്. എന്നാൽ ഭക്തൻ അതിനെ സാനന്ദം സ്വാഗതം ചെയ്യുന്നു.

"മമ ജന്മനിജന്മനീശ്വരോ
ഭവതാദ്ഭക്തിരഹൈതുകീത്വയി"

എന്റെ ജന്മംതോറും ഈശ്വരനായ നിന്തിരുവടിയിൽ അഹൈതുകിയായ ഭക്തി ഭവിക്കട്ടേ!!

"യത്രയത്ര ഹിജാതോഽസ്മി
സ്ത്രീഷു വാ പുരുഷേഷു വാ
തത്രതത്രാചലാഭക്തി
സ്ത്വയി മേ മധുസൂദന!"

ഞാൻ എവിടെ എവിടെയെല്ലാം സ്ത്രീയായിട്ടോ പുരുഷനായിട്ടോ ജനിക്കുന്നു അവിടെ അവിടെയെല്ലാം, അല്ലയോ മധുസൂദന! (അങ്ങയിൽ) അചഞ്ചലയായ ഭക്തി (തന്നു്) എന്നെ രക്ഷിക്കേണമേ!!

ഈ വിധത്തിലാണു് ഭക്തന്മാർ പ്രാർത്ഥിക്കുന്നതു്.

ഭക്തൻ ഒരു വീരനാണു്. ഏതു ആപത്തുകളേയും അവൻ പ്രേമശക്തിയാൽ തരണം ചെയ്യുന്നു. ശുനകനെപ്പോലും ഭയപ്പെടുന്ന ഭീരുവായ സ്ത്രീ തന്റെ വത്സലസന്താനത്തെ രക്ഷിക്കാൻ സിംഹത്തിനോടുപോലും മല്ലിടുന്നു. സ്വാമിയായ ശ്രീരാമനോടുള്ള ഭക്തിനിമിത്തം ഹനുമാൻ ഒററക്കുതിക്കു് വിസ്തൃതമായ സമുദ്രം കടന്നു് ലങ്കയിലെത്തി. ഭഗവാനു തന്നെ ചിറയിട്ടിട്ടു മാത്രമേ അക്കരെ എത്താൻ സാധിച്ചുള്ളു. അതാണു് വിശ്വാസത്തിന്റെ ശക്തി! അതാണു് ഭക്തിയുടെ മാഹാത്മ്യം!

യച്ഛ്രദ്ധയാ ഉപനിഷദാ കരോതി
തദേവീര്യവത്തരം ഭവതി"

വിശ്വാസംകൊണ്ടു് മൂഢന്മാർപോലും പർവ്വതത്തെ തരണം ചെയ്വാൻ ശക്തനാകുന്നു. അഹോ! എന്താണു് വിശ്വാസംകൊണ്ടു സാധിക്കാത്തതു്?

ഭക്തൻ സകലതും ഈശ്വരനിൽ അർപ്പിക്കുന്നു. സർവ്വത്ര അവൻ ഈശ്വരനെ കാണുന്നു. ഈശ്വരനേക്കാൾ പ്രിയനായിട്ടു മററാരുമില്ല. എല്ലാവരിലും ഈശ്വരനെ കണ്ടുതുടങ്ങുന്നു. ഈ അവസ്ഥയിൽ ഭക്തിയും ജ്ഞാനവുമായിട്ടുള്ള ഭേദം തന്നെ നശിക്കുന്നു. ചിലപ്പോൾ ഭക്തൻ തന്മയനായിട്ടു് താനും ഈശ്വരനും തമ്മിലുള്ള ഭേദം തന്നെ മറക്കുന്നു.

അദ്വൈതത്തിന്റെ ലക്ഷ്യവും അതാണല്ലോ"യഥാത്മബുദ്ധ്യാ ജീവഃ സേവ്യതേതൽ പ്രേമ" ജീവനെ ആത്മബുദ്ധ്യാ സേവിക്കുന്നതാണു പ്രേമം. ഈ രീതിയിൽ ജീവനേ സേവിക്കുന്നവർ യഥാൎത്ഥത്തിൽ ഈശ്വരനേയാണു് സേവിക്കുന്നതു്.

ഇതാണു് ആദർശം. എന്നാൽ ഒരാൾക്കു് ആദ്യംതന്നെ ഉച്ചമായ ആദർശത്തിൽ എത്തിച്ചേരാൻ സാധ്യമല്ല. ഓരോ പടികളായിട്ടു് കടന്നു ഉന്നതമായ പദത്തിൽ ആരോഹണം ചെയ്യേണ്ടിയരിക്കുന്നു. ആദ്യം നമുക്കു് മനുഷ്യസ്ഥിതികളെ അതേ നിലയിൽതന്നെ സമീക്ഷിക്കാം. നമുക്കു സ്നേഹം ഉണ്ടു്. അതു നമ്മേ സുഖത്തിലേയ്ക്കും അതുപോലെതന്നെ ദുഃഖത്തിലേക്കും നയിക്കുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതു നമ്മുടെ ലക്ഷ്യത്തിന്റെയും ഭാവത്തിന്റെയും സ്വഭാവം അനുസരിച്ചാണു് ഉണ്ടാകുന്നതു് സ്നേഹാധാരം പരിമിതവും അനിത്യവും ആകുമ്പോൾ പ്രായേണ ആ സ്നേഹത്തിന്റേ അവസാനം കണ്ണുനീരിലായിരിക്കുമെന്നുള്ളതു നിശ്ചയമാണു്. നാം ഒരാളെ സ്നേഹിക്കുമ്പോൾ, ആ സ്നേഹപാത്രമയ ആൾ ചിലപ്പോൾ നമ്മോടു ക്രോധാകുലനോ, അഥവാ ഉദാസീനനോ ആയി എന്നുവന്നേക്കാം. തന്നെയല്ല,ആ ആളിന്റെ സൗന്ദര്യം-നമ്മുടെ കണ്ണിൽ അമൃതു വർഷിച്ചിരുന്ന ആ സൗന്ദര്യം—രോഗംകൊണ്ടോ മററു വല്ല കാരണത്താലൊ നശിച്ചു എന്നും വരാവുന്നതാണു്. എന്തായാലും ആ ആൾക്കു് ജരാനരയും മരണവും മററും നിശ്ചയമാണു്. അതുകൊണ്ടു് ആദ്യം പ്രസ്താവിച്ചതുപോലെ നാം അപരിമിതനും അനന്തനും പരിപൂൎണ്ണനും അനന്തകല്യാണനിധിയും പരിശുദ്ധനും ആയ ആളെ ഈശ്വരനേ വേണം സ്നേഹിക്കേണ്ടതു് എന്നു സിദ്ധമാകുന്നു.

മനുഷ്യനു് അല്പത്തിലോ സാന്തത്തിലോ ഒരിക്കലും സുഖമില്ല. അനന്തത്തിലാണു് യഥാൎത്ഥസുഖം. മററു സുഖങ്ങളെല്ലാം ദുഃഖകാരണങ്ങളായിത്തീരുന്നു. മനുഷ്യൻ ഇഷ്ടനാശം കൊണ്ടു കഷ്ടപ്പെടുകയാണു് അതിന്റെ ഫലം. ഈശ്വരൻ "സത്യം, ശിവം, സുന്ദരം" അത്രേ. മനുഷ്യൻ സത്യത്തിലും ശിവ(മംഗളമായതിലും സുന്ദരമായതിലും സ്നേഹത്തെ അൎപ്പിച്ചാൽ, പിന്നീടു ഒരിക്കലും ഇഷ്ടനാശംഭംഗപ്പെടേണ്ടിവരുകയില്ല. ആ മൂന്നു ഗുണവും സമ്പൂൎണ്ണമായി ഈശ്വരനിൽ മാത്രമാണല്ലോ ഉള്ളതു്. അതുകൊണ്ടു ആ അശേഷകല്യാണഗുണനിലയനിൽ ഭക്തിമാനായി ധന്യൻ ആനന്ദിക്കുന്നു.

ആദ്യം നമ്മുടെ സ്നേഹം സ്വാൎത്ഥപരമായിരിക്കും. നാം ആരെയെങ്കിലും സ്നേഹിക്കുന്നതു് ആ ആളിൽ നിന്നു ലഭിക്കുന്ന സുഖത്തിന്റെ അളവനുസരിച്ചാണു്. നമ്മുടെ പ്രേമഭാജനമായ ആളോ വസ്തുവോ നമുക്കു ആവശ്യമുള്ള ആനന്ദത്തെ പ്രദാനം ചെയ്യണം എന്നുമാത്രമേ നാം ആലോചിക്കാവുള്ളൂ. ഏതാദൃശമായ സ്നേഹം ഒരു ഭിക്ഷുവിന്റെതാണു്. കേവലം കാമമാണു്. സ്നേഹത്തിനു് എന്തെങ്കിലും പകരം വേണമെന്നു് ആഗ്രഹിച്ചാൽ, നമ്മുടെ പ്രേമസിന്ധുകേവലം ബിന്ദുവായിത്തീരുന്നു. പലപ്പോഴും ക്ഷേത്രത്തിൽ വഴിപാടു കഴിക്കുന്നതും ഈ ഇനത്തിൽപ്പെടുന്നു.

കൊടുക്കൽ വാങ്ങൽ ഇതിനേയാണ് കച്ചവടക്കാരന്റെ സ്നേഹമെന്നു പറയുന്നതു്. എന്നാൽ സകലതും ഈശ്വരനിൽ അർപ്പിക്കുന്നു എന്ന ബുദ്ധിയോടുകൂടിയാണെങ്കിൽ വഴിപാടിനും ഒരു വിലയുണ്ടു്. എന്നാൽ സാധാരണ ആരും അങ്ങനെ ചെയ്യാറില്ല. മനുഷ്യസ്നേഹവും ഈശ്വരസ്നേഹവും എല്ലാം ഈ കച്ചവടബുദ്ധിയോടുകൂടിയാണ് മനുഷ്യനിൽ പ്രായേണ പ്രത്യക്ഷപ്പെടുന്നതു്. ഇതിനെ എങ്ങനെ യഥാർത്ഥസ്നേഹമെന്നുപറയാം?

ഉൽകൃഷ്ടതമവും പവിത്രതമവും അത്രേ നിസ്വാർത്ഥപ്രേമം. പകരം യാതൊന്നും ആവശ്യപ്പെടുന്നില്ല; ആഗ്രഹിക്കുന്നുമില്ല. ആ പ്രേമം, പ്രേമഭാജനത്തെ സഹായിക്കുന്നു, സേവിക്കുന്നു. നിരന്തരം ആ സേവനത്തിൽ മാത്രം ആനന്ദിക്കുന്നു. നാം അപ്പോൾ ഈശ്വരൻ സ്നേഹിക്കുന്നതുപോലെതന്നെ സ്നേഹിക്കുന്നു. ആ അവസ്ഥയിൽ നാം ആപ്തകാമന്മാരായിത്തീർന്നു കഴിഞ്ഞു. എന്തെന്നാൽ—'മൂന്നുലോകത്തിലും അപ്രാപ്യമായി ഒന്നുമില്ല. നമുക്കു മുമ്പിൽ ആ കല്യാണവിഗ്രഹം ആനന്ദവിഗ്രഹം സദാ വിളങ്ങുന്നു. വേറെ എന്താണു ഭക്തനു സിദ്ധിക്കേണ്ടതു്". യാതൊരുവനെ ലഭിച്ചാൽ അതിനേക്കാൾ ശ്രേഷ്ഠമായി മറ്റൊന്ന് ഒരിക്കലും ഒരിടത്തും ലഭിക്കാനില്ലയോ' ആ സച്ചിദാനന്ദ വിഗ്രഹമത്രേ അദ്ദേഹം!

അതേ നാം ആ മഹേശ്വരന്റെ സന്താനങ്ങളാണ്. ആ രാജരാജേശ്വരന്റെ കിരീടാവകാശികളാണ്. നമ്മുടെ പാരമാർത്ഥികസത്വത്തെ വികസിപ്പിക്കാൻ മറ്റൊന്നുമാവശ്യമില്ല. യഥാർത്ഥപ്രേമം മാത്രം മതി "കൃഷ്ണസുഖേ സുഖ" കൃഷ്ണസുഖത്തിൽ സുഖം, "നസ്വസുഖേ സുഖ" സ്വസുഖത്തിലല്ല സുഖം ഈ ഭാവമായിരിക്കണം നമുക്കു വേണ്ടതു്. അനന്തമായ ഈ പ്രേമനിധി നമ്മുടെ അന്തർഭാഗത്തുതന്നെ സ്ഥിതിചെയ്യണമെങ്കിൽ കൊടുക്കുക, കൊടുക്കുക, തിരിച്ചു് യാതൊന്നും ചോദിക്കാതെ കൊടുക്കുക!

പ്രേമകനിൽ—ഭക്തനിൽ മൂന്നുഭാവങ്ങൾ ഉണ്ടു്. ആദ്യത്തെ "തസ്യൈവാഹം" ഞാൻ അദ്ദേഹത്തിന്റേതാണ്, എന്നുള്ള ഭാവമാണ്. ആ നിലയിൽ ഭക്തനും ഭഗവാനും അകന്നിരിക്കുന്നു. ഭക്തന് എപ്പോഴും അദ്ദേഹം എന്നേ പറയാൻ സാധിക്കുന്നുള്ളു. ഭഗവാൻ പ്രത്യക്ഷമല്ല, പരോക്ഷമായി മാത്രം സ്ഥിതിചെയ്യുന്നു. ആ സ്നേഹം—ഭക്തി ആദ്യാവസ്ഥയിലേതാണ്. ഭക്തഹൃദയത്തിൽ അപ്പോൾ പ്രേമം ഉദയം ചെയ്തിട്ടേ ഉള്ളു.

രണ്ടാമത്തേതു് "തവൈവാഹം" ഞാൻ നിന്റേതാണ് എന്നുള്ള ഭാവമാണ്. ഈ നിലയിൽ ഈശ്വരന്റെ അടുത്തു ചെല്ലുന്നു. ഭഗവാൻ ഭക്തന്റെ സമീപത്തെ പ്രാപിച്ചിരിക്കുന്നു. ഭഗവാൻ പരോക്ഷമല്ല, പ്രത്യക്ഷമായിത്തന്നെ സ്ഥിതി ചെയ്യുന്നു. ഈശ്വരനോടു നേരിട്ടു സംസാരിക്കയും പ്രണയകലഹം നടിക്കയും മറ്റും ചെയ്യുന്നതു് ഈ അവസ്ഥയിലാണ്. നാരായണീയത്തിൽ ഈ ദ്വിതീയഭാവമാണ് സർവത്ര പരിലസിക്കുന്നതു്. ആ നിലയിൽ ഭക്തൻ കൂടുതൽ സ്വാതന്ത്ര്യവും ആനന്ദവും അനുഭവിക്കുന്നു. സകല കാര്യങ്ങളും നേരിട്ടുതന്നെ

ഉണർത്താമെങ്കിൽ അതു് അതികാമ്യമായ ഒരു അവകാശം തന്നെയാണ്. അജ്ജുനനു സാധാരണ ഈ ഭാവം തന്നെയാണ് ഉണ്ടായിരുന്നതു്.

ഈ അവസ്ഥയും കടന്നു മൂന്നാമത്തേ അവസ്ഥയിലേക്കു പ്രവേശിക്കുമ്പോൾ ഭക്തൻ പറയുന്ന "ത്വമേവാഹം", അങ്ങു ഞാൻ തന്നെയാണ് എന്നു്, ഭക്തനും ഭഗവാനും തമ്മിലുള്ള സകല വ്യത്യാസങ്ങളും അസ്തമിച്ചിരിക്കുന്നു. സമ്പൂർണ്ണമായ അഭേദാവസ്ഥ സംജാതമായിരിക്കുന്നു. ഈ അവസ്ഥയേയാണ് ജ്ഞാനികൾ അദ്വൈതമെന്നു പറയുന്നതു്. ഇതാണ് ഭക്തിയുടെ പരമാവസ്ഥ. ഭക്തന്മാക്കു് ഇതു സഹജേന സംഭവിക്കുന്നതാണ്. തങ്ങൾ കൃഷ്ണൻ തന്നെയാണെന്ന് ഗോപികൾക്കു തോന്നി. ഓരോന്നു പ്രവർത്തിക്കാൻ തുടങ്ങി.

ഈ തൃതീയ നിലയിൽ ക്രൈസ്റ്റ് പറഞ്ഞു. " I and my father are one" ഞാനും എൻെറ അപ്പനും ഒന്നു തന്നെ. സൂഫീമഹാത്മാവു പറയുന്ന "അൻ അൽഹക് ഞാനാണു സത്യം, കവി പറയുന്നു:-

"ശിവോഽഹം ശിവോഽഹം എന്നു്

മുമ്പു് ഈ ഭക്തന്മാക്കെല്ലാം ഭക്തിക്കു് മറെറാരു വസ്തു വെളിയിൽ ഉണ്ടായിരുന്നു. എന്നാൽ ഭക്തിയുടെ ഗാംഭീര്യവും തീഷ്ണതയും നിമിത്തം ഭക്തൻ ഭഗവാനിൽ ഉരുകിച്ചേരുന്നു. ശ്രീഹനുമാൻ പറയുന്നു:—

"ദേഹബുദ്ധ്യാ തു ദാസോഽസ്മി
ജീവബുദ്ധ്യാത്വദംശകഃ
ആത്മബുദ്ധ്യാത്വമേവാഹം
ഇതിമേ നിശ്ചിതാ മതിഃ"

മേലിൽ പറഞ്ഞതായ മൂന്നു അവസ്ഥയും താൻ അനുഭവിക്കുന്നതായി ഹനുമാൻ ഈ പദ്യം കൊണ്ടു കാണിച്ചിരിക്കുന്നു.

ഭക്തിയുടെ പരമകാഷ്ഠയിൽ മററു യോഗങ്ങളെല്ലാം ഒരുമിച്ചു ചേരുന്നു. അവൻ സ്വാത്ഥപരമായി ഒരു കമ്മവും ചെയ്യുന്നില്ല. എല്ലാം ഭഗവത്സേവാപരമായിട്ടാണു ചെയ്യുന്നതു്. ആ നിലയ്ക്കു് അവൻ ഒരു യഥാത്ഥകമ്മയോഗിയത്രേ. ഈശ്വരനിൽ മാത്രം മനസ്സു രമിക്കുന്നതുകൊണ്ടു ലൗകികകാര്യങ്ങളിൽ അവൻ അറിയാതെ തന്നെ വിരക്തനായിത്തീരുന്നു. അഹിംസാസത്യയാദിഗുണങ്ങൾ എല്ലാം അവനു സഹജമായി ഉണ്ടാകുന്നു. എല്ലായിടത്തും ഈശ്വരനെ മാത്രം കാണുന്ന അവൻ ഹിംസാദികൾ എങ്ങനെ ചെയ്യും. സവ്വത്ര സമദർശനനാണ് അവൻ. യമനിയമാദികൾ അനായസേന അവനു് ആയത്തമാകുന്നു. ഈശ്വരൈകനിഷ്ഠനായ അവൻ ഒരു യഥാത്ഥരാജയോഗിയും ആണ്. ജ്ഞാനത്തിൻെറ പരമകാഷ്ഠഅദ്വൈതഭാവം ആണല്ലോ. അതു ഭക്തനു സഹജമായി സംഭവിക്കുന്നതായി പ്രകടമാക്കിയിട്ടുണ്ടല്ലോ. അങ്ങനെ അവൻ ഒരു ജ്ഞാനയോഗിയും കൂടിയാണ്. ഇങ്ങനെ നാലുയോഗങ്ങളിലും ഭക്തൻ അനായസേന ആരൂഢനാകുന്നതുകൊണ്ടായിരിക്കാം" ഭക്തിരേവ ഗരീയസീ ഭക്തിരേവ ഗരീയസീ എന്നു പറയുന്നതു്.

വിശേഷിച്ചു് ഈ കലികാലത്തു്. മററു യോഗങ്ങളൊന്നും ശീലിക്കത്തക്ക ബുദ്ധിശക്തിയോ ശരീരദാർഢ്യമോ ദീർഘായുസ്സോ മനുഷ്യനു് ഇല്ലാതിരിക്കവേ, സാധാരണ ഭക്തിയോഗനിഷ്ഠരായിരിക്കുകയാണ് ഉത്തമമായിട്ടുള്ളതു്. അതുകൊണ്ടു് അനന്തകല്യാണഗുണനിധിയായ ഭഗവാനിൽ നിഷ്കളങ്കമായ പ്രേമത്തെ അർപ്പിച്ചു കൊണ്ടു് നമുക്കു മനുഷ്യജന്മത്തേ അനുഗൃഹീതവും ധന്യവുമാക്കാം.

ഓം ശാന്തി! ശാന്തി! ശാന്തി!!

# ശാന്തിഗീതം

കവിയൂർ, എം. ജി. കൃഷ്ണപിള്ള.

കാളിന്ദീതീരത്തെ സൈകതവേദിയി-
ലോളം തുളുമ്പുന്ന ദിവ്യഗീതം,
കാളിയമസ്തക നർത്തനവേളയിൽ
മേളിയ്ക്കും മഞ്ജീരശിഞ്ജിതങ്ങൾ.
കേൾക്കുവാൻ വെമ്പുന്ന മാമകകർണ്ണങ്ങൾ
വായ്ക്കുന്ന മോഹമകക്കുരുന്നിൽ.
കൈവല്യപ്പൊൻമണി നാദമധുരിമ,
കാരുണ്യച്ചോല തൻ ദിവ്യഗാനം.
ആനന്ദപ്പാൽക്കടൽ പിഞ്ചല-
പ്പുഞ്ചിരി-
ആരിലും രോമാഞ്ചം പൂശിടുന്നു.
അല്ലലിൻ ഛായ മറയ്ക്കാത്ത ജീവിത-
മില്ലെന്നു കാട്ടും നിയതി ചിത്രം;
ഈ വിശ്വമായയിൽ മുങ്ങാത്തമാനസ-
മാഹാത്മ്യം പാടുന്ന വിശ്വകാവ്യം;
അദ്വൈത സിദ്ധാന്തപ്പാലാഴിപ്പൂന്തിങ്കൾ;
അദ്വയാനന്ദമരന്ദസാരം;
നിർമ്മല പ്രേമക്കുളിരൊളി തൂകുന്നു,
നിർവാണദായകൻ, നന്ദസൂനു.
വിശ്വമേ! വിജ്ഞാനഭാഗ്യ-
ക്കുരുന്നിന്റെ-
വിസ്മയലീലാനികേതനം നീ.

നിന്മടിത്തട്ടിലനന്ത ചൈതന്യത്തിൻ
പൊന്നല നിത്യവും തൂകിത്തൂകി,
ശുദ്ധസത്യാനന്ദ നിർമ്മലവേദാന്ത-
മുഗ്ദ്ധകളഗാനം പാടിപ്പാടി,
കേളികളാടിയ കേവലാത്മാവിന്റെ
ഗീതകൾ സർവ്വമതാർത്ഥതത്വം.
കാൽവരിക്കുന്നിലെക്കൊച്ചുപുൽ-
ത്തുമ്പിലെ
കാരുണ്യപീയൂഷനേത്രബിന്ദു;
ശ്രീബുദ്ധസിദ്ധവിഹാരപ്പൂങ്കാവിലെ
വിശ്വൈകവിജ്ഞാന കേദാരമദ്ദിവ്യ-
വൃന്ദാവനത്തിലേ ശാന്തിഗീതം.
ഒക്കെയും മാനവമാനസശുദ്ധിയി-
ലേകമായ്—നിത്യമായ് തോന്നിടുന്നു.
സത്യത്തിൻ സമ്യക്പ്രബോധത്തി-
ലാത്മാവിൻ
സുസ്മിതം തൂകുന്ന ദിവ്യശാന്തി.
ആനന്ദപ്പൂവണിപ്പൊൻവല്ലി-
പോലവേ-
ആദർശകാന്തി ചൊരിഞ്ഞീടുന്നു.
മേദിനിക്കുത്സവമദ്ദിവ്യസംഗീതം,
മേദുരാമോദമപ്പുണ്യദീപം.

# സമുദായശാസ്ത്രം

ബി. പത്മനാഭപിള്ള, ബി. എ.

ഫ്രാൻസിൽ സമുദായശസ്ത്രചർച്ച വളരെക്കാലംകൊണ്ടു നടന്നു വരികയാണു്. എന്നാൽ പ്രസ്തുത ചർച്ചയ്ക്കു് ഉതകുന്ന സ്വതന്ത്രവിദ്യാകേന്ദ്രങ്ങൾ അടുത്ത കാലത്താണു സ്ഥാപിതമായിട്ടുള്ളതു്. ഈ സ്ഥാപനങ്ങളിൽ സമുദായശാസ്ത്രത്തെപ്പററിയുള്ള വിജ്ഞാനം നൽകുന്നതിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കീട്ടുണ്ടു്. പ്രസിദ്ധന്മാരായ സമുദായശാസ്ത്രപണ്ഡിതന്മാരുടെ ആഭിമുഖ്യത്തിൽ പ്രസ്തുതസ്ഥാപനം അടിയുറച്ചു വരുന്നു. അവിടെ നടക്കുന്ന സമുദായ ശാസ്ത്രപഠനം എപ്രകാരമാണെന്നു ചിന്തിക്കാം.

ഫ്രെഞ്ചുഗവൎമ്മെന്റിന്റെ അധീനതയിൽ നടത്തുന്ന സർവകലാശാലയോടു ഘടിപ്പിച്ചു്, ല ാസർബോൺ (Law Sorbonne) എന്നൊരു ശാഖയുണ്ടു്. പാരിസ് യൂണിവേർസിററിയിൽ വിദ്യാപദ്ധതി അഞ്ചു വിഭാഗങ്ങളായിട്ടാണു നടത്തിവരുന്നതു്. ഒന്നാമത്തേതു് ചട്ടം. രാജ്യതന്ത്രവും ഇതിൽ ഉൾപ്പെടും. 2. ചികിത്സ. 3. ഭേഷജതത്വം. 4. ഉദ്ഭിജ്ജശാസ്ത്രം. 5. ദർശനവും, സാഹിത്യവും. ഒടുവിലത്തെ വിഭാഗത്തിൽ ചേർന്നതാണു് ലാ സർബോൻ സ്ഥാപനം. ഇതോടുകൂടി അമേരിക്കയിലെ യൂണിവേർസിററികളുടെ കലാവിഭാഗവും ചേർത്തിട്ടുണ്ടു്. കൊല്ലവർഷം 1890-ൽ സർബോൺ ഡർകിൻ (Srobonne Durkhein) എന്നൊരാൾക്കു് സമുദായശാസ്ത്രത്തിൽ ആദ്യമായി ഡാക്ടർ ഡിഗ്രി (Ph. D.) കൊടുത്തു. അദ്ദേഹം ബോർഡൻ സർവ്വകലാശാലയിലെ (Bordeon University) സമുദായ ശാസ്ത്രത്തിലെ ആദ്യത്തെ പ്രഫസ്സരായിരുന്നു.

സമുദായം എന്നാൽ സംഗം എന്നാണു് അമേരിക്കയിലെ പ്രസിദ്ധസമുദായ ശാസ്ത്രജ്ഞനായ ഗിഡിംഗ്സിന്റെ അഭിപ്രായം. സംഗം എന്നാൽ ചില വ്യക്തികളുടെ സമിഷ്ടി. സമുദായത്തിൽ ഉൾപ്പെട്ട വ്യക്തികൾ ഒരു പ്രത്യേക ഉദ്ദേശ്യം സാധിക്കുന്നതിനു പരസ്പരം യോജിക്കയും ഒരു സ്ഥാപനം സംഘടിപ്പിക്കയും വേണം. അങ്ങനെ ഉണ്ടാകുന്ന സംഘടനയിൽ അനേകം ആളുകൾ ചേർന്നു നാനാപ്രകാരേണയുള്ള സമന്വയങ്ങൾ പ്രവർത്തിക്കപ്പെടുന്നു. തന്മൂലം താല്ക്കാലികവൈപരീത്യം, സ്ഥായിയായ സ്ഥാപനം, സ്വാധീനമായ കരാറുകൾ പ്രായോഗികമാക്കാനുള്ള നിർബന്ധിതശക്തികൾ, സ്ഥാപനങ്ങൾ, ജാതി, മതം നഗരം മുതലായ സകലതും ഒരുമിച്ചു ചേരുന്നു.

സമുദായത്തെ രണ്ടായി വിഭജിക്കയാണു് ഗിഡിംഗ്സിന്റെ രീതി. 1. സ്വാഭാവികം. 2. രാഷ്ട്രീയം. അദ്ദേഹത്തിന്റെ അഭിപ്രായം അനുസരിച്ചു മനുഷ്യരുടെ സമിഷ്ടി എന്നോ ഒരു പ്രത്യേക സ്വാർത്ഥസിദ്ധിക്കുവേണ്ടി മനുഷ്യർ ഒരുമിച്ചുചേരുന്നതോ ആണു്, സമുദായം എന്നു പറഞ്ഞാൽ പോര. ശാസ്ത്രീയ

മായ അഭിപ്രായപ്രകാരം സമുദായം എന്നാൽ സ്വാഭാവികമായ ഉന്നതിയിലേയ്ക്കു മുന്നോട്ടു പോകുന്നതും വിരോധമൂലകമായ സംബന്ധം സഹയോഗമായി പരിണമിക്കുന്നതും ക്രമേണ സ്ഥായിയായ സ്ഥാപനമായിത്തീരുന്നതും ആയ മനുഷ്യരുടെ ഒരു സചേതനസമിഷ്ടിയാകുന്നു. സമുദായത്തെ മനുഷ്യശരീരവുമായി തുല്യപ്പെടുത്തി ഗവേഷണം ചെയ്തതിൻെറ ഫലമായി ഗിഡിംഗ്സ് അഭിപ്രായപ്പെട്ടന്നതു് ഇപ്രകാരമാണ്. ദേഹവും സമുദായവും തമ്മിൽ അല്പം സാമ്യം ഉണ്ടെങ്കിലും രണ്ടും എല്ലാ വിധത്തിലും ഒരേ രീതിയിലല്ല. സമുദായത്തിൽ ചേന്ന വ്യക്തികൾ ബാഹ്യമായ ബന്ധം കൊണ്ടു മാത്രം യോജിച്ചവരല്ല. സ്വാൎത്ഥത, സഹാനുഭൂതി, ആശയങ്ങളുടെ ഐകരൂപ്യം ഇവ കൊണ്ടും യോജിച്ചവരാണ്. സമുദായത്തെ ദേഹവുമായി സാമ്യപ്പെടുത്തണമെങ്കിൽ ദേഹാത്മകം എന്നു പറയണം; അതായതു് ദേഹം അടിസ്ഥാനമാണെങ്കിലും അതിൽ ആത്മികവും മാനസികവും ആയ ഐക്യം അത്യന്താപേക്ഷിതമാണ്. ദേഹം എന്നു മാത്രം പറയുമ്പോൾ സാമുദായത്തിനു പൂൎണ്ണത കുറയുന്നു. അതിനാൽ ദേഹാത്മകയുക്തം (Physio Psychic) എന്നു പറയുന്നതാണു യുക്തം. സമുദായമെന്ന സ്ഥാപനം കുറെ ക്രമവികാസ (evolution) ത്തിൻെറ ഫലത്താലും കുറെ വൈപരീത്യയുക്തമായ സമന്വയം കൊണ്ടും ഉണ്ടായിട്ടുള്ളതാണ്.

സമുദായത്തിൻെറ കൎത്തവ്യം സചേതനമായ ജീവിതത്തിന്റെ ക്രമോന്നതിയെ സാധിപ്പിക്കയും മനുഷ്യൻെറ വ്യക്തിത്വം പ്രകാശിപ്പിക്കാൻ സൗകര്യം കൊടുക്കുന്നതും ആകുന്നു. മനുഷ്യൻെറ സന്മാൎഗ്ഗസ്വഭാവം പരസ്പരം ഉള്ള സചേതനമായ ചേൎച്ചയിൽ രൂപീകരിക്കപ്പെടുന്നു. സാഹിത്യം, ദർശനം, മതം, മതബോധം ലൗകികനീതി ഇവയെല്ലാം മനുഷ്യർ തമ്മിയുള്ള സചേതമായ സംഗത്തിൽ നിന്നും ഉണ്ടായിട്ടുള്ളതാണ്.

സാഹിത്യം മതം ആദിയായവ നൂതനമായ മനുഷ്യയോഗങ്ങളെ ഉത്പാദിപ്പിക്കുന്നു. പുതിയ ഉണർവുവരുത്തി നൂതനരീതിയിൽ മനുഷ്യനെ രൂപീകരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ സമുദായസ്ഥാപനങ്ങളുടെ മുഖ്യ ഉദ്ദേശ്യം വ്യക്തിത്വത്തിന്റെ ക്രമവികാസത്തെ സഹായിച്ച് മനുഷ്യത്വം പൂൎണ്ണമാക്കുക എന്നാകുന്നു.

ഫ്രഞ്ചു് സമുദായ ശാസ്ത്രജ്ഞനായ കോംടെ (Comte) 1798—1857) ആണു് സോഷ്യലിസം എന്ന പേരു് ആദ്യമായി ഉപയോഗിച്ചതു്. അദ്ദേഹം സമുദായത്തിൻെറ ക്രമവികാസത്തെ സംബന്ധിച്ചു ചില നിയമങ്ങൾ പ്രചരിപ്പിച്ചു. സാമുദായിക സംഭവങ്ങളുടെ ഉത്തമമായ വ്യാഖ്യാനം തന്നെയാണു സമുദായശാസ്ത്രമെന്ന് അദ്ദേഹം പറയുന്നു. വ്യാഖ്യാനരീതി മനസ്തത്വത്തിൽ കൂടിയും, അംഗാംഗികളുടെ സാമഞ്ജസ്യം, പ്രകൃതിയുടെ തെരഞ്ഞെടുപ്പ് ശക്തിയുടെ വൎദ്ധന ഇവയിൽകൂടിയുമാണു വേണ്ടതു്. 'കോംടേക്കു' വളരെ മുമ്പുതന്നെ സമുദായസംബന്ധമായ നിയമങ്ങളുടെ ചൎച്ച നടപ്പിലിരുന്നു. ഇതുസംബന്ധിച്ചുള്ള പാശ്ചാത്യചിന്താപ്രവാഹം തുടങ്ങുന്നതു് 'കോണ്ടേക്കു്' എത്രയോ മുമ്പാണ്. പ്ലേറ്റോ

എന്ന തത്വജ്ഞാനിക്കു മുമ്പുതന്നെ സമുദായശാസ്ത്രചിന്തയുടെ ആരംഭം ഉണ്ടായിട്ടുള്ളതായി ഗ്രീക്കു് സാഹിത്യത്തിൽ തെളിവുകൾ ധാരാളം ഉണ്ടു്.

പൌരസ്ത്യരാജ്യങ്ങളെപ്പററി ചിന്തിക്കയാണെങ്കിൽ ചൈനായിലെ 'ചാവോലി' ഈജിപ്തിലെ "Book of the dead" ഭാരതത്തിലെ ഐതരേയബ്രാഹ്മണം, മനുസംഹിത മുതലായവയും പ്രമാണങ്ങളാണ്. സാധാരണ സമുദായശാസ്ത്രങ്ങൾ എന്നപേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങളിൽ സമുദായത്തെ സംബന്ധിച്ച സകല ശാസ്ത്രങ്ങളുടേയും ഒരു സമ്മിശ്രണം മാത്രമാണ് കാണുന്നതു്. എന്നാൽ അമേരിക്കയിലെ സമുദായശാസ്ത്രജ്ഞനായ സറോക്കിൻ (Sorokin) ൻെറ അഭിപ്രായത്തിൽ സമുദായശാസ്ത്രം ഒരു പ്രത്യേകശാസ്ത്രമാണ്. സകലസമുദായങ്ങൾക്കും പൊതുവായിട്ടുള്ള സംഭവങ്ങളുടെ വൈശിഷ്ട്യത്തെപ്പററി ചിന്തിക്കയാണ് ഈ ശാസ്ത്രത്തിലെ വിഷയം.

ഗിഡിംഗ്സിൻെറ അഭിപ്രായം വേറെ വിധത്തിലാണ്. സാമുദായികസംഗതികളെ അസാമുദായിക സംഭവങ്ങളിൽനിന്നും വേർതിരിക്കാനുള്ള മാർഗ്ഗം സ്വജാതീയബോധം (Conciousness of Kind) ആണ്. അതായതു് സ്വകീയവും, സ്വപരിമിതവും ബന്ധസൂചകവുമായ രീതിയിലുള്ള ഒരു ബോധം. ഈ സംബന്ധബോധം സംഘടനയ്ക്കും സംഘജീവിതത്തിനും ആവശ്യമുള്ള ബോധമാണ്.

ഗിഡിംഗ്സിൻെറ ഈ അഭിപ്രായത്തിന് എതിരായി ചിലർ വാദിക്കുന്നുണ്ട്. അവയിൽ ഒന്നു രണ്ടു താഴെ പ്രസ്താവിച്ചുകൊള്ളുന്നു. (1) സ്വജാതിബോധം പരസ്പരസഹാനുഭൂതി എന്നതു രണ്ടും ഒന്നാണ്. അതിനാൽ പുതുതായി ഒരുതത്വവും ഇതിൽനിന്നും കിട്ടുന്നില്ല.

ഇതിനു ഗിഡിംഗ്സിൻെറ സമാധാനം സ്വജാതിബോധം തന്നെയാണ് സമുദായ സംഘടനയ്ക്കു് അടിസ്ഥാനം എന്നാണ്. സഹാനുഭൂതി എന്ന ശബ്ദത്തിനു ലൗകികാർത്ഥത്തെ സ്വീകരിക്കാതെ ധാത്വർത്ഥം എടുക്കുകയാണെങ്കിൽ രണ്ടും ഒന്നു തന്നെ. ഗിഡിംഗ്സിൻെറ അഭിപ്രായ പ്രകാരം ആദംസ്മിത് (Adum Smith) എന്ന പ്രസിദ്ധ ധനശാസ്ത്രവിദഗ്ദ്ധൻ തന്നെയാണു സമുദായശാസ്ത്രത്തിൻെറ പ്രധാന ഉപജ്ഞാതാവ്. അദ്ദേഹം എഴുതീട്ടുള്ള "The theory of moral sentiment" എന്ന ഗ്രന്ഥത്തിൽ നിന്നു തന്നെയാണ് ഗിഡിംഗ്സിനു സ്വജാതി ബോധം എന്ന തത്വം കിട്ടിയിട്ടുള്ളതു്. എന്നാൽ ഇവർ തമ്മിലുള്ള വ്യത്യാസം കാര്യകാരണസംബന്ധമായ വിഷയത്തിൽ മാത്രമാണ്. ആഡംസ്മിത്തിൻെറ സഹാനുഭൂതിതത്വത്തിലുള്ള ചില ന്യൂനതകളെ സ്വജാതിബോധം എന്ന തത്വംകൊണ്ടു ഗിഡിംഗ്സ് പരിഹരിച്ചിരിക്കുന്നു. ഈ സംഗതിയിൽ മനസ്തത്വസംബന്ധമായ വിശ്ലേഷണം (ananlysis) ഗിഡിംഗ്സിനു വളരെ ഉപകരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നതു് ഭേദം സാദൃശ്യം എന്നുള്ള ധാരണ ജന്തുക്കൾക്കും ഉണ്ടാകും. എന്നാൽ അവയെ സംബന്ധിച്ചുള്ള ബോധം മനുഷ്യമനസ്സിൻെറ ധർമ്മമാണ്. ഈ തത്വം കൊണ്ടു് സമുദായശാസ്ത്രം മനസ്തത്വശാസ്ത്രത്തിൻെറ സഹോദരസ്ഥാനം വഹിക്കുന്നു എന്നു സിദ്ധമാകുന്നു. ഇവ

രണ്ടും വേർതിരിക്കുക അസാദ്ധ്യം എന്നത്രേ അദ്ദേഹത്തിൻെറ അഭിപ്രായം.

മനസ്സിൻെറ സാമുദായികമായ അവസ്ഥയിൽ അതിൽനിന്നും ഉളവാകുന്ന ആചരണവും ഒരു വ്യക്തിയോടു മററൊരു വ്യക്തി സാമുദായികമായി ചേരുന്നതും മററും മനസ്സിൻെറ സാമുദായിക കാര്യകലാപങ്ങൾ (Social phenomina of mind) ആകുന്നു. മനഃശാസ്ത്രവും സാമുദായികശാസ്ത്രത്തിൻെറ ആലോചനാവിഷയങ്ങളിൽ ഒന്നാകുന്നു. സ്വപരവ്യത്യാസത്തിൻെറ ബോധം മനഃശാസ്ത്രത്തിൽ ഉൾപ്പെട്ടതാകുന്നു. എന്നാൽ സ്വപരങ്ങളിൽ ഉള്ള ഐക്യബോധം മനസ്തത്വശാസ്ത്രത്തിൻേറയും സമുദായതത്വത്തിൻേറയും വിഷയമാണ്.

2. അടുത്തതായ ആക്ഷേപം സ്വജാതിബോധം ദേഹത്തെ സംബന്ധിച്ച ഒരു ബോധമാകുന്നു. അതു സമുദായതത്വവുമായി ചേർക്കുന്നതു യുക്തമല്ല, എന്നാണ്. ഇതിനു ഗിഡിംഗ്സിൻെറ സമാധാനം:—സ്വജാതിബോധവും കായികമായ മേൽപറഞ്ഞബോധവും വളരെ അന്തരമുള്ളതാണ്. ജന്തുലോകത്തിൽ ഒരു ജാതി തൻെറ ജാതിയൊഴിച്ചു മററുജാതിയുമായി ചേരുന്നില്ല. മനുഷ്യൻെറ സ്വജാതിബോധം ഒരുഅനുഭൂതിയാണ്. മുൻപറഞ്ഞ കായികബോധം ഇതിൽ നിന്നും വ്യത്യസ്തമാണ്. സ്വജാതിബോധം ഗതിശീലമാണ് (dynamic). അല്ലാതെ സ്ഥിതിശീലമല്ല (static). അതായതു് സ്വജാതിബോധം ചിരഗതിശീലമായ മനസ്സിൻെറ അവസ്ഥയാകുന്നു. ഇതിന് സ്ഥായിത്വം വളരെ കുറവാണ്. ഇതു് ഒരു പ്രത്യേകജാതിയേയോ സംഘത്തേയോ ഒരേരീതിയിൽ എന്നെന്നേയ്ക്കും തുരത്തുന്നില്ല. ഇതിൽ അനേകം പടികളുണ്ടു്. അതനുസരിച്ചു് യോജിപ്പില്ലാതേയുമാകാം. വിഭിന്നാവസ്ഥകളിൽ സ്വജാതിബോധം വിഭിന്നരൂപങ്ങളെ ധരിക്കുന്നു. ഇതിനു സമുദായശക്തി (Social force) എന്നാണ് ഗിഡിംഗ്സ് പേർകൊടുത്തിട്ടുള്ളതു്.

സമുദായീകരണശക്തി (Socialising force) സാമുദായികശക്തി (Social force) ഇവ രണ്ടുംതമ്മിൽ വ്യത്യാസം ഉണ്ടു്. സമുദായത്തിലെ ഏതെങ്കിലും ഒരു പ്രത്യേക ഉദ്ദേശ്യം സാധിക്കുന്നതിന് ഉപയോഗിക്കുന്ന ശക്തികൾ സമുദായീകരണശക്തി എന്നു പറയാം. ഇതുകൊണ്ടു സമുദായം സൃഷ്ടമാകുന്നു. സ്ഥാപനം സമ്പൂർണ്ണതയെ പ്രാപിക്കുമ്പോൾ സാമുദായപ്രകൃതിക്ക് ഉന്നതി ഉണ്ടാകുന്നു. സാമുദായികാന്തരീക്ഷം (Social admosphere) ദേശപ്രകൃതി, വ്യക്തികളുടെ ക്ഷുത്പിപാസ, രാഗദ്വേഷാദികൾ ഇവ സമുദായീകരണശക്തികളാണെന്നു പറയാം. സമുദായശക്തിയാകട്ടെ സമുദായത്തിൽ നിന്നും സൃഷ്ടമായ ഒരു ശക്തിയാകുന്നു. ആ ശക്തി കൊണ്ടു ഓരോ കാര്യങ്ങൾ നേടുന്നു.

ഓരോ വ്യക്തിയിലും ഉള്ള ഒരു സമ്മിളിതമായ—സംയുക്തമായ സംഘബലഭാവം, ജനതതിഭാവം അഥവാ സംഘാഭിപ്രായം തന്നെയാണ് സാമുദായികശക്തി.

സമുദായരൂപീകരണത്തെക്കുറിച്ചു് ഗിഡിംഗ്സ് പറയുന്നതു് ഇപ്രകാരമാണ്. സാമുദായിക കാര്യങ്ങൾ ആദ്യമായി ബാ

# ജീവിതം

എം. പി. അപ്പൻ, എം. ഏ., എൽ. ടി.

പ്രകടരാഗ സുരഭില ജീവിതം
ചൊകചൊകന്നു വിടർന്നുല്ലസിക്കവെ,
സുലളിതാഭമായ് യൗവനമോഹന-
സുഖസുധാരസം തുള്ളിത്തുളുമ്പവെ,
നവനവങ്ങളാമാശാങ്കുരങ്ങളാൽ
ഭുവനമാനന്ദ ഗാനമായ്ത്തീരവെ
പ്രമദലോലനായ് തൃപ്തിയാവോളം നീ
അമൃതധാര നുകരേണ്ടതല്ലയോ?
പരിധിയററവിചാരപരമ്പരാ-
പരിവൃതങ്ങളാമന്തരീക്ഷങ്ങളിൽ
ചിറകടിച്ചുപറന്നു തളർന്നു നിൻ
തരളചേതസ്സു താഴ്ന്നുനിഷ്ഫലം
അറിവതില്ല നാം വിശ്വരഹസ്യങ്ങ-
ളറിയുകില്ല നാമായതൊരിക്കലും.
മരണമാരുമറിയാതണയുമാ-
സരണിതേടുന്നതെന്തിനാണിന്നു നീ?
പരമലോലമാം ജീവിതഭാജന-
മൊരുഞൊടിയ്ക്കുള്ളിൽ തല്ലിയുടയ്ക്കുവാൻ
കഴിയുമാക്കും നിരാശാതിരേകത്തിൽ.
അതിദയാർഹമാണെങ്കിലും നിന്ദ്യമാ-
മതു മനുഷ്യന്റെ ഭീരുതയല്ലയോ?
ഖരപരീക്ഷണ മേത്തുവന്നീടിലും
കരളുറപ്പു കലർന്നെതിർത്തീടുവാൻ
അഴലിൽ വീണുമുങ്ങാതെ യഭംഗമാ-
മലഘുശക്തി തൻ മാററു കാണിക്കുവാൻ
കഴിവുവേണ,മതാകുന്നു പൗരുഷം
കറയെഴാത്ത മനുഷ്യമഹത്വവും.
കരയരു;തഴലിൻ നിഴൽവീശുമ-
ക്കരിമുകിലുകൾ മാറിമറഞ്ഞുപോം.
അതിനെയോർത്തു സമയം കളകയോ
മധുരജീവിതം ചോർന്നുപോയീടവെ?
വരികചിന്താനഭസ്സുവെടിഞ്ഞു നീ
പരിണതപ്രേമകോമളഭൂമിയിൽ
ഇവിടെയെത്രയോ ഭംഗിയിൽ കാണുന്നു
വിവിധജീവിതാനന്ദ സുഷമകൾ!
പ്രതിനവോജ്ജ്വല സൗന്ദര്യമെമ്പാടു-
മതിസുഖാവഹലാസ്യ മാടുന്നിതാ!
ഇതിലുപരിയായെന്താണൊരുത്സവ-
മിതിലുപരിയായെന്തൊരു നിർവൃതി!
അഴകെഴും ജീവിതത്തിൻ പ്രവാഹത്തി-
ലൊഴുകിടട്ടെ നിൻ ഹൃത്തടമാർദ്രമായ്.

---

ഹ്യകാരണസംഭൃതാ എന്നതോന്നും. അതായതു്, ഭക്ഷണം, ജലം, വായു, പരസ്പരബന്ധം, പരസ്പരവിരോധം മുതലായവ സമജാതിസമ്മിശ്രണത്തിലുള്ള അജ്ഞാതമായ ബോധത്തെ സുസ്പഷ്ടമായി പ്രകാശിപ്പിക്കുന്നു; എന്നുള്ളതാണു ഇതിലെ പ്രധാന ലക്ഷ്യം. ജനങ്ങൾ സംഘബദ്ധരാകുമ്പോഴും ഈ സ്വജാതിബോധം തന്നെയാണ് പ്രവർത്തിക്കുന്നതു്. അതിന്റെ പ്രേരണകൊണ്ടുതന്നെയാണ് സംഘം സമുദായം, സ്ഥാപനം മുതലായവസൃഷ്ടമാകുന്നതു്. ഈ സ്ഥാപനങ്ങൾ ഒരു വ്യക്തിയുടെ ജീവിതത്തെ അനേകപ്രകാരേണ നിയന്ത്രിക്കുന്നു. ഈ നിയന്ത്രണം വ്യക്തികൾ മനസ്സിലാക്കുമ്പോൾ സ്വതന്ത്രപ്രവൃത്തമായ ഗതി(volitional process) ആരംഭിക്കുന്നു. അന്നുമുതൽ ·സമുദായം അഭിവൃദ്ധമാകുന്നു. ഇവിടെ, സംഘം, സാമുദായികനിരാകരണം, സമുദായേച്ഛ, ഇവയെല്ലാം സ്വജാതിബോധംകൊണ്ടുനടക്കുന്നു. അസ്തിത്വത്തിനുള്ള യുദ്ധം (Struggle for existence) നിരന്തരം നടക്കുന്നു അതിന് ഒരു വ്യക്തിയോ ഒരു വ്യക്തിയുടെ ഇച്ഛയോ അവസാനംവരെ നിലനിന്നില്ല എന്നുവരാം. എന്നാൽ സ്വജാതബോധം സമുദായശാസ്ത്രത്തിന്റെ അടിസ്ഥാനമാണെന്നുള്ളതു് നിസ്തർക്കമാണു്.

എസ്സ്. എൻ. ഡി. പി. യോഗത്തിൻെറ ൩൬-ാമത്തു വാൎഷിക സമ്മേളനത്തോട്
അനുബന്ധിച്ചു തിരുവനന്തപുരത്തു വച്ചു നടത്തുന്ന
സാഹിത്യസമ്മേളനത്തിൽ

ശ്രീ. എൻ. ഗോപാലപിള്ള, എം. ഏ., അവർകളുടെ

# അദ്ധ്യക്ഷപ്രസംഗം.

---

1115 മേടം 29.

മഹതികളേ മഹാന്മാരേ,

ശ്രീ നാരായണ ധൎമ്മപരിപാലന യോഗത്തിൻെറ മഹനീയമായ ആഭിമുഖ്യത്തിൽ ഈ രാജധാനിയിൽ കൂടുന്ന സാഹിത്യസമ്മേളനത്തിൻെറ അദ്ധ്യക്ഷപദം നൽകി എന്നെ ബഹുമാനിച്ചതിനു് സമാജഭാരവാഹികളോട് എനിക്കുള്ള അകൈതവമായ കൃതജ്ഞതയെ ആദ്യമായി പ്രകാശിപ്പിച്ചുകൊള്ളട്ടേ. പരമ്പരീണമായ സംസ്കാരസമ്പത്തുള്ള ഒരു മഹാ സമുദായത്തെ അഭിസംബോധനം ചെയ്യാൻ എനിക്ക് അഭിമാനമിളിതമായ സന്തുഷ്ടിയുണ്ട്.

ജീവിതത്തെ ജീവിതവ്യമാക്കാനുള്ള നവ്യസരണികൾ ആരാഞ്ഞു പാഞ്ഞു പോകുന്ന മനുഷ്യമനീഷയ്ക്കു സാഹിത്യാദികളായ കലാസംരംഭങ്ങളോട് ക്രമേണ അനാദരമോ അനാസ്ഥയോ സംജാതമാകുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആധുനിക പാശ്ചാത്യശാസ്ത്രത്തിൻെറ ആകൎഷണ വീചികളിൽ ആന്ദോളനംചെയ്ത് അദൂരവ്യാപിയായ ഭൗതിക ശ്രേയസ്സിൽ കൗതുകംകൊള്ളുന്ന ഒരു നൂതന മനഃസ്ഥിതി പരക്കെ ദൃശ്യമാകുന്നുണ്ട്. ഉത്കൃഷ്ടമായ വിദ്യാഭ്യാസത്തിൻെറ പരമലക്ഷ്യംപോലും ജീവികോപാർജ്ജനത്തിനുള്ള ഉപകരണസംഭരണമാണെന്ന അഭിപ്രായം അസുലഭമല്ല. വിദ്യാസമ്പാദനത്തിൻെറ പരമലക്ഷ്യം ജീവികാൎജ്ജമാണോ? ആണെങ്കിൽ സാഹിത്യത്തിൻെറ പ്രയോജനം പരിമിതമാണ്. അതു നമ്മുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയവുമാണ്.

ജ്ഞാനസമ്പാദനത്തിൻെറ പരമാദൎശം ആധ്യാത്മികമായ അഭ്യുദയമാണ്, ആത്മസംസ്കാരത്തിൻെറ പരിപോഷണമാണ് എന്നു വിചാരശീലരായ മഹാന്മാർ സമ്മതിക്കുന്നുണ്ട്. സൎവ്വജന്തുസാധാരണമായ ശാരീരികക്ഷുധ അടങ്ങിയാലും അടങ്ങി നിൽക്കാത്ത ആന്തരമായ ക്ഷുത്തും തൃഷ്ണയും നമുക്ക് അനുഭവവേദ്യമാണ്. പ്രാകൃതങ്ങളായ നമ്മുടെ ജന്തുവികാരങ്ങളെ സംസ്കരിച്ച് സമൂഹോന്നതിക്കു പര്യാപ്തമായ ശ്രേഷ്ഠവികാരങ്ങളെ പ്രകാശിപ്പിച്ച് മഹനീയ ഗുണങ്ങളെ പരിപോഷിപ്പിക്കേണ്ടതു് വിശിഷ്ടമായ വിദ്യയുടെ ധൎമ്മമാണ്. ലോകത്തിൽ ഇന്നു കാണുന്ന ദുരിതങ്ങൾക്കും അസ്വാസ്ഥ

തയ്യും നിദാനം ജീവിതവിഭവങ്ങളുടെ അഭാവമല്ല, ഉള്ളവയെ വിഭജിച്ച് അനുഭവിക്കാനുള്ള സന്നദ്ധതയുടെ-സർവ്വാശാസ്യമായ മനോവിശാലതയുടെ-സംസ്കാരജന്യമായ നിഃസ്വാത്ഥതയുടെ അഭാവമാണ്. അന്തരമായ ആ ക്ഷുധയുടെ ശാന്തിക്കും സൗഭ്രാന്തസുന്ദരമായ സംസ്കാരത്തിന്റെ പ്രസരണത്തിനും ലോകശാന്തിയുടെ ഉദ്ധരണത്തിനും ഉപകരിക്കുന്ന മഹാമന്ത്രം സാഹിത്യസേവനമാണ്. ആധുനികമായ ശാസ്ത്രീയപുരോഗതി നൽകുന്ന അത്ഭുതസമ്പാദ്യങ്ങൾ പരസ്പരസംഹാരപരമായി തീരാതിരിക്കണമെങ്കിൽ മനുഷ്യമനസ്സിൽ മാധുര്യം തളിക്കുന്ന മഹനീയമായ സാഹിത്യം ആസ്വദിച്ചേ കഴിയൂ.

"ഇദമന്ധം തമഃ കൃത്സ്നം ജായേത
ഭുവനത്രയം
യദിശബ്ദാഹ്വയം ജ്യോതിരാസംസാരം
ന ദീപ്യതേ"

എന്ന പ്രാചീനവചനം അന്വത്ഥമാണ് പല പല തലമുറകളായി സംഭൃതമായ മനുഷ്യസമുദായത്തിന്റെ സമ്പത്ത് സാഹിത്യഭാണ്ഡാഗാരത്തിലാണു സ്ഥിതിചെയ്യുന്നത്. മഹത്തരമായ സാഹിത്യത്തിന്റെ ശക്തിക്കു മുമ്പിൽ ആലക്തികശക്തിയുടെ അഭിനവസിദ്ധികൾ പരമാത്ഥത്തിൽ അസ്തപ്രഭങ്ങളാണ്.

അതിശാന്തമെന്നാലും ശക്തമാ-
മതിൻ ധ്വനി
സതതം ചൂഴ്ന്ന കാററിൽ തിരകൾ
തല്ലിത്തല്ലി,
ക്ഷിതിഗോളത്തെ ജഗദീശരാജ്യത്തി-
ലേയ്ക്കു
കുതികൊള്ളിക്കും നവ്യചലനമുണ്ടാ-
ക്കുന്നു

ലോകഭരണം നടത്തുന്ന ഉത്തുംഗപ്രതിഭന്മാരായ മഹാന്മാരുടെ പ്രഭാവത്തിനു നിദാനം അവരുടെ ഹൃദയവശീകരണനിപുണമായ വചസ്സിന്റെ മഹിമയാണ്—അതേ, നിസഗ്ഗസിദ്ധമായ സാഹിത്യവിദ്യയുടെ ശക്തിയാണ്. അത്രയ്ക്ക് അഭികാമ്യമായ ഒരു പ്രവൎത്തനപദവിയെ അനാദരിക്കുക ആശാസ്യമാണോ?

സുലഭവൈകൃതമായ ലോകത്തിന്റെ അസുലഭങ്ങളായ സൗന്ദര്യാംശങ്ങളെ ആവിഷ്കരണം ചെയ്ത് മനുഷ്യഹൃദയത്തെ ആനന്ദാനുഭൂതിയിലേക്ക് ഉയൎത്തുന്ന കോമളകല ആദിത്യതേജസ്സിനെ ആലിംഗനം ചെയ്യാൻ പാഴ്ച്ചെളിയിൽനിന്നും പങ്കജത്തെ കിളൎത്തുന്ന സരസ്സു പോലെ അഭിഗമ്യമാണ്. അന്യോന്യമത്സരസമുത്സുകരായ മനുഷ്യസമുദായവിഭാഗങ്ങൾക്ക് ഉന്നതാദർശനിദർശനം നൽകി ഇണക്കി ഒരുമിപ്പിക്കാൻ ഉത്തമസാഹിത്യത്തിനുള്ള ശക്തി സർവവിദിതമാണ്.

വ്യതിയാനത്താൽവരും വിപ്ളവം
നീക്കിലോക-
സ്ഥിതി പാലിക്കേണ്ടതാം സ്നേഹ-
ഗാനങ്ങളല്ലോ
ഏതുദിക്കെന്നോകിലു മേതു ബീജ-
മാകിലു-
മേതുവർണ്ണമായാലും മൈത്രിയാൽ
പുഷ്പങ്ങളെ
ഭേദമെന്നിയേ തലോടുന്ന പൊൻ-
കരമേലും
ജ്യോതിസ്സേ, ജയിക്ക നീ ജയിക്ക
നിന്റെ ഗാനം.

എന്ന മഹാകവീസൂക്തം കവനകലയെ സാമാന്യേന പരാമർശിക്കുന്നതാണല്ലോ.

രാമായണം, ഭാരതം എന്നീ രണ്ടു ഗ്രന്ഥങ്ങൾ കന്യാകുമാരി മുതൽ കാശ്മീരം വരെയുള്ള വിസ്തൃതഭൂവിഭാഗത്തെ അധിവസിക്കുന്ന വിവിധജനതകൾക്ക് അവരുടെ ബാഹ്യങ്ങളായ വിഭിന്നതകളേയും വിഘടനകളേയും അതിലംഘിക്കുന്ന ഒരു് ഐക്യം വിശ്വാസഗതിയിലും, ആദർശരീതിയിലും വരുത്തിയിട്ടുണ്ടെന്നുള്ളതു് അനിഷേധ്യമാണ്. അങ്ങനെ മനുഷ്യസംസ്കാരത്തെ പ്രബലമായി ബാധിക്കുന്ന ഒരു് ഉപാധിയാണു സാഹിത്യം. അഭിലഷണീയമായ ഈ ഏകീകരണശ്രമംകൊണ്ടു് വ്യക്തികളുടേയോ വർഗ്ഗങ്ങളുടേയോ ആശാസ്യമായ വൈചിത്ര്യവിശേഷത്തിന് ഹാനി തട്ടുന്നുമില്ല. കേരളസാഹിത്യത്തിൻേറയും, സംസ്കാരത്തിൻേറയും കഥതന്നെ നോക്കുക. ആഗന്തുകമായ ആര്യസംസ്കാരത്തിൻെറ സംയോഗംകൊണ്ടു് സംപുഷ്ടമായ കേരളഭാഷയും സാഹിത്യവും അവയുടെ അനന്യസുലഭങ്ങളായ ഭംഗിവിശേഷങ്ങളോടുകൂടിത്തന്നെ പരിലസിക്കുന്നു.

എന്താണു കേരളഭാഷാസാഹിത്യങ്ങളുടെ വൈശിഷ്ട്യം? നമുക്കു യഥാർത്ഥത്തിൽ അഭിമാനാസ്പദമായ ഗുണമഹിമകൾ നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനുമുണ്ടോ? ഉണ്ടു്—ഉണ്ടാവാതെതരവുമില്ല. കിഴക്കു ചീനർ മുതൽ പടിഞ്ഞാറു യവനർ വരെയുള്ള പുരാതനപരിഷ്കൃതജനതകളെ,

"പഴുപ്പു കായ്ക്കൾക്കെത്തും നേരത്തു
പവിഴച്ചാ-
ത്തഴകിലണിയുന്ന മുളകിൻ കൊടികൾ"

കേരളജനസംസർഗ്ഗത്തിനു നിരന്തരം ആമന്ത്രണം ചെയ്തിട്ടുണ്ട്. അങ്ങനെ ചിരന്തനവും വിപുലവുമായ സംസർഗ്ഗമഹിമകൊണ്ടും നിസർഗ്ഗജമായ ഗുണവിശേഷം കൊണ്ടും സംസിദ്ധമായ ഒരു മനോഹരസംസ്കാരം കേരളീയർക്കു സ്വായത്തമാണ്. അനേകശതാബ്ദങ്ങളിലെ അഭിവൃദ്ധി സമ്പാദിച്ചിട്ടുള്ള രണ്ടു മഹാഭാഷകളുടെ—സംസ്കൃതത്തിൻെറയും തമിഴിൻെറയും—ശബ്ദകോശം മലയാളത്തിനു സ്വാധീനമാണ്. സംസ്കൃതത്തിനും തമിഴിനുമുള്ള കഴിവുകളെല്ലാം—സാഹിത്യസൃഷ്ടിയിൽ സംപ്രാപ്യമായ സിദ്ധിവിശേഷങ്ങളെല്ലാം കേരളഭാഷയ്ക്കും സാദ്ധ്യമാണ്. സംസ്കൃതഭാഷ മനോഹരമാണ്, തമിഴ് മധുരമാണ് എങ്കിൽ മധുരതരവും മനോഹരതരവുമാണ് മലയാളം. ഇത്ര വിശിഷ്ടമായ ഒരു സാമഗ്രികൊണ്ട് പ്രതിഭാശാലികളും സംസ്കാര സരസരുമായ കേരളീയർ നിർമ്മിക്കുന്ന സാഹിത്യം ഉത്തമമായിരിക്കാനേ വകയുള്ളൂ.

ആറുശതാബ്ദത്തിൽകുറയാത്ത പഴക്കമുള്ള മലയാള കവിതയുടെ ചില മാതൃകകൾ ലോകത്തിലെ ഏതു സാഹിത്യത്തോടും കിടപിടിക്കത്തക്കതായുണ്ടെന്ന് നമുക്കു നിസ്സംശയം പറയാം.

"മുഴ്കിണ്ണേൻ ഞാനമൃതജലധൗ
മുഗ്ദ്ധ ചന്ദ്രങ്കൽ വീണ്ണേൻ
താണ്ണേൻ ജ്യോത്സ്നാസരസിപനിനീർ
തന്നിലാണ്ണേനമിണ്ണേൻ
അല്ലല്ലസ്സൻമനസിജദശാവേദനാം
കണ്ടിദാനീം
അമ്പപ്പൂൽകീതന്നനവരസസ്സ്നേഹമെന്നോ
മലെന്നെ."

മന്ദഹാസവികസിതവദനയായ ഒരു കാമിനിയുടെ ആശ്ലേഷത്തെ എത്ര മനോ

ഹരമായി വർണ്ണിച്ചിരിക്കുന്നുവെന്നു നോക്കുക.

"വിങ്ങിപ്പൊങ്ങി ച്ചിതറിന മലർത്തേ
ന്റൽ പീതപാ മടങ്ങി-
ത്തങ്ങിത്തങ്ങിത്തരുണികൾ മുലക്കുൻറി
ലുച്ചൈരുറങ്ങീ
തിങ്ങിത്തിങ്ങിച്ചുഴല വരിവണ്ടിണ്ടയാം
കണ്ടിയൂരിൽ
പങ്ങിപ്പങ്ങിപ്പരിമളമെഴും തെന്റൽ
വീയും തദാനീം,"

കണ്ടിയൂർ വീശുന്ന തെന്നലിൻെറ അസൂയാജനകമായ തോന്ന്യാസങ്ങൾ ആരേയാണ് ആകർഷിക്കാത്തതു്?

ഇങ്ങനെ പ്രാചീനമലയാള കവിതയിലെ മനോഹരഭാഗങ്ങൾ ഉദ്ധരിക്കാൻ തുടങ്ങിയാൽ എത്രവേണമെങ്കിലുമാവാം. ഊർജ്ജസ്വലമായ പ്രാചീനഗദ്യവും മലയാളത്തിൽ അസുലഭമല്ല. "അങ്കത്തട്ടിട്ടു് അങ്കമാടിക്കരേറി കട്ടത്തില ഇടകടഞ്ഞു് മുനകടഞ്ഞു് മുനയിൽ കതിരവനേയും തെളിയിച്ചു്, നീട്ടുകിൽ നെഞ്ചു പിളപ്പൻ, അട്ടുക്കുകിൽ കളരിക്കു. പുറത്തെറിഞ്ഞമ്മാനമാട്ടുവൻ-" എന്നു തുടങ്ങുന്ന ഗദ്യഭാഗത്തിൻെറ ശക്തിയും ഓജസ്സും പൌരുഷശാലികളായ ജനങ്ങളുടെ ഭാഷയിലേ ദൃശ്യമാകയുള്ളു.

കവികുലഗുരുവായ തുഞ്ചത്തെഴുത്തച്ഛൻെറ അമൃതനിഷ്യന്ദിയായ ഗാനത്തിൻെറ ഏതുഭാഗവും മലയാളകവിതയുടെ സർവാദരണീയമായ മനോഹാരിതയും മഹിമാതിശയവും തെളിയിക്കുന്നതാണു്.

"ആളികളോടും കൂടി കേളികൾ
കോലുമ്പോഴും
വ്രീളാദി മനോഹരഭാവങ്ങൾ
കാണുമ്പോഴും
പന്താട്ടുന്നതു കണ്ടും പമ്പരക്കളി
കണ്ടും
ചിന്തുകൾ പാട്ടുന്നതും ചന്തമാ-
യാട്ടുന്നതും"

എന്നു തുടങ്ങുന്ന സുഭദ്രയുടെ താരുണ്യലാവണ്യവർണ്ണനയിലും,

"നിറന്ന പീലികൾ നിരക്കവേ കുത്തി
നെറുകയിൽക്കൂട്ടിത്തിറമൊട്ടു കെട്ടി
കരിമുകിലൊത്ത ചികുരഭാരവും
മണികൾ മിന്നിടുംമണിക്കിരീടവും
കുനുകുനച്ചിന്നും കുറുനിരതന്മേൽ
നനുനനപ്പൊടിഞ്ഞൊരു പൊടി
പററി
തിലകവുമൊട്ടു വിയപ്പിനാൽ നന-
ഞ്ഞുലകു സൃഷ്ടിച്ചു ഭരിച്ചു സംഹരി-
ച്ചിളകുന്ന ചില്ലീയുഗളഭംഗിയും."

എന്നു തുടങ്ങുന്ന ഭക്തിരസമധുരമായ കൃഷ്ണവർണ്ണനയിലും ഗംഭീരമായ വേദാന്തചിന്തയിലും ഒരുപോലെ സമഗ്രശോഭമായ കലാവൈഭവം പ്രസരിക്കുന്നുണ്ടു്.

മഹാന്മാരായ മദ്ധ്യകാലമലയാളകവികളുടെ കൃതികളെപ്പററി ദിങ്മാത്രസൂചനം പോലും ചെയ്യാൻ ഇവിടെ അവസരമില്ലല്ലോ. ഒരു കാര്യം സൂചിപ്പിക്കണമെന്നേ ഉദ്ദേശമുള്ളു. മഹനീയമായ ഒരു പൂർവസമ്പത്തു് സാഹിത്യമണ്ഡലത്തിൽ നമുക്കുണ്ടു്. അഭിമാനാവഹമായ ഒരു പാരമ്പര്യമുണ്ടു്. ആ പൂർവമഹിമയ്ക്കു് അനുരൂപമായ ഒരു ആധുനികമഹത്ത്വമുണ്ടോ? ആശാവഹമായ ഒരു ഭാവിയുണ്ടോ? എന്നുള്ള പ്രശ്നം സംഗതമാണു്.

ശുദ്ധസാഹിത്യമണ്ഡലത്തെ പരാമർശിക്കുകയാണെങ്കിൽ, ശ്രേഷ്ഠങ്ങളായ പല കൃതികളും ആധുനികസാഹിത്യകാരന്മാരിൽനിന്നും നമുക്കു സിദ്ധിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മൂന്നു ഭാസുരതാരങ്ങൾ ഏതു സാഹിത്യനഭസ്സിനേയും സമുജ്ജ്വലമാക്കാൻ തക്ക പ്രഭാപ്രസരമുള്ളവരാണ്. ആശാനിൽനിന്നും കേരളഭാഷയ്ക്കു ലഭിച്ചിട്ടുള്ള അനർഘവും അനശ്വരവുമായ സമ്പത്തു ലോകസാഹിത്യചരിത്രത്തിൽ കേരളസാഹിത്യത്തെ ഉൽക്കൃഷ്ടപ്പെടുത്തി ഉയർത്താൻ തക്കവണ്ണം അത്രയ്ക്ക് വിശിഷ്ടമാണെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല. പക്ഷേ നമ്മുടെ സാഹിത്യ വിഭൂതി അന്യജനാജ്ഞാതമായി വിശാലലോകവിശ്രുതിയററ് ഘടദീപം പോലെയോ വനപുഷ്പം പോലെയോ ഒളിഞ്ഞു വിലസുന്നേയുള്ളു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. മററു പല ദേശഭാഷകളിലെ ഗ്രന്ഥങ്ങളും സാഹിത്യചരിത്രവും പോലെ മലയാളകൃതികളും സാഹിത്യചരിത്രവും ആംഗലഭാഷയിൽ ആവിർഭവിച്ചെങ്കിൽ ഭാഷാസാഹിത്യത്തിന്റെ മാഹാത്മ്യം മഹാന്മാരായ വിദേശീയർ മനസ്സിലാക്കുമായിരുന്നു. ജീവിതത്തിന്റെ അഗാധനിഗൂഢങ്ങളായ വസ്തുതകൾ ഗ്രഹിച്ച് സുകുമാരകലയുടെ സൂക്ഷ്മതരങ്ങളായ മർമ്മങ്ങൾ ധരിച്ച് മനുഷ്യഭാവനയുടെ ഉത്തുംഗശൃംഗങ്ങളിൽ വിഹരിച്ചിരുന്ന ആ മഹാനുഭാവന്റെ "ഓരോ വരിയും സാരസമ്പൂർണ്ണം; ഓരോപദവും സജീവം; ഓരോചിന്തയും വികാരോദ്ദീപകം; ഓരോ കല്പനയും വിമർദ്ദഹൃദ്യം" എന്നിങ്ങനെ വശ്യവചസ്സായ മഹാകവി ഉള്ളൂർ ഉള്ളഴിഞ്ഞു ചെയ്യുന്ന പ്രശംസ അനുപക്ഷരം അന്വർത്ഥമാണ്. അദ്ദേഹത്തിന്റെ സൂക്തിരത്നങ്ങളെ പ്രത്യേകമെടുത്ത് ഇവിടെ പ്രദർശിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇന്നു ജീവിച്ചിരിക്കുന്ന മഹാന്മാരായ കേരളീയരുടെ കൂട്ടത്തിൽ മഹാകവി ഉള്ളൂരിനെപ്പോലെ നിരന്തരവും അതന്ദ്രവുമായ ഭാഷാസേവനം നിർവഹിച്ചിട്ടുള്ളവർ വേറെയുണ്ടെന്നു തോന്നുന്നില്ല. വിശാലമായ കാവ്യസരണിയിൽ മാത്രമല്ല, സാഹിത്യത്തിന്റെ നാനാമുഖങ്ങളായ പദ്ധതികളിലും അദ്ദേഹത്തിന്റെ അഭിനവമായ പദപംക്തി ദൃശ്യമാണ്. സാഹിത്യാസ്വാദനവിഷയത്തിൽ 'സ്ഥിതിസ്ഥാപകരിൽ പ്രമാണി'യെന്ന് അഭിമാനിക്കുന്ന അദ്ദേഹം യഥാർത്ഥത്തിൽ 'ഭവ്യോത്പതിഷ്ണുക്കളിലഗ്രഗണ്യ'നാണ്. പ്രാമാണികമായ ഒരു കേരളസാഹിത്യ ചരിത്രനിർമ്മിതിയിൽ വ്യാപൃതനായിരിക്കുന്ന അദ്ദേഹത്തിന് അഭംഗുരമായ ആയുരാരോഗ്യങ്ങൾ വർദ്ധിക്കട്ടെ എന്നു ഭാഷാസ്നേഹിയായ ഓരോ കേരളീയനും ഹൃദയപൂർവ്വം പ്രാർത്ഥിക്കേണ്ടതാണ്.

ദീർഘവും പ്രശസ്തവുമായ സാഹിത്യസേവനത്തിനുശേഷം മഹാകവി വള്ളത്തോളിന്റെ ശ്രദ്ധ സാഹിത്യോപസ്കാരങ്ങളായ കലാന്തരങ്ങളിൽ വ്യാപിച്ചിരിക്കുകയാണല്ലോ. കേരളകലാമണ്ഡലത്തിന്റെ ജീവാതുവായ ആ കാവ്യകലാവിധാതാവിന്റെ സൃഷ്ടിവൈശിഷ്ട്യത്തെ ദിഗ്ദർശനം ചെയ്യാൻപോലും പരിമിതമായ ഈ പരിധിക്കുള്ളിൽ എങ്ങനെ സാധ്യമാകും?

ആംഗലവിദ്യാഭ്യാസംകൊണ്ടു പരിപുഷ്ടമായ ഗദ്യശാഖയിൽ പല നൂതനസമ്പത്തുകളും നമുക്കു ലഭിച്ചിട്ടുണ്ട്. നോവൽ, ആഖ്യായിക, ഉപന്യാസം, ചെറുകഥ എന്നിങ്ങനെ ഭിന്നോപശാഖകളോടുകൂടി അനുദിനവർദ്ധമാനമാണു നമ്മുടെ ഗദ്യശാഖ. സി. വി. രാമൻപിള്ള, ചന്തുമേനോൻ, സി. വി. കുഞ്ഞുരാമൻ, ഈ. വി. കൃഷ്ണപിള്ള, മൂർക്കോത്തു കുമാരൻ മുതലായ മഹാരഥന്മാരുടെ വിചിത്ര ശൈലികളിലുള്ള ഗദ്യകൃതികളെപ്പററി അഭിമാനസമന്വിതം അനുസ്മരിക്കാവുന്നതാണ്. സി. വി. രാമൻപിള്ളയുടെ 'അദ്ഭുതാനന്ദപീയൂഷം ചൊരിയുന്ന' 'ആ പ്രൗഢധ്വനി' ഇന്നും സാഹിത്യവിഹായസ്സിൽഅപ്രതിഹതമായി അലതല്ലുന്നുണ്ട്. ഗഭീരപ്രതിഭനായ ആ ഭാവനാസമ്പന്നൻെറ അത്ഭുതസൃഷ്ടികൾ ഭാഷയുടെ അനശ്വരശേവധികളാണ്.

കവിതയിലും ഗദ്യത്തിലും ഈ മഹാത്മാരുടെ പാരമ്പര്യം പുലത്താൻ പാടവമുള്ള യുവസാഹിത്യകാരന്മാർ നമുക്കുണ്ടോ? ഉണ്ടെന്നാണ് എൻെറ പൂർണ്ണമായ വിശ്വാസം. എത്ര മനോഹരങ്ങളായ കവിതകൾ എത്ര മഹനീയങ്ങളായ ഗദ്യലേഖനങ്ങൾ ഇന്നും പ്രതിദിനം പ്രസിദ്ധീകൃതങ്ങളാകുന്നു. പക്ഷേ, ഈ യുവസാഹിത്യകാരന്മാരോടു നാം നമ്മുടെ കടമ നിർവഹിക്കുന്നുണ്ടോ എന്നു സംശയമാണ്. ജീവിതത്തിൻെറ ദുരിതതരണത്തിനും നിർവിഘ്നമായ സാഹതീസേവനത്തിനും അവക്ക് അവസരം ലഭിക്കുമാറ് അനുഭാവമധുരവും ഉദാരവുമായ പ്രോത്സാഹനം നൽകേണ്ടതു നമ്മുടെ കടമയാണ്.

സാമാന്യം അഭിവൃദ്ധമായ നമ്മുടെ സാഹിത്യത്തിനു പരിഹരണീയങ്ങളായ ചില ന്യൂനതകളുണ്ടെന്നു സമ്മതിച്ചേ കഴിയൂ. ആധുനികശാസ്ത്രീയവിഷയങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഭാഷയിൽ വിരളമാണ്. നൂതനപാശ്ചാത്യശാസ്ത്രം അഭ്യസിച്ചിട്ടുള്ള കേരളീയർ ദുർല്ലഭമല്ലതാനും. പിന്നെ എന്താണു ഈ ദാരിദ്ര്യത്തിനു കാരണം? സാങ്കേതികങ്ങളായ ശാസ്ത്രീയസംജ്ഞകളുടെ അഭാവം—സംജ്ഞാനിർമ്മിതിക്കുള്ള വൈഷമ്യം. ഇക്കാര്യത്തിൽ ലഘുതരവും യുക്തതരവുമായ മാർഗ്ഗം പാശ്ചാത്യസംജ്ഞകളെ അങ്ങനെ തന്നെ സ്വീകരിക്കുകയാണ്. ഭാഷാസ്വരൂപസൗഷ്ഠവം പരിപാലിക്കുന്നതിൽ അതി കുതുകമുള്ളവരുടെ സംതൃപ്തിക്കു ഭാഷാപര്യായങ്ങൾകൂടി സൃഷ്ടിച്ചുകൊള്ളാം. അക്കൂട്ടത്തിൽ ആയുസ്സും ആരോഗ്യവുമുള്ളവ ജീവിച്ചുകൊള്ളും. ഏതായാലും പുരോഗാമിയായ തിരുവിതാംകൂർ സർവകലാശാല സാങ്കേതികശബ്ദസൃഷ്ടിയിൽ ദത്തദൃഷ്ടിയാണ്. ആ ഉദ്യമം ഫലിതമാകുമ്പോൾ ശാസ്ത്രീയസാഹിത്യം സുലഭമാകുമെന്ന് ആശിക്കാം.

ശുദ്ധസാഹിത്യവിഭാഗത്തിലും പല നൂതനാർജ്ജനങ്ങൾക്കും അവകാശമുണ്ട്. നമ്മുടെ നാടകസാഹിത്യം തന്നെ നമ്മുടെ വിദ്യാഭ്യാസപുരോഗതിക്കും സംസ്കാരവിശാലതയ്ക്കും അനുരൂപമായിട്ടുണ്ടോ? ഒരു ആധുനികരംഗത്തു് അഭിനയയോഗ്യങ്ങളായ സ്വതന്ത്ര നാടകകൃതികളുടെ സംഖ്യ തുലോം തുച്ഛമല്ലേ? സാഹിത്യപാടവമോ അഭിനയചാതുരിയോ ഇവിടെ അസുലഭമാണോ? നാടകദർശന

ത്തിൽ അഭിരുചിയുള്ള ആളുകൾ കുറവാണോ? നമുക്ക് കലാപോഷണതത്പരമായ ഒരു പ്രബലസമിതി വേണം. അവരുടെ പ്രോത്സാഹനവും പ്രചോദനവും വേണം നമ്മുടെ നാടകവേദിയുടെ ഭാവുകം വളർത്താൻ. ആവശ്യത്തിൽ കവിഞ്ഞും അനവസരത്തിലും അനുചിതമായ ഗാനാലാപം ചെയ്യുന്ന പരദേശനാടകത്തെ പരിലാളിക്കുന്ന പതിവു മാറണം. ആ കലാഗോഷ്ഠികളെ ഒരു കാലവും അറിയാതെപോലും അനുകരിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. ലോകരംഗത്തെന്നപോലെ നാടകരംഗത്തിലും പെണ്ണുചമയുന്ന ആണിനേയും ആണുചമയുന്ന പെണ്ണിനേയും കഴിയുന്നതും അകററിനിറുത്തുന്നതു് ആശാസ്യവുമാണു്. അഭ്യസ്തവിദ്യരും നടനകുശലരുമായ എത്രയോ യുവജനങ്ങളുണ്ടു്. അവരുടെ നിപുണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകണം.

നമ്മുടെ നിരൂപണസാഹിത്യവും ഇനിയും അഭിവൃദ്ധമാകാനുണ്ടു്. ഗ്രന്ഥകാരന്മാരോടു വ്യക്തിഗതമായ പക്ഷപാതംകൊണ്ടോ വിപക്ഷഭാവംകൊണ്ടോ നടത്തുന്ന നിരൂപണങ്ങളാണധികം എന്ന അപരാധത്തിനു് അവകാശമുണ്ടായിരിക്കരുതു്. ശാസ്ത്രീയങ്ങളായ സാഹിത്യതത്വങ്ങളുടെ പ്രയോഗികചർച്ചയിൽ പ്രതിഷ്ഠിതമായിരിക്കണം നിരൂപണസ്വരൂപം. സർവതോമുഖമായ മനുഷ്യയത്നങ്ങളും അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലേക്കുള്ള നിത്യപ്രയാണത്തിന്റെ പ്രകടനങ്ങളാണെന്നും ദുരിതങ്ങളും വൈകൃതങ്ങളും പരാജയങ്ങളുമെല്ലാം ഉദ്ഗമനസരണിയിലുള്ള സോപാനപരമ്പരകളാണെന്നും ശാന്തിസുന്ദരമായ ആ പരമലക്ഷ്യത്തിലേക്ക്—അദ്വന്ദ്വമായ ആനന്ദസിദ്ധിയിലേക്കു് —പരിപൂർണ്ണതയിലേക്കുള്ള ബഹുമുഖമാർഗ്ഗങ്ങളിൽ കുശേശയരജോമൃദുരേണുവും ശിവവുമായ പന്ഥാവാണു വാങ്മയ വീഥിയെന്നും നാം വിസ്മരിച്ചുകൂടാ.

“ഏകാന്തം വിഷമമൃതാക്കിയും
വെറുംപാ-
ഴാകാശങ്ങളിലലർ വാടിയാരചിച്ചും
ലോകാനുഗ്രഹപരയായെഴും കലേ,
നിൻ-
ശ്രീകാൽത്താരിണയടിയങ്ങൾ
കുമ്പിടുന്നു.”

# *'ഒരു സ്വരാജ്യാഭിമാനി'

ലേഡീവിദ്വാൻ, മുതുകുളം പാർവ്വതിഅമ്മ.

ഇരുളിലേകാന്തശാന്തനിശയിൽ ഞാ-
നറുതിയില്ലാത്ത ചിന്തയിലാറാടി
അരിയസാഗരതീരത്തു നിന്നുകൊ-
ണ്ടൊരുകുറി മിഴിയോടിച്ചു ചുഴവും.
തരളകാന്തി ചൊരിഞ്ഞവിൺ പൊ-
യ്കയിൽ
വരിവരിയായ് വിരിഞ്ഞ പൊൽത്താ-
രങ്ങൾ
തിരകളിൽ പ്രതിബിംബിച്ചവയുമായ്
പരിചിൽ മേളിച്ചു ലീലചെയ്തീടുന്നു.
മനമുരുകി ഞാൻ ചിന്തിച്ചു "കശ്മീ-
കനകതാരങ്ങൾ പൗരസ്ത്യറാണിയായ്
പുകളൊളിപ്പൂനിലാവിൽത്തിളങ്ങിയ
സകലസമ്പൂജ്യഭാരതമേദിനി,
പരമശാന്തിയിൽ സർവ്വസ്വാതന്ത്ര്യയായ്
പരിലസിച്ച സുവർണ്ണസുദിനങ്ങൾ
കരളിലോൎക്കുന്നതില്ലേ? പുരാതന
ചരിതമാഹാത്മ്യമോരുന്നതില്ലയോ?"
മിഴിയുയൎത്തിഞാൻനോക്കിഗഗനത്തിൽ
വഴിയുമല്ലലാൽ ഭൂവിലും നോക്കിനേൻ
പൊഴിയുമശ്രു പ്രവാഹത്തിൽ മുങ്ങിഹാ!
പഴുതിൽ ദീർഘമായ് നിശ്വസിച്ചേനഥ.
തിരകൾ ചീറിപ്പുളഞ്ഞു മദിച്ചുകൊ-
ണ്ടരികിലേക്കു കുതിച്ചണഞ്ഞീടവേ
പെരുമഴ-പോലെ ബാഷ്പമൊഴുക്കി-
ഞാൻ
കരകയായി മനം തകൎന്നീവിധം.
"ഹരഹര! ജഗദീശ്വര! പാവന-
ചരിതഭാരത ഭൂദേവിയിന്നിതാ
വെറുമടിമയായ് പാരതന്ത്ര്യത്തിന്റെ
യിരുളഴിക്കുള്ളിൽ വീണുമാഴ്കീടുന്നു.

ചുടുനെടുവീർപ്പുവിട്ടുമിടയ്ക്കിടെ
കുടുകുടെ മിഴിനീർ മഴവർഷിച്ചും
തടവിലയ്യോ! ജനനി വാണീടുമ്പോ-
ളിടിയുകില്ലയോ പുത്രക്കുഹൃത്തടം
ഉണരുവിൻ! മാതൃരാജ്യാഭിമാനത്തിൻ-
കണികയെങ്കിലുമുള്ള യുവാക്കളേ!
ഉണരുവിൻ! ഭാരതാംബതൻ വത്സരേ!
ക്ഷണവുമാലസ്യമേലാതെ ധീരരായ്.
ഇതുവിധമെത്രകാലമുറങ്ങിടു-
മതുലവിക്രമരാശികളേ! നിങ്ങൾ
മതി; മനോഹരസങ്കല്പസ്വപ്നത്തിൽ
സതതമാശ്വാസമാൎന്നുവ്യൎത്ഥമായ്.
സമയമായ്; ത്യാഗദൈവതം
മുൻപിൽവ-
ന്നമിത കൗതുകംലാത്തുന്ന തോഴരേ!
ഭ്രമമെഴാതെ ഭജിക്കയദ്ദേവനെ-
വിമലകൎത്തവ്യ രാശികളാൽ നിങ്ങൾ.
ഉണരുവിനുണൎന്നീടുവിൻ! പൗരസ്ത്യ-
മുനികുലത്തിൻ തനയരാം ധന്യരേ!
പണിയുവിൻ, നിങ്ങൾ സ്വാതന്ത്ര്യമന്ദിര
മനഘകൃത്യശിലകളാൽ ഭംഗിയായ്
അനുദിനമാശിലകളഖിലവു-
മനുപമങ്ങളാമാൎഷമഹിമകൾ;
മനമലിച്ചിടും സ്വാതന്ത്ര്യഗീതങ്ങൾ;
തനതുശക്തിപോൽ പാടുമാറാക്കു-
വിൻ."
മമവിലാപം ശ്രവിച്ചുതാരങ്ങളാ-
മിമകൾ പൂട്ടി നിശീഥിനിഖിന്നയായ്
ക്ഷമയകന്നലതല്ലി ജലനിധി
നിമിഷമൊട്ടു ഞാൻനിന്നുപോയങ്ങുതാൻ.

---

*ഒരു ഇംഗ്ലീഷ് കൃതിയുടെ അനുകരണം.

# കേരളചരിത്രത്തിൽ കൊല്ലങ്കോട്ടിന്റെ പ്രാധാന്യം.

കോങ്ങോട്ട്, കൃഷ്ണൻനായർ.

കൊല്ലങ്കോട്ട് പുരാതനമായ വെങ്ങുന്നാട്ടിന്റെ രാജധാനിയാണ്. കൊല്ലം എന്ന വാക്കിന്റെ അൎത്ഥം പുരാതന ഭാഷയിൽ രാജധാനി എന്നാകുന്നു. കോട്ട് എന്ന വാക്കിന് മുക്ക് എന്നാകുന്നു അൎത്ഥം. രാജധാനി നില്ക്കുന്ന മുക്ക് എന്ന അർത്ഥത്തിലാണ് കൊല്ലങ്കോട്ട് എന്ന പദമുണ്ടായതു്. വെങ്ങുന്നാട്ട് എന്ന പദം 'വെംകുന്നുനാട്ട്'' എന്ന പദത്തിന്റെ അപഭ്രംശമാണ്. 'വെംകുന്നുനാട്ട്'' എന്ന് ഈ ദിക്കിന് പേരു വരുവാനുള്ള കാരണമെന്താണെന്ന് ചിന്തിക്കേണ്ടതാണ്. പരിശുദ്ധമായ സാധനങ്ങൾക്കൊക്കെയും 'വെൺ' എന്ന വിശേഷണം ചേൎക്കുക ദ്രാവിഡഭാഷയിൽ സാധാരണയാണ്. 'വെള്ളാട്ട്'' എന്ന വാക്കിനെ എടുക്കുക. കോലാട്ടിനെയാണ് ദ്രാവിഡഭാഷയിൽ വെള്ളാട്ട് എന്നു പറയാറുള്ളതു്. ആട്ട് കറുത്തിരുന്നാലും വെള്ളാട്ട് എന്നാണ് പറയുക. യാഗത്തിന്ന് പശുവായി ഉപയോഗിക്കുന്നതുകൊണ്ടാണ് ഇതിനെ വെള്ളാട്ട് എന്നു പറയുന്നതു്. ആട്ടിനെ സൃഷ്ടിച്ചതു തന്നെ യാഗത്തിനു വേണ്ടീട്ടാണെന്നാണ് മനു പറയുന്നതു്. ഇതുപോലെ യാഗത്തിനു വേണ്ടുന്ന 'കരിങ്ങാലിമരം' 'സോമവള്ളി' 'കൃഷ്ണമൃഗം' എന്ന മൂന്നു സാധനങ്ങൾ യഥേഷ്ടം ഉണ്ടാകുന്നതുകൊണ്ടാണ് ഈ തെമ്മലയുടെ ഖണ്ഡത്തിന് 'വെംകുന്ന്'' എന്ന് പേരുവന്നതു്. പരിശുദ്ധമായ സാധനങ്ങൾ ഉണ്ടാകുന്നതുകൊണ്ട് പരിശുദ്ധമായ മലയായിത്തീൎന്നു. പരിശുദ്ധി കൊണ്ട് അതിനു വെംകുന്ന് എന്ന് പേരുണ്ടായി. വെൺ-കുന്നിന്റെ സമീപത്തുള്ള നാട്ടിനു വെൺ-കുന്നു-നാട്ട് എന്ന് പേർ വന്നു. ജനങ്ങളുടെ ലഘൂച്ചാരണസമ്പ്രദായം കൊണ്ട് ''വെങ്ങുന്നാട്ട്'' ആയി.

യാഗത്തിന് അഗ്നിയെ ജനിപ്പിക്കുന്ന അരണിയെ ഉണ്ടാക്കുവാൻ ഉപയോഗപ്പെടുത്തുന്ന 'കരിങ്ങാലി' അഥവാ ഖദിരം എന്ന ദിവ്യവൃക്ഷവും, ദേവന്മാൎക്ക് അമൃതാഹുതി ചെയ്യാൻ സോമരസത്തെ കൊടുക്കുന്ന ദിവ്യലതയും, യജമാനന് (യാഗം ചെയ്യുന്ന ആൾക്ക്) ഇരിപ്പാനുള്ള ആസനമായ ചർമ്മത്തെ കൊടുക്കുന്ന ദിവ്യമൃഗവും സുലഭമായി തന്നത്താൻ ഉണ്ടാകുന്ന പ്രദേശമാണ് യജ്ഞഭൂമിയെന്നും മറ്റെല്ലാം, മ്ലേച്ഛഭൂമിയാണെന്നും വൈദികമതസിദ്ധാന്ത ഗ്രന്ഥങ്ങൾ പറഞ്ഞിരിക്കുന്നു. ഇതുകൊണ്ട് വെങ്ങുന്നാട്ടിന്റെയും അതിന്റെ തലസ്ഥാനമായ കൊല്ലങ്കോട്ടിന്റെയും പ്രാധാന്യം വ്യക്തമാകുന്നുണ്ട്. പാലക്കാട്ട് തായ്‌വരയുടെ (കടവിന്റെ) തെക്കേ മുക്കിൽ കിടക്കുന്ന ഈ സ്ഥലത്തെയും, മലകളേയും, അവിടെയുണ്ടാകുന്ന ഈ ദിവ്യ വസ്തുക്കളെയും

രക്ഷിപ്പാൻ ഒരു രാജവംശത്തെ ഇവിടെ സ്ഥാപിച്ചു. ആ രാജവംശമാണ് കൊല്ലങ്കോട്ടു രാജാക്കന്മാർ. കേരളത്തിൽ വൈദിക ബ്രാഹ്മണർ കുടിയേറി പാർത്ത കാലം മുതൽക്ക് 64 ഗ്രാമക്കാരിൽ 11 ഗ്രാമക്കാർ സോമയാഗം ചെയ്തു തുടങ്ങീട്ടുണ്ട്. അവരുടെ യാഗാരംഭം കൊല്ലങ്കോട്ടുള്ള 'തിരുകാച്ചാംകുറുച്ചി ക്ഷേത്ര'ത്തിൽ വെച്ചാകുന്നു. യാഗത്തിന്റെ ആദ്യത്തെ ക്രിയ യജമാനാസനമായ കൃഷ്ണമൃഗചർമ്മം വാങ്ങുന്നതാണ്. അതിനോടൊപ്പം സോമലതയും, കരിങ്ങാലിക്കാതലും വാങ്ങുന്നു. അതിനാൽ അക്കാലത്ത് കാച്ചാംകുറുച്ചി ക്ഷേത്രത്തെയും, അതിന്റെ സമ്പത്തുകളേയും രക്ഷിക്കുന്ന ഭാരം കൂടി കൊല്ലങ്കോട്ട് രാജാക്കന്മാരുടേതാകുന്നു. യജ്ഞഭൂമിയേയും, യജ്ഞേശ്വരനായ പെരുമാളുടെ ക്ഷേത്രത്തെയും, അതിലേക്കുള്ള സമ്പത്തിനെയും രക്ഷിക്കുന്നതിന് അക്കാലത്ത് ഈ രാജാവിനു ആയിരം നായന്മാർ കീഴിലുണ്ടായിരുന്നു.

പരശുരാമൻ പന്ത്രണ്ടു കുടുംബങ്ങൾക്ക് കേരളം രക്ഷിപ്പാൻ ആയുധം കൊടുത്തിട്ടുള്ളതിൽ ഒന്നു വെങ്ങുന്നാട്ടു നമ്പിയാതിരിയാണ് എന്നു കേരളോത്പത്തിയിൽ കാണുന്നുണ്ട്. ആദിശങ്കരാചാര്യസ്വാമികളുടെ അമ്മ മരിച്ചപ്പോൾ പിതൃപൂജക്ക് ദർഭയും, ചമതയും, സ്രുവവും എത്തിച്ചുകൊടുത്തത് വെങ്ങുന്നാട്ടു നമ്പിടിയാണെന്ന് അതേ കേരളോത്പത്തിയിൽ കാണുന്നുണ്ട്. ആനമാരിക്കു സമീപത്തിലുള്ള നെട്ടവഞ്ചിറയിൽ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഒരു ശിവക്ഷേത്രത്തിൽ നിന്നു കിട്ടിയ ഒരു ശിലാലിഖിതത്തിൽ കൊല്ലം 60-ാമതിൽ ആ ക്ഷേത്രം പണിചെയ്യിച്ചതു ഈ വംശത്തിലെ ഒരു സ്ത്രീയാണെന്നു കാണുന്നു. ഈ ക്ഷേത്രത്തിലെ ദേവൻ നടരാജനാണെന്ന് കാശ്യപക്ഷേത്രമാഹാത്മ്യത്തിലും "തില്ലച്ചിതംബര"മാണെന്ന് ലിഖിതത്തിലും കാണുന്നുണ്ട്. പിന്നെ ഒരു ക്ഷത്രിയവംശമായ പള്ളിശ്ശേരി രാജവംശം അന്യം വന്നുപോയപ്പോൾ ആ വംശത്തിലെ സകല അവകാശങ്ങളും സ്വത്തും, സ്ഥാനമാനങ്ങളും ഈ വംശത്തിലേക്ക് ലയിച്ചു. അക്കാലം മുതൽക്ക് വെങ്ങുനാട്ടു നമ്പിടിമാർക്ക് "വീരരവിവർമ്മ, എന്ന സ്ഥാനവും, എഴുത്തുകളിൽ വീരരവിത്തീട്ട്" എന്ന സംജ്ഞയും വെച്ചു തുടങ്ങി. കേരളത്തിന്റെ പടിവാതിലായ പാലക്കാട്ടു താഴ്വരകളിൽ ഇരിക്കുന്ന ഈ വംശത്തിന് കേരളത്തെ അന്യന്മാരുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കേണ്ടുന്ന ഉത്തരവാദിത്വമുള്ളതുകൊണ്ട്, രാജ്യം വിസ്താരമില്ലെങ്കിലും പ്രാധാന്യം അധികമുണ്ട്. സാമൂതിരിരാജാക്കന്മാർ ഇക്കാര്യത്തിൽ ഈ രാജവംശത്തെ സഹായിക്കുവാൻ ബാദ്ധ്യതപ്പെട്ടവരായതുകൊണ്ട് അവരുടെ മേൽക്കോയ്മയെ ഇവർ സമ്മതിച്ചിട്ടുമുണ്ട്. കേരളത്തിന്റെ അതൃത്തിയേയും, കേരളബ്രാഹ്മണരുടെ വൈദികകർമ്മത്തേയും രക്ഷിക്കുകയാണ് ഇവരുടെ കർത്തവ്യം.

വെങ്ങുന്നാട്ടു മൂപ്പിലേക്ക് അവരോധമെന്നും, അരിയിട്ടു വാഴ്ച എന്നും രണ്ടു കർമ്മങ്ങൾ ചെയ്യാറുണ്ട്. ഇന്ദ്രനെന്ന വൈദികദേവതയേയും ശരീരത്തിൽ ആവഹിക്കുന്നുണ്ട്. ഒടുവിൽ ഇന്ദ്രനായിട്ട്

# സംസാരനൗക

വിദ്വാൻ, വി. ആർ. പരമേശ്വരൻപിള്ള പി. ഒ. എൽ.

I

മധുമതി നദീതീരത്തു രാധാഗഞ്ച് എന്നൊരു ചെറുഗ്രാമം ഉണ്ടു്. മഹാസമ്പന്നന്മാരായ ജമീൻദാരന്മാരുടെ പാർപ്പിടം ആയതുകൊണ്ടു അതിനെ ഒരു വലിയ സ്ഥലമെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. മീനമാസത്തിൽ ഒരു സായാഹ്നം. സൂര്യന്റെ തൈക്ഷ്ണ്യം അടങ്ങി ഉഷ്ണം അല്പാല്പമായി കുറഞ്ഞുകൊണ്ടേവന്നു. ഇളം കാററു് വീശിക്കൊണ്ടിരുന്നു. വയലുകളിൽ വേല ചെയ്യുന്ന ഉഴവന്മാർ കാററിന്റെ മൃദുസ്പർശമേററു നെററിത്തടത്തിലെ വിയർപ്പു മാററി ആശ്വസിച്ചു. പകലുറക്കത്തിൽ നിന്നു് ഉണർന്നെഴുന്നേററ ഗ്രാമവനിതകളുടെ വിയർത്ത തലമുടിയെ ശീതളമാക്കിക്കൊണ്ടു കുളിർ കാററു വീശി.

ഒരു ക്രൂരയ്ക്കുകത്തു മധ്യാഹ്നനിദ്രചെയ്തിരുന്ന മുപ്പതു വയസ്സായ ഒരുത്തി എണീററു ശരീരശുദ്ധിവരുത്താൻ തുടങ്ങി. സ്ത്രീകൾക്കു സാധാരണ ഇത്തരം കാര്യ

സങ്കല്പിച്ച് അഭിഷേകം ചെയ്യും. അഗ്നിമന്ത്രം കാലിൽ എഴുതി അഗ്നി ബീജാക്ഷരം ജപിച്ച് മെതിയടിയും, കാലാഴിയും കാലിൽ ധരിപ്പിക്കും. പിന്നെ ദേവപൂജാവിധിപ്രകാരം ഇദ്ദേഹത്തെ പൂജിച്ചുവരുന്നതുമുണ്ടു്. ഇദ്ദേഹത്തെ പൂജിച്ചിട്ടു വേണം ഇദ്ദേഹത്തിൽ നിന്നും മേൽ പറഞ്ഞ യാഗസാമഗ്രികളെ വാങ്ങുവാൻ. അവരോധം അഥവാ അഭിഷേകം കഴിഞ്ഞാൽ അദ്ദേഹത്തിനു് ഒരു കാര്യത്തിനും ലൌകികമായ മുടക്കങ്ങളൊന്നും ഇല്ല. കുടുംബത്തിന്റെ അശുചി (പുല, പെററപുല മുതലായതു്.) ഒന്നും ബാധിക്കുന്നതല്ല. കഠിനമായ ദീക്ഷയോടുകൂടിയിരിക്കേണമെന്നാണു് നിശ്ചയമെങ്കിലും കാലഭേദം കൊണ്ടു് കാഠിന്യത്തെ കുറച്ചിട്ടുമുണ്ടു്. ഇവർക്കു് എല്ലാക്ഷേത്രത്തിലും ബ്രാഹ്മണരെപ്പോലെ മണിയടിച്ചു തൊഴാം. മണ്ഡപത്തിൽ കയറിയിരിക്കാം. മെതിയടിയിട്ടു് ഏതു ക്ഷേത്രത്തിന്റെയകത്തും കടക്കാം. ആരെയും തൊടാം. ബ്രാഹ്മണരുടെ ഏതു സദസ്സിലും അഗ്രാസനമുണ്ടു്. കേരളബ്രാഹ്മണരുടെ സംഘത്തിൽ ക്രമ്മാസനം കൊടുത്തിരുത്തേണമെന്നാണു് നിശ്ചയം. ആരേയും നമസ്കരിക്കേണ്ടതില്ല. "വെങ്ങുന്നാട്ടു നമ്പിടിവെള്ളത്തോട്ടം വഴങ്ങുകയില്ല" എന്നാണു് പഴഞ്ചൊല്ല്. ഇങ്ങനെ വൈദികധർമ്മപ്രകാരവും, താന്ത്രികകർമ്മപ്രകാരവും ദിവ്യനാക്കിത്തീർത്തിട്ടുള്ള പേരുള്ള മനുഷ്യന്റെ വാസസ്ഥലമാണു് കൊല്ലങ്കോട്ട്. ആസകലാൽ ദിവ്യവൃക്ഷം, ദിവ്യലത, ദിവ്യമൃഗം, ദിവ്യമനുഷ്യൻ ഈ നാലിന്റെ ഇരിപ്പിടമായതുകൊണ്ടാണു് കൊല്ലങ്കോട്ടിന്നു് പ്രാധ്യാന്യം ഉണ്ടായിട്ടുള്ളതു്. ഈ പ്രാധാന്യം ഇപ്പോഴും നിലനിന്നു വരുന്നു.

ങ്ങൾക്ക് അധികം നേരം വേണ്ടിവരും എങ്കിലും ഇവൾക്ക് അത്രയേറെ നേരം വേണ്ടിവന്നില്ല! അല്പം വെള്ളം, തകരച്ചട്ടമിട്ട ഒരു ചെറുകണ്ണാടി, ഒരു വലിയ മരച്ചീപ്പ് ഇവ മാത്രമേ അതിലേക്കു ആവശ്യമുള്ളു. നെററിയിൽ കുങ്കുമപ്പൊട്ടു ഇട്ടതിൽ പിന്നെ അധരങ്ങൾ ചുവപ്പിപ്പാനായി താംബൂലം ധരിച്ചു. ജഗന്മോഹിനികൾ എന്നു വിളിക്കപ്പെടുന്ന പെൺദൈവങ്ങളിൽ ഒരുത്തിയായ ഇവൾ, അരയിൽ കുടവുമേന്തി അയൽവീട്ടിലെ മുളം കതകു തുറന്നു അകത്തു കയറി. അവൾ പ്രവേശിച്ച പറമ്പിൽ നാലുപ്രത്യേകവീടുകൾ ഉണ്ടായിരുന്നു. അവയുടെ തറ കളിമണ്ണു പൂശിയതായിരുന്നു, ചുവരുകൾ മുളം തട്ടികൾ കൊണ്ടുണ്ടാക്കപ്പെട്ടവയത്രേ. ദാരദ്ര്യചിഹ്നം വീട്ടിനുള്ളിൽ എങ്ങും കാണപ്പെട്ടില്ല. എല്ലാം ശുചിയും ക്രമീകരണവുമുള്ളതായിരുന്നു. മുററത്തെ ചുററിയാണ് ആ നാലുഗൃഹങ്ങളും സ്ഥിതി ചെയ്തിരുന്നതു്. അവയിൽ മൂന്നെണ്ണത്തിൻെറ വാതിലുകൾ മുററത്തിനു അഭിമുഖമായിട്ടും മറെറാന്നിൻെറ വാതിൽ തെരുവിനു അഭിമുഖമായിട്ടും ആയിരുന്നു. വെളിയറ പുരുഷന്മാർക്ക് ഇരുന്നു സംസാരിക്കുന്നതിനു സൌകര്യമുള്ളതായിരുന്നു. തട്ടികൊണ്ടു മറയ്ക്കപ്പെട്ട മററവ മൂന്നും സ്ത്രീകളിരിക്കുന്ന വീടുകളായിരുന്നു. വീട്ടിൻെറ മുൻഭാഗത്തുള്ള പന്തൽ ഇട്ട മുററ വെളിക്കെതിരെ നിരപ്പാക്കിയ തറയിൽ കാകറിച്ചെടികൾ നട്ടിരുന്നു. പറമ്പിനു ചുററും വേലികെട്ടിയിരുന്നു. പോകുന്നതിനും വരുന്നതിനുമായി ഒരു തട്ടിക്കതകു ഇട്ടിരുന്നതു കൊണ്ടു് അവൾക്കു നിഷ്പ്രയാസം അകത്തു കടക്കാൻ കഴിഞ്ഞു.

അവൾ നേരേ സ്ത്രീകൾ ഇരിക്കുന്ന ഭാഗത്തേയ്ക്കാണ് പോയതെന്നു പറയേണ്ടതില്ലല്ലോ. വീട്ടിലെ മററാളുകൾ പകലുറക്കം കഴിഞ്ഞു സ്വന്തകാര്യത്തിനായി എങ്ങോട്ടു പോയിരിക്കയാണെന്നു നമുക്കു അറിഞ്ഞുകൂട. അപ്പോൾ അവിടെ രണ്ടു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരുത്തിക്കു പതിനെട്ടുവയസ്സുപ്രായം കാണും. അവൾ തുണിയിൽ പൂവേല ചെയ്തുകൊണ്ടിരുന്നു. മറെറാന്നുള്ളതു ചെറിയ കുട്ടിയാണ്. യഥേഷ്ടം കളിച്ചുകൊണ്ടിരുന്നു. അതിൻെറ വലിയചേട്ടൻ പള്ളിക്കൂടത്തിലേക്കു മഷിക്കുപ്പികൊണ്ടു പോകാൻ മറന്നുപോയി. കുഞ്ഞു അതിനെക്കണ്ട ഉടനേ സന്തോഷത്തോടുകൂടി എടുത്തു കമഴ്ത്തി മഷി തൂകി മുഖത്തു പൂശി വിളയാടി. ചേട്ടൻവന്നു മഷിക്കുപ്പിയെ പിടിച്ചുപറിച്ചേക്കുമോ എന്ന സന്ദേഹത്താൽ മഷി അല്പം പോലും മിച്ചം വയ്ക്കാതെ പൂശിത്തീർത്തുകളഞ്ഞു. വന്നവൾ പൂവേലയിൽ ദത്തദൃഷ്ടിയായിരുന്ന അവളുടെ അടുത്തെത്തി ഇരുന്നിട്ടു 'എന്തോന്നെടീ ചെയ്തുകൊണ്ടിരുന്നതു്?, എന്നു ചോദിച്ചു

അതിനു അവൾ ചിരിച്ചുകൊണ്ടു 'ചേച്ചീ, എന്താണ് മുഖത്തിനു ഇത്ര പ്രസാദം? ഇന്നു ഞാൻ ആരെയാണ് കണികണ്ടതു്? എന്നു പറഞ്ഞു.

ആഗത നേരംപോക്കായി 'പിന്നെ ആരുടെ മുഖം കണ്ടിരിക്കും? ദിവസവും ആരുടെ മുഖം കണികാണുമോ അതുതന്നെ ഇന്നും" എന്നുപറഞ്ഞു.

ഇതു കേട്ടയുടനെ യുവതിയുടെ മതിവദനം ക്ഷണനേരത്തേക്കു ഇരുണ്ടുപോയി മററവളുടെ അധരമദ്ധ്യേ പെട്ടന്നുണ്ടായ

കള്ളച്ചിരി അപ്പോൾത്തന്നെ മറഞ്ഞു. ഈഘട്ടത്തിൽ ഈ രണ്ടുസ്ത്രീകളേയും പററി അൽപം വണ്ണിക്കാം.

ആഗതയ്ക്കു മുപ്പതുവയസ്സ് ആയിട്ടുണ്ടെന്നു മുമ്പെ പറഞ്ഞുകഴിഞ്ഞു. അവളുടെ, നിറം വെളുപ്പല്ല; അധികം കറുപ്പും അല്ല. അവളുടെ മുഖം അത്രക്ക അഴകുള്ളതുമല്ല. എന്നാൽ അവളെ വിരൂപിണി എന്നു പറയാൻ സാധിക്കയില്ല. അവളുടെ നോട്ടത്തിൽ ചാഞ്ചല്യവും മാധുര്യവും കലന്നിരുന്നു. ഒരു വികടഭാവന ന്റെവ്യക്തിത്വം പ്രകടമാക്കി. അവൾ അണിഞ്ഞിരുന്ന ആഭരണങ്ങൾ എണ്ണത്തിൽ അധികമിമില്ലെങ്കിലും അവ ഒരു ഭാരമാണെന്നുതന്നെ പറയണം. അവൾ അണിഞ്ഞിരുന്ന കനത്തശംഖവളകൾ നിമ്മിച്ചവൻ സാക്ഷാൽ വിശ്വകമ്മാവിൻെറ അവതാരം എന്നുള്ളതിനു സംശയമില്ല. ഒരു പഴയപുടവ അവളുടെ ദേഹത്തെ ആവരണം ചെയ്തിരിന്നു. ആ പുടവയ്ക്കും അലക്കുകാരനും തമ്മിൽ വഴക്കാണെന്ന് തോന്നുന്നു. അത് അലക്കിയിട്ടെത്ര നാളായോ എന്തോ?

പതിനെട്ടു വയസ്സുകാരിയുടെ ശരീരത്തിൽ അത്രമാത്രം ആഭരണങ്ങൾഇല്ല. അവളുടെ വത്തമാനത്തിൽ“കിഴക്കേ ബംഗാൾചുവ” കാണപ്പെടുന്നില്ല. അതുകൊണ്ട് ഈ തരുണി മധുമതി ആററിൻെറ കരയിൽ പിറന്നവൾ അല്ല എന്നു അറിയാം. ഭാഗീരഥീതീരത്തു കൽക്കത്തായ്ക്കു അരികിലുള്ള പരിഷ്ക്കാരസങ്കേതങ്ങളിൽ ഏതിലോ പിറന്നവൾ ആയിരിക്കണം അവൾ. ദുഃഖത്താലോ മനസ്സിൻെറ അതിയായ അസ്വാസ്ഥ്യത്താലോ ആ യുവതിയുടെ ചുവന്ന പൂമേനി ഏതാണ്ടു മങ്ങിയിരുന്നു. സുന്ദരിയുടെ ദേഹകാന്തി, മദ്ധ്യാഹ്നസൂര്യൻെറ ചൂടുകൊണ്ടു പകുതി വാടിയ ചെന്താമരപ്പൂവിനു സദൃശമായിരുന്നു. അവളുടെ അളകഭാരം അലക്ഷ്യമായി കണ്ടുത്തോളം ചുരുണ്ടുകിടന്നിരുന്നു. ഏതാനും കുന്തൽച്ചുരുളുകൾ കെട്ടിൽ അടങ്ങാതെ നെററി, കവിൾത്തടം എന്നിവയിൽ തൂങ്ങിക്കിടന്നു. ചന്ദ്രക്കലക്കു തുല്യമായ ഫാലദേശത്തു നാണം നിറഞ്ഞു വളഞ്ഞ പുരികങ്ങൾ. കണ്ണിമ അല്പം മൂടി പകുതി കാണപ്പെടുന്ന മോഹനനേത്രങ്ങൾ. അവ തുറന്നുനോക്കുമ്പോൾ വിളങ്ങുന്ന വൈദികമായ നോട്ടം കോടമേഘമദ്ധ്യേ മിന്നലൊളി എന്നപോലെ കാണപ്പെട്ടു. യൗവനം പ്രസരിക്കുന്ന ആ നോട്ടത്തിൽ വ്യാകുലത കൂടികൊണ്ടിരുന്നു. അവളുടെ ചെറിയ അധരങ്ങൾ ഉള്ളത്തിലൂറുന്ന വേദനയെക്കാട്ടി. അവളുടെ ലാവണ്യമേറിയ അംഗങ്ങളിൽ ആഭരണങ്ങൾ ഇല്ലെന്നുതന്നെ പറയാം. കൈകളിൽ സാധാരണ വളകളും ‘വങ്കി’യും മാത്രമാണ് അവൾ അണിഞ്ഞിരുന്നതു്. അവ ‘നാഗരികമോസ്തർ’ ആയിരുന്നു.

യുവതി കൈയിലിരുന്ന സൂചിയെ താഴെ വച്ചിട്ടു ആഗതയോടു സംഭാഷണം തുടങ്ങി. ആഗതനോട്ട്, വീട്ടിൽ താനിന്നനുഭവിക്കുന്ന കഷ്ടതകളെ ഭംഗിയായി വിവരിച്ചു. അവൾ പറഞ്ഞതിൽ മുക്കാൽ ഭാഗവും കെട്ടുകഥ എന്നുള്ളതാണ് പ്രത്യേകം ഓമ്മിക്കാനുള്ളതു്. കണ്ണുകളിൽനിന്നു ഒരുതുള്ളി കണ്ണീർപോലും പുറപ്പെട്ടില്ല എങ്കിലും അവൾ കൂടെക്കൂടെ തൻെറ അഴുക്കടഞ്ഞ പുടവയുടെ തുമ്പുകൊണ്ടു

കണ്ണുകളെ തുടച്ചുകൊണ്ടിരുന്നു. എന്നാൽ അവൾ കണ്ണുതുടയ്ക്കുമ്പോഴെല്ലാം നേരത്തേ ഏൎപ്പാടുചെയ്തിരുന്ന മാതിരി എങ്ങന്നോ ധാരാളം കണ്ണുനീർ ഓടിവന്നുകൊണ്ടുമിരുന്നു. അവസാനമായി ഒരു വലിയ 'മെരട്ടു വിദ്യക്കു' "തയാർ എടുക്കു"മ്പോഴേക്കും, അവിചാരിതമായി, മുഖത്തു മഷി പൂശിക്കൊണ്ടിരുന്ന കുഞ്ഞിൻെറ മേൽ അവളുടെ നോട്ടം പതിച്ചു. ആ അലങ്കോലക്കാഴ്ച, കുടുംബത്തിലെ കുറവുകളെപ്പററി വൎണ്ണിക്കാൻ വന്നവളുടെ കരച്ചിലിനെ ചിരിയായി മാററിക്കളഞ്ഞു. പരിഹാസരസപ്രവാഹം വന്നു അവളുടെ ഖേദം മുഴുവൻ എങ്ങോട്ടേയ്ക്കോ ഒഴുക്കിക്കൊണ്ടുപോയി.

രോദനബഹളങ്ങളെല്ലാം തീൎന്നു. സൂൎയ്യൻ അസ്തമിക്കുന്ന സമയം ആസന്നമായതു കണ്ടു ആഗത യുവതിയെ തന്നോടൊന്നിച്ചു നദിക്കരയിലേക്കു വെള്ളം കോരാൻ വിളിച്ചു. അവൾ അവിടെ വന്നതു് ഇതിനായിട്ടു മാത്രം ആയിരുന്നു. യുവതി പോകാൻ വിസമ്മതിച്ചു. ആഗത നിർബന്ധിച്ചപ്പോൾ യുവതി, "ആററിൽ മുതലകളുണ്ടു്. അവ എന്നെപിടിച്ചു കൊണ്ടു് പൊയ്ക്കുളയുമല്ലോ?" എന്നു പറഞ്ഞു.

ഇതു കേട്ടു അവളുടെ തോഴി പൊട്ടിച്ചിരിച്ചു. തൻെറ "മുടന്തൻ സമാധാനം" ഫലിച്ചില്ലെന്നു യുവതിക്കു ബോധപ്പെട്ടു. എന്നിട്ടും അവൾ "കനകം, നേരമാകുന്നല്ലോ. നീ പോകുന്നില്ലേ?" എന്നായി.

അപ്പോഴും സൂൎയ്യപ്രകാശം വൃക്ഷങ്ങളിൻമേൽ നിന്നു മാറിയിട്ടില്ലെന്നുകാണിച്ചിട്ട് "ഇനിയും എത്രയോ നേരം കിടക്കുന്നല്ലോ" എന്നു കനകം പറഞ്ഞു.

യുവതി കുറച്ചു വല്ലായ്മയോടുകൂടി "ഞാൻ എന്നെങ്കിലും വെള്ളം കോരാൻ പോയിട്ടുണ്ടോ? ഇതു നിനക്കു അറിഞ്ഞുകൂടെ?" എന്നു ചോദിച്ചു.

"അതുകൊണ്ടു തന്നെയാണു് വിളിക്കാൻ വന്നതു്. ദിവസം മുഴുവൻ ഈ കൂട്ടിൽ അടയ്ക്കപ്പെട്ടതുപോലെ കിടക്കുന്നതു് എന്തിനു്? മററു സ്ത്രീകൾ എല്ലാം വെള്ളം കോരാൻ പോകുന്നില്ലേ?" എന്നു കനകം പറഞ്ഞു.

യുവതി വെറുപ്പോടുകൂടി "അതു വേലക്കാരി ചെയ്യേണ്ടതാണു്" എന്നു മറുപടി നൽകി.

"എന്തെടീ, നിനക്കു ആരു വെള്ളം കോരിത്തരുന്നു? വേലക്കാരിയും ഉണ്ടോ"?

"എന്തു്? എൻെറ 'നാത്തനാർ' കൊണ്ടു വരും"

"വീട്ടുകാരിപോലും—അതു ചെയ്യുമ്പോൾ വന്നു ചേൎന്നവളായ നിനക്കു എന്തു കൊണ്ടു പാടില്ല?"

യുവതി "അതിനെക്കുറിച്ചു പറഞ്ഞിട്ടു എന്തു പ്രയോജനം? കനകം, ഗൃഹനാഥൻ വെള്ളം കോരാൻ പൊയ്ക്കൂടാ എന്നു ഉത്തരവിട്ടിരിക്കുന്നല്ലോ. നിനക്കു അദ്ദേഹത്തിൻെറ സ്വഭാവം അറിഞ്ഞുകൂടേ?" എന്നു അസ്വരത്തോടെ പറഞ്ഞു.

കനകമയി ഇതിനു ഉത്തരമൊന്നും പറയാതെ ആരെങ്കിലും വരുന്നുണ്ടോ എന്നു ചുററും നോക്കി. ആരുമില്ലെന്നുകണ്ടു എന്തോ പറയാൻ ഭാവിച്ചു എങ്കിലും പെട്ടെന്നു ഭയം മൂലം അതിനെ അടക്കിക്കൊണ്ടു തറയിൽ ദൃഷ്ടിപതിപ്പിച്ചു

ആലോചനയായി. യുവതി അവളെ നോക്കി "എന്തു ചേച്ചീ, എന്താണ് ആലോചിക്കുന്നത്?" എന്നു ചോദിച്ചു.

"നീ മാത്രം മിടുക്കിയായിരുന്നാൽ—" എന്നു കനകം പറഞ്ഞു തീക്കുന്നതിനു മുമ്പു യുവതി അതിനെ തടഞ്ഞിട്ടു "ഉം. മതി. നിൻെറ അഭിപ്രായം എനിക്കു മനസ്സിലായി" എന്നു പറഞ്ഞു.

"അങ്ങനെയാണെങ്കിൽ ഇപ്പോൾ എന്തു ചെയ്യാൻ പോകുന്നു?" എന്നായി കനകം.

യുവതി അല്പനേരം മൌനമായിരുന്നു. അധരങ്ങളുടെ തുടിപ്പും നെററിയുടെ വൈവർണ്ണ്യവും മനസ്സിൽ എന്തോ ആലോചന കടന്നു കൂടിയിട്ടുണ്ടെന്നു വ്യക്തമാക്കി. ദേഹം ഞെട്ടി വിറച്ചതിനാൽ അഗാധമായ കലക്കം ഹൃദയത്തെ ബാധിച്ചിട്ടുണ്ടെന്നു ഗ്രഹിക്കാം. കുറച്ചുനേരം കഴിഞ്ഞു "ശരി തന്നെ വരൂ പോകാം. പോകുന്നതുകൊണ്ട് തരക്കേടൊന്നുമില്ലല്ലോ?" എന്നു യുവതി പറഞ്ഞു.

കനകം ചിരിച്ചുകൊണ്ടു "എടീ, അമ്മേ, ശരിയൊ തെററൊ എന്നു നിർണ്ണയിക്കാൻ ഞാൻ കുടവയറൻ ശാസ്ത്രിയാണോ? അമ്പതുപേർ ഉണ്ടായിരുന്നാലും ഞാൻ പോകും" എന്നു പറഞ്ഞു.

"നിനക്കു നല്ല കരളുറപ്പുണ്ട്. അമ്പതുപേരോ നിനക്കാവശ്യം?" എന്നു ചിരിച്ചുകൊണ്ടു പറഞ്ഞിട്ടുകുടമെടുക്കാൻപോയി.

കനകം ദുഃഖസമ്മിശ്രമായ ചിരിയോടുകൂടി "ആ മാതിരിയിൽ വായ്കൊണ്ടു പറയുന്നതുപോലും പാപമാണ്. എന്നാൽ ലഭിച്ചിട്ടുള്ളവിധം കണ്ണിൽ കാണാനില്ലാത്ത ഭർത്താവിനെപ്പോലെ കോടി പുരുഷന്മാരോടൊന്നിച്ചു വസിച്ചാലും പതിവ്രതാധർമ്മത്തിനു ഭംഗമേപ്പെടുകയില്ല". എന്നു പറഞ്ഞു.

"നല്ലകുടുംബത്തിൽ പിറന്നിട്ടും ഇവളുടെ തലയിലെഴുത്തു ഇങ്ങനെ ആയിപ്പോയല്ലോ" എന്നുള്ള ആത്മഗതത്തോടുകൂടി യുവതി അടുക്കളയിൽ നിന്നു് കുടവുമായി വന്നു. ചുമക്കുന്നവൾക്കു തക്കവിധത്തിൽ കുടം അഴകുള്ളതും ചെറുതും ആയിരുന്നു. രണ്ടുപേരും ആററിലേക്കു പുറപ്പെട്ടു. കനകം ചിരിച്ചുകൊണ്ടു "എടി, എൻെറ കോകിലമേ, ആ വായാടികൾക്കു നിൻെറ മോഹനതയെ കാണിച്ചു കൊടുക്കു" എന്നു പറഞ്ഞു. "ച്ചീ, പോടി, കുരങ്ങേ" എന്നു പറയുന്ന മാതിരി കനകത്തിൻെറ തോഴി നാണത്താൽ ചുവന്ന തൻെറ മുഖത്തെ മറച്ചുകളഞ്ഞു.

(തുടരും)

# *കവിതയിലെ ഗഹനസൗന്ദര്യം

പി. കെ. നാരായണപിള്ള, എം. എ.

എന്റെ അറിവിൽ പെട്ടിടത്തോളം മലയാളത്തിൽ ഇതുവരെ നിരൂപിതമായിട്ടില്ലാത്ത ഒരു സാഹിത്യവിഷയത്തെക്കുറിച്ചാണു് ഞാൻ ഇന്നു പ്രസംഗിക്കുവാൻ ഉദ്ദേശിക്കുന്നതു്. കവിതയുടെ ധർമ്മങ്ങളേയും, മർമ്മങ്ങളേയും സരസതയേയും സരണികളേയും അധികരിച്ചുള്ള പല പ്രബന്ധങ്ങളും പ്രഭാഷണങ്ങളും നിങ്ങൾക്കു സുപരിചിതങ്ങളാണെങ്കിലും അതിലെ ഗഹനസൗന്ദര്യത്തെ പൃഥക്കായി പരാമർശിക്കയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന നിരൂപണപഥം മലയാളത്തിൽ ഇനിയും ഉദ്ഘാടനം ചെയ്യേണ്ടിയിരിക്കുന്നതേയുള്ളു. ഈ വിഷയത്തിൽ ഞാൻ ചെയ്യുന്ന പ്രഥമപരിശ്രമം എത്രത്തോളം പചേളിമമായി പരിണമിക്കുമെന്നു എനിക്കു തന്നെ സംശയമുണ്ടു്. കവിതയിലെ ഗഹനസൗന്ദര്യത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു പ്രപഞ്ചനം പ്രസംഗസമയത്തിന്റെയും എന്റെ വിജ്ഞാനസമ്പത്തിന്റെയും പരിമിതിയെപ്പറ്റി പര്യാലോചിക്കുമ്പോൾ ഈ സന്ദർഭത്തിൽ ദുസ്സാധമാണെന്നു പറയേണ്ടിരിക്കുന്നു. അതിനാൽ സഹൃദയന്മാർക്കു രസിക്കുവാനും വിമർശകന്മാർക്കു ചിന്തിക്കുവാനും കവികൾക്കു വിഹരിക്കുവാനും ധാരാളം അവകാശം സിദ്ധിക്കുന്ന പ്രസ്തുത സാഹിത്യമാർഗ്ഗത്തിലേക്കു് നിങ്ങളുടെ ദൃഷ്ടിയെ ആകർഷിക്കണമെന്നു മാത്രമേ ഞാൻ ഈ പ്രസംഗം കൊണ്ടു് ഉദ്ദേശിക്കുന്നുള്ളു.

സൗന്ദര്യാത്മകങ്ങളായ സുകുമാരകലകൾ നാം ജീവിക്കുന്ന യഥാർത്ഥലോകത്തിന്റെ ഭാവനാരസികങ്ങളായ പ്രതിച്ഛായകളാണു്. മനോഹാരികളായ ലൗകികവിഷയങ്ങളുടെ കലാപരമായ പ്രതിപാദനമാണു് സുകുമാരകലകൾക്കു് സൗന്ദര്യം പ്രദാനം ചെയ്യുന്നതു്. കലാകാരന്മാരുടെ വാസനാസമ്പന്നമായ ഹൃദയദർപ്പണത്തിൽ പ്രതിഫലിച്ചു കാണുന്ന പ്രാപഞ്ചികസൗന്ദര്യം തന്നെയാണു് കലാസൗന്ദര്യം. പ്രതിബിംബമായ ഈ കലാസൗന്ദര്യം ബിംബഭൂതമായ ലോകസൗന്ദര്യത്തെ അനുസരിച്ചു ലളിതമായും ഗഹനമായും ഇരിക്കുന്നതു് സ്വാഭാവികമാണു്. ഇപ്രകാരം കാവ്യങ്ങളിൽ പ്രകാശിക്കുന്ന ഗഹനമോഹനമായ സൗന്ദര്യവിശേഷത്തെ തിരിച്ചറിയുവാനും ആസ്വദിക്കുവാനും വിമർശകദൃഷ്ടിയുള്ള സഹൃദയന്മാർക്കു കഴിയും.

'പാറമേൽ തട്ടിപ്പളുങ്കിൻ മണി ചിന്നി' ഒലിച്ചു പോകുന്ന ഒരു അരുവിയേയും ഗംഗാവതരണം പോലെ ഉഗ്രമായി പതിക്കുന്ന ജലപാതത്തേയും ഒരു സഹൃദയൻ ദർശിക്കുന്നു. രണ്ടു കാഴ്ചകളിൽനിന്നും അയാൾ ആനന്ദമനുഭവിക്കുന്നു. അരുവി കണ്ടു രസിക്കുമ്പോൾ അയാളുടെ ഹൃദയത്തിൽ മൃദുലങ്ങളായ ആനന്ദതരംഗങ്ങൾ ഉളവാകുന്നു. എന്നാൽ ജലപാതദർശനത്തിൽ തുമുലങ്ങളായ ആനന്ദവീചികളുടെ സമ്മർദ്ദം കൊണ്ടു് അയാളുടെ ഹൃദയം ക്ഷുബ്ധമാകുന്നു.

---

* മീനച്ചൽ താലൂക്കു് ടീച്ചേഴ്സ് കാൺഫറൻസിൽ ചെയ്ത പ്രസംഗം.

ഉന്നതമായ ഒരു സ്ഥാനത്തുനിന്നുകൊണ്ടു് അധസ്ഥമായ ഒരു മനോഹരസൗധത്തേ നോക്കുക. ലോകശില്പികളുടെ കലാവൈദഗ്ധ്യത്തിന്റെ പ്രസരസീമ നിങ്ങളുടെ നയനങ്ങളെ കുളിർപ്പിച്ചേക്കാം. അനന്തരക്ഷണത്തിൽ പൂർവദിക്കിലേക്കു് പശ്ചിമ തിരത്തിന്റെ പ്രാകൃത പ്രാകാരമായ സഹ്യപർവ്വതപംക്തികളിലേക്കു് കണ്ണു പതിപ്പിക്കുക. എന്തൊരു ഗംഭീരമായ കാഴ്ച. അപ്രമേയമായ ബൃഹത്വം. അനന്തമായ സൗന്ദര്യം. ഏതോ അഭൌമനായ ശില്പിയുടെ കലാപാടവത്തിന്റെ ഗഹനസുന്ദരമായ സന്താനം. നോക്കുക, വീണ്ടും നോക്കുക. കാണുവാൻ കണ്ണുകൾ പോരെന്നു തോന്നും. ദർശനജന്യമായ വികാരം വഹിക്കുവാൻ ഹൃദയത്തിനു ശക്തിയില്ലെന്നു തോന്നും. ആശ്ചര്യത്തിന്റേയും ഭീതിയുടേയും ആനന്ദത്തിന്റേയും ശാബല്യം അനുഭവഗോചരമാകും. ക്ഷോഭത്തിന്റെ പരമകോടിയിൽ അനുഭവിക്കുന്ന സ്തംഭനം നിങ്ങളുടെ ഹൃദയത്തിലുളവാകും. ആത്മവിസ്മൃതിയോടുകൂടിയ ഒരു പരമാനന്ദത്തിൽ നിങ്ങൾ ലയിക്കും.

ഒരു മനോഹരമായ തടാകം പ്രേക്ഷകരുടെ മനസ്സിൽ അനല്പമായ ഉല്ലാസം ജനിപ്പിക്കുന്നു. അതിൽ വിരിഞ്ഞു നിൽക്കുന്ന താമരപ്പൂക്കളും നീന്തിക്കളിക്കുന്ന ഹംസങ്ങളും പരിസരത്തിൽ ഭ്രമണം ചെയ്യുന്ന മധുകരങ്ങളും സുഗന്ധവാഹിയായ മന്ദമാരുതനും ആർക്കും ആനന്ദം പ്രദാനം ചെയ്യും. എന്നാൽ ഈ സൌന്ദര്യം സാധാരണമാണു്; അത്ര ഗഹനമല്ല. നേരേ മറിച്ചു് ചന്ദ്രികാചർച്ചിതമായ ഒരു രജനീമുഖത്തിൽ കടൽപുറത്തു പോയി സമുദ്രാഭിമുഖനായി നിർബാധം നിൽക്കുന്ന ഒരു സഹൃദയന്റെ അനുഭവം എന്തെന്നു ചിന്തിച്ചു നോക്കുക. വെള്ളിച്ചിലമ്പുപോലുള്ള ഫേനപംക്തി കണ്ടും സുഖസ്പർശിയായ ശീതവായു ഏറ്റും കുറച്ചു സമയം സാധാരണമായ ആനന്ദം അനുഭവിച്ചു് അയാൾ നിന്നു എന്നു വരാം. അനുസ്യൂതമായി മറിയുന്ന തിരകളിൽ ചന്ദ്രൻ കുട്ടിക്കരണം മറിയുന്ന ഒരു കാഴ്ചയും കുറച്ചു നേരത്തേക്കു് അല്പം രസപ്രദമായി തോന്നിയേക്കാം. എന്നാൽ ഏകാഗ്രമായി തരംഗസംകുലമായ സമുദ്രത്തെ അവലോകനം ചെയ്യുന്നപക്ഷം അചിരേണ അതിന്റെ അനന്ത വിസ്തൃതിയെക്കുറിച്ചുള്ള ബോധം അവന്റെ ഹൃദയത്തിൽ വ്യാപിക്കും. സമുദ്രത്തിന്റെ ചക്രവാളരേഖ ചുംബിക്കുന്ന സാങ്കല്പികസീമകളിൽ അവന്റെ നയനങ്ങൾ ഉറയ്ക്കും. വിസ്തൃതിയോടൊപ്പം തന്നെ സാഗരത്തിന്റെ അഗാധതയെക്കുറിച്ചുള്ള അവബോധവും ഹൃദയത്തിൽ അങ്കുരിക്കും. സമുദ്രത്തിന്റെ അഗാധതയേയും അനന്തവിസ്തൃതിയേയും കുറിച്ചു് ഭാവനം ചെയ്യുന്ന ഹൃദയം അധ്മാതമാകുന്നു എന്നു തോന്നിത്തുടങ്ങും. ഒരു സാധാരണ വ്യക്തി എന്ന നിലയിൽ നിന്നും താൻ വളരെ ഉന്നമിച്ചു എന്നു തന്നത്താൻ തോന്നും. നിർബാധമായും ഏകാഗ്രമായും അഭംഗുരസുന്ദരമായ ഭംഗപരമ്പരകളെ സമാകലനം ചെയ്തു നിൽക്കുമ്പോൾ ക്രമേണ അവനു ആത്മവിസ്മൃതിയുണ്ടാകും. പ്രകൃതിയിൽ അവൻ ലയിക്കും. ഇതു് ഒരു തടാകം കാണുമ്പോൾ ഉണ്ടാകുന്നതിൽ നിന്നും എത്രയോ ഭിന്നമായിട്ടുള്ള അനുഭവമാണു്. ഇവിടെ എത്രയോ ഗഹന

മായിട്ടുള്ള സൌന്ദര്യമാണ് നാം ആസ്വദിക്കുന്നതു്.

ഒരു ഉദ്യാനമോ അഥവാ ഒരു പുഷ്പമോ നാം കാണുമ്പോഴും അവയെക്കുറിച്ചുള്ള വർണ്ണനം വായിക്കുമ്പോഴും നമുക്ക് അമന്ദമായ ആനന്ദം ഉളവാകുന്നു. വീണ പൂവിന്റെ പൂർവ്വാവസ്ഥയെ കുമാരനാശാൻ വർണ്ണിക്കുന്ന ഭാഗം പ്രകൃതിസൌഭഗം തുളുമ്പുന്നതാണ്.

ലാളിച്ചു പെററലതയൻപൊടുശൈ-
ശവത്തിൽ
പാലിച്ചു പല്ലവ പുടങ്ങളിൽ വച്ചു-
നിന്നെ
ആലോലവായു ചെറുതൊട്ടിലുമാട്ടി
താരാ-
ട്ടാലാപമാർന്ന മലരേ ദലമർമ്മരങ്ങൾ.
പാലൊത്തെഴും ചെറു നിലാവിലലം
കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാട
ലെന്യേ
നീ ലീല പൂണ്ടിളയമൊട്ടുകളോടുകൂടി-
ബാലതമങ്ങനെ കഴിച്ചിതു നാളിൽ
നാളിൽ.

പ്രകൃതിയുടെ ഒരു ഓമൽ സന്താനത്തെക്കുറിച്ചുള്ള ഈ ഗാനം നമ്മെ ക്രമാധികം രസിപ്പിക്കുന്നുണ്ട്; ആ പുഷ്പത്തോട് അവാച്യമായ ഒരു വാത്സല്യം ജനിപ്പിക്കുന്നുണ്ട്; പ്രകൃതിയുമായി കവി അനുഭവിച്ച ഐക്യം നമ്മിലും പകർത്തുന്നുണ്ട്—എന്നാൽ ആകൃതി കൊണ്ടോ പ്രകൃതികൊണ്ടോ ഈ വിഷയം ഗഹനമായ സൌന്ദര്യത്തിന് ആസ്പദമായിരിക്കുന്നുവെന്നു പറയാവുന്നതല്ല. കുമാരനാശാൻ തന്നെ ശ്രീബുദ്ധചരിതത്തിൽ, ബുദ്ധന്റെ ദിനചര്യയെ വർണ്ണിക്കുന്ന ഭാഗം ഒന്നു അവലോകനം ചെയ്യാം. പകൽസമയം ധ്യാനനിഷ്ഠനായി ഗുഹയിൽ ഇരുന്നശേഷം "പ്രാണിവർഗ്ഗങ്ങളെല്ലാം ഉറങ്ങി ഒട്ടുമൌന"മാകുന്ന അവസരത്തിൽ ബുദ്ധൻ ധ്യാനത്തിൽനിന്ന് മനസ്സിനെ നിവർത്തിപ്പിച്ച് ദർഭശയ്യയിൽ കിടന്ന് അല്പം ഉറങ്ങിയശേഷം "കന്ദരതലം വിട്ട് വെളിയിൽ എഴുന്നള്ളി" ഒരു ശിലമേൽ ആസ്ഥിതനായി ബാഹ്യലോകത്തെ തൃക്കൺ പാർക്കുന്നു.

"ചൂഴവും കാണാംവന ഭൂവിലും ആ-
ശൈലത്തിൽ
താഴയും മെല്ലെജ്ജീവ ജാലങ്ങൾചേ
ഷ്ടവിട്ടു-
ശേഷിച്ച രാത്രിയുടെയാശ്ലേഷമേററു
മങ്ങി-
ജ്ജോഷമായ് കിടപ്പതു നോക്കീട്ടും
മഹാഭാഗൻ
മുകളിൽ നിർവ്വാതമായെങ്കിലും ശിശി
രമായ്
മുകിലില്ലാതെ പരന്നു നിസ്സീമമായ്—
അംബരമഹാടവി വിവിധ വർണ്ണ
പുഷ്പാ-
ഡംബരഭാസുരമായ് നില്പതു നോക്കും
ദേവൻ"

ആസ്പദ രഹിതങ്ങളായ ഗർത്തങ്ങളും വിശാലങ്ങളായ മഹാരണ്യങ്ങളും ഭീകരങ്ങളായ ദുഷ്ടജന്തുക്കളും നിറഞ്ഞ സാനുപ്രദേശത്തിന്റെ അതിഗഹനമായ ഒരു കാഴ്ച താഴെ; ഇരുണ്ടു പരന്നു നിസ്സീമമായിരിക്കുന്ന ആകാശവീഥിയിൽ താരകകൾ നിറഞ്ഞതു് അതിഗഭീരമായി ഒരു മഹാടവിപോലെ തോന്നിക്കുന്ന മറെറാരു കാഴ്ച മുകളിൽ. ഇങ്ങനെ ബൃഹത്പരിമാണങ്ങളും, അനന്ത വിസ്തൃതങ്ങളും

സൗന്ദൎയ്യകേന്ദ്രങ്ങളുമായ രണ്ടു പ്രകൃതി വിലാസങ്ങളുടെ മദ്ധ്യേ നിന്നു അവയെ ആലോകനം ചെയ്യുന്ന മഹാ പുരുഷനാരാണു്?.

അദ്ധ്യാത്മാകാശങ്ങളെ യന്തരാ തുരന്നു
പോം
ബുദ്ധിതൻ സൂക്ഷ്മകിരണം വഴിയുള്ളി
ലുള്ള ഗ്രന്ഥതത്വങ്ങൾ കണ്ടുകണ്ടെഴുമാ
നന്ദത്തിൽ
ഗാഢമഗ്നനായ

ഭഗവാൻ ശ്രീ ഗൗതമൻ! അഗാധതയിൽ സമുദ്രത്തേയും, ഉന്നതിയിൽ ഹിമവാനേയും വിശാലതയിൽ ആകാശത്തേയും അതിശയിക്കുന്ന ഹൃദയമുള്ള ശ്രീ ബുദ്ധദേവൻ!! പ്രകൃതിയിലെ ഈ മൂന്നു മഹാഘടകങ്ങളുംകൂടി സമ്മേളിക്കുന്ന ഒരു രംഗം. എത്രയോ ഗഹനസുന്ദരം!! പുഷ്പം വീണുകിടക്കുന്ന രംഗവുമായി എന്തൊരന്തരം.!!

കിളിക്കൊഞ്ചൽ എന്ന കൃതിയിൽ വള്ളത്തോൾ മഹാകവി സീതയെ ഇങ്ങനെ വൎണ്ണിക്കുന്നു:—

"ചെമ്പകപ്പൂവാണി പ്പെൺപൈതൽ
തന്നുടൽ
ചെമ്പനിനീർപ്പൂവിക്കൊച്ചുമുഖം
കായാമ്പുകൊണ്ടല്ലോകല്പിതമായ്
തുലോം
ആയാമരമ്യമാ മക്ഷിയുഗ്മം;
തോൾകവിഞ്ഞഗ്രം ചുരുണ്ടുകിടക്കുന്ന
വാർകുഴലായതോ വണ്ടിങ്ങുതാൻ,
മല്ലികാശാഖകളാകുന്നു കൈയ്യുകൾ
പല്ലവം തന്നെയിപ്പാണിരണ്ടും."

ഇവിടെ വളരെ ലളിതമായ സൗന്ദൎയ്യം നാം ആസ്വദിക്കുന്നു. എന്നാൽ അതേ കൃതിയിൽ തന്നെമഹാകവി ആകാശത്തെ വൎണ്ണിക്കുന്ന ഭാഗം എത്രയോ ഭിന്നമായ ഒരു സൗന്ദൎയ്യത്തെയാണു് പ്രതിബിംബിപ്പിക്കുന്നതു്; അനസ്യൂതമായ ഒരുസംബുദ്ധി പരസരയോടുകൂടി ആരംഭിക്കുന്ന ഈ വൎണ്ണനത്തിൽ ആകാശത്തിന്റെ ഗഹനസൗന്ദൎയ്യം ഹൃദ്യമായ രീതിയിൽ പ്രതിഫലിച്ചു കാണുന്നുണ്ടു്.

വാനമേ! ഗഗനമേ! വ്യോമമേ!
സുരസിദ്ധ
സ്ഥാനമേ! വിഹായസ്സേ! നഭസ്സേ!നമ
സ്കാരം.
ചന്ദ്രാർക്കരാകും വെൺ ചെന്താമര
പ്പൂവുകളും
സുന്ദരതാരങ്ങളാം നൈതലാമ്പലുകളും
വിരിഞ്ഞുപൊന്തും മഹാവിസ്തീൎണ്ണ–
തടാകം നീ;
ഗരുഡനാം തങ്കക്കപ്പൽ ചരിക്കും–
സമുദ്രം നീ;
ചിലപ്പോൾ പുതുകൊണ്ടൽ തമാലവി–
പിനംനീ
ചിലപ്പോൾ സിതമേഘമണലിൻ–
കടപ്പുറം.
ചിലപ്പോൾ സന്ധ്യാരാഗസിന്ദൂര–
മണിയുംനീ;
ചിലപ്പോൾവെറും ചാരം പരക്കെ–
പ്പൂശിടുംനീ;
നിന്മഹിമാവാക്കോതാം നീ തന്നെ-
നിത്യംശുദ്ധം
നിൎമ്മലം സമം ശാന്തം സർവഗം–
പരബ്രഹ്മം

അനന്ത വിസ്തൃതമായ ആകാശത്തെ വിസ്തീൎണ്ണതടാകമായും, സമുദ്രമായും, വിപിനമായും മററും രൂപണം ചെയ്തിട്ടുള്ളതും ആകാശവീഥിയിലെ ഭാവവ്യത്യാസങ്ങളെ വൎണ്ണിച്ചിട്ടുള്ളതും എല്ലാം മനസ്സിനെ ചമത്കരിച്ചു്, ഉന്നമിപ്പിക്കുന്ന

രീതിയിലാണ്. ഇങ്ങനെയുള്ള കാഴ്ചകൾ പ്രകൃതിയിൽ കാണുമ്പോഴും ഇവയെക്കുറിച്ചുള്ള വർണ്ണനകൾ വായിക്കുമ്പോഴും കുമാരനാശാൻ ബുദ്ധനെപ്പററി

'സാദരം താനിക്കാണും കാഴ്ചകൾ—
തന്നെ ചിന്താ-
മേദുരമാക്കിത്തീർക്കും ഭഗവച്ചിത്തം—
വീണ്ടും!

എന്നു പറഞ്ഞിട്ടുള്ളതു് നമുക്കു് അനുഭവവിഷയമായിത്തീരുന്നു. ഇതാണു് ഗഹനസുന്ദരങ്ങളായ കവിതകൾ വായിക്കുമ്പോൾ ഹൃദയത്തിനുണ്ടാകാവുന്ന സ്പൃഹണീയമായ ഒരു ഭാവവ്യത്യാസം. വലിയവിഷയങ്ങളെക്കുറിച്ചു് ആലോചിക്കുകയും ഭാവിക്കുകയും ചെയ്യുമ്പോൾ ഹൃദയം 'ചിന്താമേദുരമാകാതെ' തരമില്ലല്ലോ. ഈ പരിശീലനവും പരിചയവും വിശ്വം മുഴുവൻ ഏകമായി വിഭാവനചെയ്യുവാനും 'ഏകമേവാദ്വിതീയംബ്രഹ്മ' എന്ന ബൃഹത്തമമായ താത്ത്വികസങ്കല്പത്തിലെത്തിച്ചേരാനും നമ്മെ സഹായിക്കും. എന്നാൽ 'കീറത്തലയിണ'യും 'വീണപൂവും' നമ്മെ അല്പനേരത്തേക്കു് ലഘുവായി രസിപ്പിച്ചിട്ടു ദ്രവിച്ചോ അളിഞ്ഞോ തിരോധാനം ചെയ്യും.

കവിതയിലെ ലളിതസൗന്ദര്യത്തിനും ഗഹനസൗന്ദര്യത്തിനും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിക്കൊണ്ടു് ഞാൻ ചെയ്ത പ്രപഞ്ചനത്തിൽനിന്നും വർണ്യവസ്തുക്കളുടെ അനന്തമായ വിസ്തൃതിയും ദുഷ്പ്രമേയമായ ഉന്നതിയും ഭീമമായ ആകൃതിയും ഗഹനസൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നവയാണെന്നു് തെളിഞ്ഞിരിക്കുമല്ലൊ. വിശാലമായ ആകാശവും വിസ്തൃതമായ സമുദ്രവും ഗഹനസുന്ദരമാണു്, എന്നാൽ ഒരു ഗൃഹത്തിൻെറ മേൽത്തട്ടോ ഒരു ചെറിയ ജലാശയമോ അങ്ങിനെയല്ല. അത്യുന്നതമായ ഒരു പർവതം ഗഹനസുന്ദരമായിരിക്കും, എന്നാൽ ഒരു കുന്നോ ഒരു സൗധമോ അങ്ങിനെയായിരിക്കുക സാധാരണമല്ല. 'തലയിൽ തീകാളും നെടും—ചുടലബ്ഭ്രതം കണക്കു് ചലിച്ചു നിൽക്കുന്ന 'തടിയനരയാലി'ൻെറ വർണ്ണനത്തിൽ ഗഹനമായ സൗന്ദര്യം ഉണ്ടാകാം. പക്ഷെ ഒരു ചെറിയ സസ്യത്തെ വർണ്ണിക്കുന്നതിൽ ഇതു കാണുക വിഷമമാണു്. ഗംഗയേപ്പോലുള്ള ഒരു മഹാനദിയിൽ ഗഹനസൗന്ദര്യം ദൃശ്യമാണു്. പക്ഷെ ഒരു നദിസ്സിൽ ഇതു ദുർല്ലഭമാകുന്നു. ഇങ്ങനെ നോക്കുന്നപക്ഷം പൃഥുലങ്ങളും ഗഹനസുന്ദരങ്ങളുമായ പ്രകൃതിവസ്തുക്കളുടെ ഒരു ദീർഘമായ പട്ടിക തയ്യാറാക്കാൻ കഴിയും. എന്നാൽ ഗഹനവും മൃദുലവുമായ സൗന്ദര്യത്തെ വിവേചനം ചെയ്യുന്നതിനു് ഇപ്പോൾ പ്രസ്താവിച്ച ഉദാഹരണങ്ങൾ പര്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

ഇത്രയും പറഞ്ഞതിൽ നിന്നും ഒരു വസ്തു ഗഹനസുന്ദരമാണെന്നു പറയണമെങ്കിൽ ബൃഹത്പരിമാണത അനുപേക്ഷണീയമായ ഒരു ഗുണമാണെന്നു് നിങ്ങൾ ധരിക്കണമെന്നില്ല. ബാഹ്യാകൃതിയിൽ സ്ഥാനം കുറവാണെങ്കിലും ചില വസ്തുക്കളിലുള്ളതോ അവയിൽ കവി ആരോപിക്കുന്നതോ ആയ ചില ഗുണങ്ങൾ—അഥവാ ധർമ്മങ്ങൾ നിമിത്തം അവ ഏററവും ഗഹനങ്ങളായിത്തീരാം. മഹാകവി ടാഗോറിനെപ്പററി ആശാൻ ഇങ്ങനെ ഗാനം ചെയ്യുന്നു:—

അവ്യയനാമീശന്റെ യാരാമരത്നം
തന്നിൽ
അവ്യാജകുതൂഹലം പാടിസഞ്ചരിക്കുന്ന
ദിവ്യകോകിലമേ! നിൻ പൊൻകണ്ഠ
നാളംതൂകും
ഭവ്യകാകളീപരിപാടികൾ ജയിക്കുന്നു.

ടാഗോറിനെ പ്രത്യക്ഷത്തിൽ കണ്ടാൽ ധവളസ്മശ്രുക്കളുടെ പ്രവാഹം കൊണ്ടും മുഖത്തെ ഗംഭീരതകൊണ്ടും അന്തസ്സാരതയുള്ള ഒരു മഹാനായിരിക്കുമെന്നുള്ളതിൽ കവിഞ്ഞു ഒന്നും സാധാരണ തോന്നാറില്ല. എന്നാൽ അദ്ദേഹത്തിന്റെ അഭൗമവും അപരിഛിന്നവുമായ കവനകലാവൈദഗ്ദ്ധ്യത്തിന്റെ മാറററിഞ്ഞ ആശാൻ അതിനെപ്പററിപ്പരാമർശിക്കുമ്പോൾ ബാഹ്യപ്രകൃതിയിൽ ഒരു സാധാരണ മനുഷ്യനായ ടാഗോർ മഹാകവിയിൽ നാം അന്യാദൃശമായ ഗഹനത ദർശിക്കുന്നു. ഇതുപോലെ തന്നെ 'എന്റെ ഗുരുനാഥൻ' എന്ന വള്ളത്തോളിന്റെ കൃതിയും ഗഹനസുന്ദരമായിട്ടുണ്ടെന്നുള്ളതു് ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരു ഓമന മുഖം— രണ്ടു കൊച്ചു കൈകൾ— രണ്ടു ചെറു കാലുകൾ—കിടക്കുന്നതിനൊരു തൊട്ടിൽ ഇങ്ങനെ ബാഹ്യദർശനത്തിൽ ഏററവുംചെറുതായ ഒരു കുട്ടി കവിയുടെ സങ്കല്പവൈശിഷ്ട്യംകൊണ്ടു് ഗഹനസുന്ദരമായ ഒരു വർണ്ണനാ വിഷയമായിത്തീരാവുന്നതാണു്. ഉള്ളൂരിന്റെ, 'ഓമനേ നീയുറങ്ങു്' എന്ന കൃതിയിൽ തൊട്ടിലിൽ കിടക്കുന്ന കുട്ടിയെ ഉന്നതമായ സങ്കല്പങ്ങൾക്കു ആസ്പദമാക്കിയിരിക്കുന്നു.

വാരാശിമേഖലത്തയ്യലാളാമമ്മ;
നാരായണസ്വാമി യാകുമച്ഛൻ;
ദേവതമാരാകും ചേടിമാർ; ഓമന-
പ്പൂവൻമെയ്ത്താരങ്ങളാം വയസ്യർ
ഈവണ്ണമുള്ളോരാൽ പോഷിതമാകും
നിൻ
കേവലസ്വപ്നസുഷുപ്തി സൗഖ്യം
എൻപാഴുറക്കപ്പാട്ടെന്തിനു ഭഞ്ജിപ്പൂ
നിൻപാട്ടിൽ നീയുറങ്ങെന്റെ തങ്കം!

അച്ഛൻ ശ്രീ നാരായണനാണെന്നും, അമ്മ ഭൂമിദേവിയാണെന്നും മററുമുള്ള സങ്കല്പങ്ങൾ ഈ ചെറു പൈതലിനെ ഗഹനവും സുന്ദരവുമാക്കി. ഭാവനകൾ കൊണ്ടു് മഹാകവി ശിശുവിനെ ഒരു ദിവ്യമായ അന്തരീക്ഷത്താൽ സമാവരണം ചെയ്തു. ഇതിന്റെ ഫലമായി ആ ശിശുവിനു് അപ്രമേയതയും ഗഹനതയും സിദ്ധിച്ചു. ഒരു സാധാരണ ശിശുവിന്റെ നിലയിൽ നിന്നും കവിയുടെ ഭാവനാവിലാസം അതിനെ ഗഹനസുന്ദരവും ദിവ്യമോഹനവുമായ അവസ്ഥാന്തരത്തിലേക്കു നയിച്ചു.

ഗഹനസുന്ദരങ്ങളായ കവിതകൾക്കു അനുരൂപമായ ചില വർണ്ണ്യവിഷയങ്ങളെപ്പററി ഞാൻ ഇതിനുമുൻപു പ്രസ്താപിച്ചു. എന്നാൽ ഈ വക വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടു മാത്രം കവിതയിൽ ഗഹനസൗന്ദര്യം ഉണ്ടായിരിക്കും എന്നു സിദ്ധാന്തിച്ചുകൂടാ. വിഷയങ്ങൾ ബൃഹത്പരിമാണങ്ങളും സുന്ദരങ്ങളും ആയിരുന്നിട്ടും അവയെക്കുറിച്ചുള്ള കവിതകൾ ഗഹനസുന്ദരങ്ങളാകാത്തതിനു് കാരണം കവിയുടെ അപ്രഗത്ഭതയോ വർണ്ണ്യവിഷയത്തെ സമീപിക്കുന്ന മനോഭാവത്തിന്റെ വ്യത്യാസമോ ആയിരിക്കും. സമുദ്രം, പർവ്വതം തുടങ്ങി ഗംഭീരങ്ങളായ പല പ്രകൃതിവസ്തുക്കളേയും

നിർബന്ധിത വർണ്ണ്യ വിഷയങ്ങളായിട്ടുള്ള മഹാകാവ്യങ്ങളിൽ ഗഹനസൗന്ദര്യം വളരെ വിരളമായിട്ടു മാത്രമേ കാണുന്നുള്ളു. മാഘത്തിൽ രൈവതകപർവ്വതത്തെക്കുറിച്ചുള്ള വർണ്ണനം പരിശോധിക്കുക. ബ്രഹ്മാവ്, ശിവൻ, കൃഷ്ണൻ എന്നീ ദേവന്മാരോട് സമമാണ് ഈ പർവ്വതമെന്ന് ശബ്ദങ്ങളെക്കൊണ്ട് ചെപ്പടിവിദ്യ കാണിച്ചു സമർത്ഥിക്കുക മുതലായ രീതിയാണ് അതിൽ സ്വീകരിച്ചിരിക്കുന്നതു്. വസ്തുസ്ഥിതമായ സൗന്ദര്യത്തെ ആസ്വദിച്ചു ചിത്രീകരിക്കാതെ ശബ്ദഘോഷത്തിലും അലങ്കാരധോരണിയിലും അവർ ഭ്രമിച്ചുപോയി. പൂർവ്വകവിപ്രഹതമായ പന്ഥാവിൽക്കൂടി പിൻഗാമികൾ സഞ്ചരിച്ചതിന്റെ ഫലമായിരിക്കാം ഇതു്.

കുമാരസംഭവാരംഭത്തിൽ കാളിദാസൻ ഹിമവാനെ വർണ്ണിക്കുന്ന പ്രഥമ ശ്ളോകം വർണ്ണ്യവസ്തുവിന്റെ ഗഹനതയെ പ്രതിഫലിപ്പിക്കുവാൻ സമർത്ഥമാണെന്നു കാണാം.

"അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമനഗാധിരാജഃ
പൂർവാപരൗതോയനിധീ വഗാഹ്യ
സ്ഥിതഃപൃഥിവ്യാഇവ മാനദണ്ഡഃ

ഉഭയാന്തങ്ങളും രണ്ടു സമുദ്രങ്ങളിലേക്ക് നീട്ടിയിട്ടും കൊണ്ട് ഭൂമിയുടെ മാനദണ്ഡമെന്നവണ്ണം ഹിമവാൻ കിടക്കുന്ന കാഴ്ചയിൽ ഗഹനമായ സൗന്ദര്യമുണ്ട്. എന്നാൽ ഹിമവാനേ വർണ്ണിക്കുന്ന ബാക്കിയുള്ള ശ്ളോകങ്ങളിൽ ഈ വൈശിഷ്ട്യം കാണുന്നില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ മേഘസന്ദേശത്തിൽ മേഘാശ്ളിഷ്ടമായ ആമ്രകൂടപർവതത്തെ വർണ്ണിച്ചിരിക്കുന്ന ശ്ളോകത്തിന്റെ സ്വഭാവം നോക്കുക.

ഛന്നോപാന്തഃപരിണ ഫലദ്യോതിഭിഃ
കാനനാമ്രൈ
സ്ത്വയ്യാരൂഢേ ശിഖരമചലഃസ്നിഗ്ധ
വേണീസവർണ്ണേ
നൂനം യാസ്യത്യമരമിഥുന പ്രേക്ഷണീ
യാമവസ്ഥാം
മദ്ധ്യേ ശ്യാമഃസ്തന ഇവ ഭുവഃശേഷ വി
സ്താര പാണ്ഡുഃ

ശൃംഗാരരസാവിഷ്ടമായ കവിഹൃദയത്തിൽ മേഘത്തിന്റേയോ ശൈലത്തിന്റേയോ രണ്ടിന്റേയും സമ്മിളിതാവസ്ഥയുടേയോ ഗഹനത പ്രതിഫലിക്കണമെന്നില്ല. നേരേമറിച്ച് ഈ അവസ്ഥയിൽ ശൈലോപരിഷ്ഠമായ , മേഘത്തെ ഭാവനം ചെയ്യപ്പോൾ സ്തനത്തെപ്പററിയുള്ള സ്മരണയുണ്ടായതു് സ്വാഭാവികവും പ്രകൃതത്തിനു് കൂട്ടൽ ശോഭാദായകവുമാണെന്ന് സമ്മതിച്ചേതീരു. ഇതു കവിയുടെ മനോഭാവത്തിന്റെ വ്യത്യാസം കൊണ്ടു ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഭവഭൂതി ഉത്തരരാമചരിതത്തിൽ മാല്യവാൻ പർവതത്തെ വർണ്ണിക്കുമ്പോൾ ഗഹന സൗന്ദര്യം കളിയാടുന്നതായിക്കാണാം.

"സോയം ശൈലഃകകുഭസുരഭിർമാല്യ
വാൻ നാമയസ്മിൻ
നീലസ്നിഗ്ധഃശ്രയതി ശിഖരം നൂതന
സ്തോയപാശഃ"

അലങ്കാര പ്രയോഗിമില്ല. അതിശയോക്തി വിലാസമില്ല. പർവത സങ്കല്പത്തിനു കഴിവുള്ള ഹൃദയത്തിൽ ഗനഹ

# അഭിനവ ബാലരാമായണം

(ഗ്രന്ഥകർത്താ, പാട്ടത്തിൽ കെ. നാരായണൻ വൈദ്യൻ).

സഹൃദയശ്ലാഘ്യങ്ങളായ പല ലഘുകാവ്യങ്ങളുടെ നിർമ്മാതാവെന്ന നിലയിൽ കേരളീയർക്കു സുപരിചിതനായ പാട്ടത്തിൽ നാരായണൻ വൈദ്യൻ അവർകളുടെ "അഭിനവബാലരാമായണം" എന്ന നൂതനഖണ്ഡകാവ്യമാണു് ഇവിടെ ചർച്ചാവിഷയം.

അതിപുരാതനവും മഹനീയവുമായ വംശപാരമ്പര്യമഹിമകൊണ്ടും, അവതാരപുരുഷന്മാർക്കു മാത്രം സാദ്ധ്യപ്രായമായ നൂതനപരിഷ്കാരപരിപാടികളുടെ വൈഭവംകൊണ്ടും സർവ്വാതിശായിയായ ഗുണപ്രഭാവംകൊണ്ടും അഭിനവഭാരതീയനൃപേന്ദ്രന്മാരിൽ അദ്വിതീയനായ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ മഹാപദാനങ്ങളെ ഉപശ്ലോകനം ചെയ്യുന്ന ഈ കൃതിയുടെ വസ്തുമഹിമ നിസ്തുലമാണെന്നതു് അനുക്തസിദ്ധമാണ്. ഇന്നു നാടു വാഴുന്ന ഏതെങ്കിലും ഒരു നരേന്ദ്രനെ ഒരു അവതാരമായി സങ്കല്പിക്കാമെങ്കിൽ അതു സ്വപ്രജാസഞ്ചയത്തിന്റെ പ്രത്യക്ഷദൈവതമായ സാക്ഷാൽ ശ്രീ പത്മനാഭദാസനെ-ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാനെത്തന്നെയാണെന്നു സർവ്വസമ്മതമാണല്ലോ.

പ്രജാവത്സലനായ ആ തിരുമനസ്സിനെ അഭിനവരാമാവതാരമായും, ആരുടെ പാവനസ്തന്യത്തിന്റെ പ്രഭാവവിശേഷത്തിൽ നിന്നും ഉൽഗളിതമാണോ തിരുമനസ്സിലെ മഹിമാതിശയം, പ്രതിഭാമഹിതയും സംസ്കാരഭാസുരയും വിശാലാദർശവിശ്രുതയുമായ ആ മഹാമനസ്വിനിയെ-അമ്മമഹാറാണി തിരുമനസ്സിനെ, കൌസല്യാദേവിയായും, ഗുണസുരഭിയും ജ്യേഷ്ഠഭക്തനുമായ മാർത്താണ്ഡവർമ്മ ഇളയരാജാവു തിരുമനസ്സിനെ ലക്ഷ്മണനായും, രാജ്യതന്ത്രവിശാരദനും മഹാമതിമാനുമായ സചിവോത്തമൻ സർ സീ. പി. രാമസ്വാമി അയ്യരെ

---

സൗന്ദര്യത്തെക്കുറിച്ചുള്ള അവബോധം ഉളവാകുന്നു. വർണ്ണ്യവിഷയങ്ങളുടെ ബൃഹത്വമോ ഔന്നത്യമോ വിശാലതയോ കൊണ്ടു മാത്രം കവിതയിൽ ഗഹനസൗന്ദര്യമുണ്ടാകയില്ല എന്നുള്ളതു് ഇത്രയും കൊണ്ടു് സ്പഷ്ടമായല്ലോ. വസ്തുക്കളിലുള്ള ഗഹനമായ സൗന്ദര്യത്തെ ആസ്വദിക്കുവാൻ പര്യാപ്തമായ ഹൃദയഗഹനതയും, ആ സൗന്ദര്യത്തെക്കുറിച്ചുള്ള ബോധം വായനക്കാരിലും സംക്രമിപ്പിക്കത്തക്കവണ്ണം കാവ്യരചന ചെയ്യുവാനുള്ള വാസനയും പാടവവും കവിയ്ക്കും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാകുന്നു.

വിശ്വാമിത്രനായും കല്പിച്ചിരിക്കുന്നതു സമഞ്ജസമായിട്ടുണ്ട്.

അയത്നലളിതമായ ഭാഷയുടെ മധുരിമയും, രുചിരതരങ്ങളായ കല്പനകളുടെ സൌന്ദര്യവും നിറഞ്ഞ പദ്യകുസുമങ്ങൾ കൊണ്ട് ആമൂലാഗ്രം സുരഭിലമാണ് ഈ കാവ്യലതിക. കാളിദാസകവിതയുടെ സൌരഭപ്രസരത്തെ അനുസ്മരിപ്പിക്കുന്ന ഭാഗങ്ങൾ ഈ കവിതയിൽ അവിരളമാണെന്നു പറഞ്ഞാൽ അതിൽ അതിശോക്തിയില്ല.

"പെടയോടൊത്തു പാടുന്ന
പച്ചക്കിളികൾ മാർഗ്ഗമായ്
മരിചത്തിൻെറ മാഹാത്മ്യം-
കേൾക്കാമിങ്ങു മനോഹരം." എന്നും
"ഉഷസ്സുമന്തിയും ദിവ്യ-
സുഷമാമഹിമാവിനാൽ
കേടററകനകച്ചാർത്തി-
ക്കേരളത്തിനണയ്പ്പതെ;
ഉദയാർക്കൻതുഷാരത്തു-
വെള്ളിക്കസവുപുള്ളികൾ
എന്നുമിബ്ഭൂമിതൻ ശഷ്പ-
പ്പുതപ്പിൽ തുന്നിടുന്നഹോ.
കുയിൽ കാകളിതൂകുന്നു.
കിളി കൊഞ്ചുന്നു ഭംഗിയിൽ
അളിമൂളുന്നു വൈഭാത-
വെളിപാടിങ്ങു മോഹനം"

എന്നു തുടൎന്നു പോകുന്ന വൎണ്ണനകളുടെ ലളിതമനോഹരമായ രീതി ഏതൊരു സഹൃദയനെ ആനന്ദപുളകിതനാക്കുകയില്ല?

"അമ്മതൻ സുകൃതാഭോഗ,
മമ്മാവൻെറ മനോരഥം
നാട്ടുകാരുടെ ഭാഗ്യം സ-
മ്മൂൎത്ത മാഗർഭമായിതെ.
വഞ്ചിഭൂലക്ഷ്മി സന്തോഷ-
തരളാന്തരയായ്പരം
ഭാവിഭാഗ്യപ്രസൂനത്തിൻ
പരിപാടി പുകഴ്ത്തിനാൾ." എന്നു

തുടങ്ങുന്ന തിരുവവതാരവൎണ്ണനയിലും

"ജനങ്ങളുടെ ഭവ്യാശാ-
ലതയും വഞ്ചിഭാഗ്യവും,
തടവേലാതെയൊന്നിച്ചു
വളൎന്നിബ്ബാലഭൂപനും." എന്നു

തുടങ്ങുന്ന കൌമാരവൎണ്ണനയിലും

"അവതാരപ്രഭാവത്തെ
പ്രകാശിപ്പിക്കു മംഗവും
അംഗത്തിനൊത്ത മതിയും,
വിലസീനൃപവീരനിൽ.", എന്നു

തുടങ്ങുന്ന യൌവ്വനാരംഭവൎണ്ണനയിലും-

മഹിളാമകുടീരത്നം
മാതൃസഞ്ചയമാതൃക
അമ്മയാം റാണിയും പൂൎണ്ണ-
മനുപൂണ്ടാൾ കൃതാൎത്ഥത."

എന്നിത്യാദിയായ ഭരണാരംഭവൎണ്ണനയിലും തുള്ളിത്തുളുമ്പുന്ന നിരൎഗ്ഗളരാജഭക്തി, സാംസ്കാരസമ്പന്നനായ ഒരു വഞ്ചിരാജ്യപ്രജയിലേ സന്ദൃശ്യമാകയുള്ളൂ. ഈ ലഘുകാവ്യത്തിലെ ലളിതകോമളപദ്യങ്ങളുടെ മധുരധ്വനി വഞ്ചിഭൂനഭസ്സിൽ മാറെറാലിക്കൊള്ളുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

N. G. P.

N. B. മേലാൽ അഭിപ്രായത്തിന്നു പുസ്തകം അയക്കുന്നവർ രണ്ടു കാപ്പിവീതമയയ്ക്കണമെന്നപേക്ഷ.